പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## മുപ്പത്തിനാലാമത് റിപ്പോർട്ട്

(2015 ജൂൺ 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2014-2016)

## മുപ്പത്തിനാലാമത് റിപ്പോർട്ട്

(2015 ജൂൺ 8-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04 മുതൽ 2006-07 വരെയുള്ള
വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള
കോഴിക്കോട് ജില്ലയിലെ നഗരസഭകളുമായി
ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ
സംബന്ധിച്ച്]

623/2015.

# ഉള്ളടക്കം

*പേജ്*


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 41 |
| അനുബന്ധം II : സർക്കാർ മറുപടി | .. | 54 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2014-2016)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ.

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അച്ചുതൻ

,, എം. ചന്ദ്രൻ

,, കെ. കെ. ജയചന്ദ്രൻ

,, മുല്ലക്കര രത്നാകരൻ

,, എൻ. ഷംസുദ്ദീൻ

,, കെ. ശിവദാസൻ നായർ

,, പി. ശ്രീരാമകൃഷ്ണൻ

,, ജി. സുധാകരൻ

,, എം. എ. വാഹീദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2014-16) മുപ്പത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04 മുതൽ 2006-07 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള കോഴിക്കോട് ജില്ലയിലെ നഗരസഭകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2015 ജൂൺ മാസം 3-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായസഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ജൂൺ 8.

# റിപ്പോർട്ട്

## കോഴിക്കോട് ജില്ലയിലെ നഗരസഭകളെ സംബന്ധിച്ചത്

## കൊയിലാണ്ടി നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**ഷ്രിങ്കേജ് കുറച്ചില്ല. 1.3 ലക്ഷം നഷ്ടം (2000-01 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 15)**

**മണ്ണ് നിറയ്ക്കൽ വേലയ്ക്ക് കേരള സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഷ്രിങ്കേജ് കുറച്ചില്ല**

ബസ് സ്റ്റാന്റ് പണിയുന്നതിനുള്ള സ്ഥലം മണ്ണിട്ട് ഉയർത്തിയ 1999-2000-ലെ തുടർ പദ്ധതിയിലാണ് കേരള സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പാര 4.5 (ബി)(വി)(3) പ്രകാരം 10 ശതമാനം ഷ്രിങ്കേജ് കുറയ്ക്കാതെ നഗരസഭ ബിൽ തീർപ്പാക്കിയത്. ഇതിനാൽ 1,36,667 രൂപയുടെ നഷ്ടമുണ്ടായി. ഉത്തരവാദികളിൽ നിന്ന് ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05 ഓഡിറ്റ് ഖണ്ഡിക നമ്പർ 4.11.10(1).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ആർ.ആർ. നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, ജില്ലാ കളക്ടറുടെ ഓഫീസിൽ നിന്നും ആർ.ആർ. നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എന്നാൽ ആയതിനെതിരെ ലിമിറ്റേഷൻ പിരീഡ് കഴിഞ്ഞു എന്ന എതിർന്യായത്തോടെ കരാറുകാരൻ അപ്പീൽ നൽകിയിരിക്കുകയാണെന്നും കൊയിലാണ്ടി മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. സർക്കാർ മറുപടിയിൽ, ഈടാക്കാനുള്ള തുക 68,334 രൂപയിൽ കാണിച്ചിരിക്കുന്നത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് റോഡ് റോളർ ഉപയോഗിച്ച് മണ്ണ് ഉറപ്പിച്ച പ്രവൃത്തികൾക്ക് 5% ഷ്രിങ്കേജ് കുറച്ചാൽ മതിയെന്നാണ് കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ വ്യവസ്ഥ ചെയ്യുന്നതെന്ന് സെക്രട്ടറി മറുപടി നൽകി. ആർ.ആർ. നടപടിക്ക് ലിമിറ്റേഷൻ ഇല്ലെന്നും ആയത് അദ്ദേഹത്തെ അറിയിച്ചതിനുശേഷം ആർ.ആർ. നടപടി ത്വരിതപ്പെടുത്തി തുക കരാറുകാരനിൽ നിന്നും (68,334 രൂപ) ഈടാക്കാനും മുനിസിപ്പൽ സെക്രട്ടറിയെ സമിതി ചുമതലപ്പെടുത്തി.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 20-2-2012 തീയതി ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

2. "കോഴിക്കോട് ജില്ലാ കളക്ടറുടെ $DR_4$/10-11 misc-$F_2$ നമ്പർ നോട്ടീസ് പ്രകാരം കോൺട്രാക്ടർ ശ്രീ. എം. ഗിരീഷ് എന്നയാളുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്."

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

3. 24-7-2009 തീയതിയിൽ ജി3-8253/03 നമ്പർ റിക്വിസിഷൻ പ്രകാരം കൊയിലാണ്ടി നഗരസഭാ സെക്രട്ടറി, ഖണ്ഡികയിൽ പരാമർശിച്ച നഷ്ടം ആർ.ആർ. നടപടിയിലൂടെ ഈടാക്കാൻ ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട 26-11-2010-ലെ എൻഡോഴ്സ്മെന്റ് നമ്പർ സി4-11639/08 പ്രകാരം ജില്ലാ കളക്ടർ, നഗരസഭാ സെക്രട്ടറിക്ക് അയച്ചുകൊടുത്ത പെറ്റീഷന്മേലുള്ള റിപ്പോർട്ട് 22-1-2011-ലെ ജി3-8253/03 നമ്പർ പ്രകാരം അയച്ചുകൊടുത്തു കാണുന്നു. മേൽ റിപ്പോർട്ടിൽ 11-1-2011-ൽ ചേർന്ന നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റി റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തുവാൻ നിർദ്ദേശിച്ച കാര്യം പരാമർശിച്ചിട്ടുണ്ട്.

**നിഗമനങ്ങൾ/ശിപാർശകൾ**

**4. സ്ഥലം മണ്ണിട്ടു നികത്തുന്ന പ്രവൃത്തിക്ക് കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ 4.5 (ബി)(വി)3 പ്രകാരം 10% ഷ്രിങ്കേജ് കുറയ്ക്കാൻ വ്യവസ്ഥ ചെയ്യുന്നുവെന്നും അപ്രകാരം ഷ്രിങ്കേജ് കുറയ്ക്കാത്തതിന്റെ ഫലമായി 1,36,667 രൂപ നഷ്ടമുണ്ടായി എന്നുമുള്ള ഓഡിറ്റ് പരാമർശം പരിഗണിച്ച സമിതി റോഡ് റോളർ ഉപയോഗിച്ച് മണ്ണ് ഉറപ്പിയ്ക്കുന്ന പ്രവൃത്തിക്ക് 5% ഷ്രിങ്കേജ് കുറയ്ക്കാനാണ് വ്യവസ്ഥയെന്നും അതിൻ പ്രകാരം 68,334 രൂപയുടെ നഷ്ടമാണ് ഇക്കാര്യത്തിലുണ്ടായിട്ടുള്ളതെന്നും തെളിവെടുപ്പ് വേളയിലെ വിശദീകരണത്തിൽ നിന്ന് മനസ്സിലാക്കുന്നു.**

**5. പ്രസ്തുത 68,334 രൂപ കരാറുകാരനിൽ നിന്നും റവന്യൂ റിക്കവറി മുഖേന ഈടാക്കണമെന്ന സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പേരിൽ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പും റിപ്പോർട്ട് ചെയ്യുന്നു. ആയതിനാൽ, റവന്യൂ റിക്കവറി ത്വരിതപ്പെടുത്തുവാനും നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ചേരി പരിഷ്കരണ പദ്ധതിയിൽ കരാർപണി**

**[1997-98-2001-2002 കുടുംബശ്രീ-ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 11 (1), 11 (2)]**

**മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ദേശീയ ചേരി പരിഷ്കരണപരിപാടി നിർവ്വഹണം കരാറുകാരനെ ഏൽപ്പിച്ചു.**

നഗരസഭാ സി.ഡി.എസ്സി.-ന്റെ 2001-2002-ലെ 'മണ്ണിര കമ്പോസ്റ്റ് നിർമ്മാണം—അടിസ്ഥാന സൗകര്യം ഒരുക്കൽ' പദ്ധതിയാണ് 10 ശതമാനം ലാഭം നൽകി കരാറുകാരനെ ഏൽപ്പിച്ചത്. 7 ലക്ഷം അടങ്കലുള്ള പദ്ധതിക്ക് 5 ലക്ഷം രൂപ ദേശീയ ചേരി പരിഷ്കരണപരിപാടി ഫണ്ടാണ്.

29-5-1998-ലെ എംഎസ്.111/98/ത.സ്വ.ഭ.വ. ഉത്തരവിലെ ദേശീയ ചേരി പരിഷ്കരണ പരിപാടി മാർഗ്ഗനിർദ്ദേശങ്ങൾ കരാറുകാർ മുഖേനയുള്ള പദ്ധതി നിർവ്വഹണം പാടില്ല. ഇത്തരം പദ്ധതികൾ കൺവീനർ, സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവ മുഖേനയാണ് നടപ്പാക്കേണ്ടത് അതിനാൽ നഗരസഭ കരാറുകാരനെ പദ്ധതി നിർവ്വഹണം ഏൽപ്പിച്ചത് ചട്ടവിരുദ്ധമാണ്. മാത്രമല്ല കരാറുകാരന് ലാഭമായി നൽകിയ 78,148 രൂപ നിയമ വിരുദ്ധമായതിനാൽ അംഗീകരിക്കുന്നില്ല.

പദ്ധതിയിൽ മണ്ണ് കിളച്ചുമാറ്റി 5 കി.മീ. ലോറി കടത്ത് കൂലി നൽകി നിക്ഷേപിക്കുന്നതിന് പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ ഡി 6-6113/84(ഇ) 30-6-1985-ലെ സർക്കുലറിന് വിരുദ്ധമായി ഒരു ലീഡും ഒരു ലിഫ്റ്റും (2.1 സ്ത്രീ കൂലി) അധികം നൽകിയതായി കാണുന്നു. ഈ ഇനത്തിൽ 23,232 രൂപ കരാറുകാരന് അധികം നൽകി. പൊതുമരാമത്ത് നിർദ്ദേശത്തിന് വിരുദ്ധമായി അധികം നൽകിയ തുക ഉത്തരവാദികളായ എം.എൽ.ടി.സി. അംഗങ്ങളിൽ നിന്ന് ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-2006 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.20.1.]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

6. മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ദേശീയ ചേരി പരിഷ്കരണ പരിപാടി നിർവ്വഹണം കരാറുകാരനെ ഏൽപ്പിച്ചത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് എൻ.എസ്.ഡി.പി. ഗൈഡ്ലൈൻ പ്രകാരം കുടുംബശ്രീ, അയൽക്കൂട്ടം, സർക്കാർ അംഗീകൃത ഏജൻസി മുഖേന മാത്രമേ പണി നടത്തുവാൻ പാടുള്ളൂ എന്നാണ് നിബന്ധനയെന്നും, ഇത്തരം ഏജൻസികളും ഗുണഭോക്താക്കളും പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകാതിരുന്നതിനാൽ സി.ഡി.എസ്.-ന്റെ തീരുമാനമനുസരിച്ചാണ് സാങ്കേതിക പരിജ്ഞാനമുള്ള കരാറുകാരൻ ചെയ്യേണ്ട ടി പ്രവൃത്തി, കരാറുകാരനെ ഏൽപ്പിച്ചതെന്നും കൊയിലാണ്ടി മുനിസിപ്പൽ സെക്രട്ടറി സമിതിയിൽ അറിയിച്ചു. മാത്രമല്ല പ്രവൃത്തിക്ക് ഡി.പി.സി.യുടെ അനുമതിയുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്രവൃത്തിയിൽ പ്രശ്നങ്ങളൊന്നും ചൂണ്ടിക്കാണിച്ചിട്ടില്ലാത്തതിനാൽ ടി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**7. ദേശീയ ചേരി പരിഷ്കരണ പദ്ധതിയുടെ ഗൈഡ്ലൈൻ പ്രകാരം കുടുംബശ്രീ, സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവ മുഖേനയാണ് പ്രവൃത്തി നടത്തുവാൻ നിബന്ധനയുള്ളതെങ്കിലും അത്തരത്തിലുള്ള ഏജൻസികൾ പ്രവൃത്തി ഏറ്റെടുക്കുവാൻ മുന്നോട്ട് വരാത്തതിനാലും സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള പ്രവൃത്തിയായതിനാലുമാണ് പരാമർശവിധേയമായ പദ്ധതി കരാറുകാരനെ ഏല്പിച്ചതെന്ന സർക്കാർ വിശദീകരണം യുക്തിസഹമാണെന്നും പരിഗണിക്കപ്പെടേണ്ടതാണെന്നും സമിതി കരുതുന്നു. പ്രവൃത്തിക്ക് ഡി.പി.സി.യുടെ അനുമതി ലഭിച്ചതിനാലും പ്രവൃത്തി സംബന്ധിച്ച് മറ്റ് പരാതികളൊന്നും ഉന്നയിക്കപ്പെട്ടിട്ടില്ലാത്തതിനാലും ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ചേരി പരിഷ്കരണ ഫണ്ട്; വായ്പാ-ഗ്രാന്റ് അനുപാതം ലംഘിച്ചു**

**(1997-98—2001-2002 കുടുംബശ്രീ-ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 12)**

വായ്പാ-ഗ്രാന്റ് അനുപാതം ലംഘിച്ച് ദേശീയ ചേരി പരിഷ്കരണ പദ്ധതി ഫണ്ട് നഗരസഭ ധനസഹായമായി നൽകി.

70:30 ആണ് വായ്പാ-ഗ്രാന്റ് അനുപാതം. അനുപാതം അംഗീകരിച്ച് കുടുംബശ്രീ മിഷനുമായി നഗരസഭ കരാർ ചമച്ചിട്ടുമുണ്ട്. വായ്പയ്ക്ക് 13% പലിശയും പുറമെ തിരിച്ചടവിലെ വീഴ്ചയ്ക്ക് 2.75 ശതമാനം പിഴപ്പലിശയും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കരാറും പദ്ധതി നിർദ്ദേശങ്ങളും ലംഘിച്ച് 1997-98 മുതൽ 2002-03 വരെ ലഭിച്ച 86,57,190 രൂപയും നഗരസഭ സി.ഡി.എസ്. ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി. നിയമപ്രകാരം ഇതിൽ 70 ശതമാനം 60.6 ലക്ഷം രൂപ വായ്പയാണ് ഇത്രയും തുക ഗുണഭോക്താക്കൾക്ക് വായ്പയായി നൽകി തിരിച്ച് ഈടാക്കേണ്ടതാണ്. വായ്പാ ഗഡുക്കളും പലിശയും തിരിച്ചടയ്ക്കാൻ നോട്ടീസ് ലഭിച്ചിട്ടും നഗരസഭയോ സി.ഡി.എസ്സോ തിരിച്ചടച്ചിട്ടില്ല. വായ്പ കൂടി ഗ്രാന്റാക്കി മാറ്റണമെന്ന് നഗരസഭ സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് വായ്പ ധനസഹായമായി നൽകിയത് നഗരസഭയ്ക്ക് വൻസാമ്പത്തിക ബാദ്ധ്യതവരുത്തും. സർക്കാർ ശ്രദ്ധ ക്ഷണിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.20.2.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

8. ചേരി പരിഷ്കരണവുമായി ബന്ധപ്പെട്ട് 1997-98 മുതൽ 2002-03 വരെയുള്ള കാലഘട്ടത്തിൽ 70% ലോണും 30% ഗ്രാന്റും എന്ന വ്യവസ്ഥയിൽ സംസ്ഥാന ഗവൺമെന്റിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭ്യമായ 86,57,190 രൂപ ടി വ്യവസ്ഥയിൽ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുകയാണുണ്ടായതെന്നും എന്നാൽ വീട് അറ്റകുറ്റപ്പണി, കക്കൂസ് നിർമ്മാണം തുടങ്ങിയവയ്ക്കായി നഗരസഭ നൽകിയ ചെറിയ തുകകൾക്ക് ഗുണഭോക്താക്കളുമായി മേൽ സൂചിപ്പിച്ചിരിക്കുന്ന വ്യവസ്ഥയിൽ കരാർ വച്ചിട്ടില്ലായിരുന്നുവെന്നും കൊയിലാണ്ടി നഗരസഭാ സെക്രട്ടറി

സമിതിയിൽ വിശദീകരിച്ചു. ആയതിനാൽ ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിരിക്കുന്നത് പോലെ വായ്പ നൽകിയ തുക ദരിദ്രരായ ജനങ്ങളിൽ നിന്നും തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചാൽ ആയത് വീണ്ടും ജനങ്ങളെ ബുദ്ധിമുട്ടിലേക്ക് വലിച്ചിഴക്കും എന്ന സാഹചര്യം കണക്കിലെടുത്ത് അവർക്കെതിരെ ആർ.ആർ. നടപടിയെടുക്കുന്നത് കൗൺസിൽ തടഞ്ഞിട്ടുണ്ടെന്നും മാത്രമല്ല ടി തുക ഗ്രാന്റായി മാറ്റുവാൻ റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് കുടുംബശ്രീയിൽ നിന്ന് ഉത്തരവ് വന്നിട്ടുണ്ടെന്നും സെക്രട്ടറി സമിതിയിൽ അറിയിച്ചു.

9. ഗുണഭോക്താക്കളിൽ നിന്ന് തുക തിരിച്ചീടാക്കാതെ തനത് ഫണ്ടിൽ നിന്ന് ടി തുക തിരിച്ചടക്കാൻ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് അപ്രകാരം ചെയ്തിട്ടില്ലെന്നും, ഇത് ഒഴിവാക്കിത്തരണമെന്ന് ഗവൺമെന്റിലേക്ക് അപേക്ഷ നൽകാനാണ് കൗൺസിലിൽ തീരുമാനമെടുത്തതെന്നും ആയതിൻ പ്രകാരം എൽ.എസ്.ജി.ഡി. സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും സെക്രട്ടറി സമിതിയിൽ അറിയിച്ചു.

10. ചേരി പരിഷ്കരണത്തിന്റെ ഭാഗമായി ഗുണഭോക്താക്കൾക്ക് നൽകിയ തുക അവരിൽ നിന്നും ഈടാക്കേണ്ടതില്ല എന്ന് മുനിസിപ്പൽ കൗൺസിൽ തീരുമാനിച്ച താണെങ്കിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാമെന്നും എന്നാൽ ഇതിന്റെ ഉത്തരവാദിത്വം മുനിസിപ്പാലിറ്റി ഏറ്റെടുത്തിട്ടുണ്ട് എന്ന് പറഞ്ഞുകൊണ്ടുള്ള റെസലൂഷന്റെ പകർപ്പ് സമിതിക്ക് സമർപ്പിക്കണമെന്നും സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു. ആയത് സമർപ്പിക്കുന്നതിന് വിധേയമായി പരാമർശം ഒഴിവാക്കാമെന്ന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ മറുപടി ചുവടെ ചേർക്കുന്നു:

11. "ചേരി പരിഷ്കരണത്തിന്റെ ഭാഗമായി ഗുണഭോക്താക്കൾക്ക് നൽകിയ തുക അവരിൽ നിന്ന് ഈടാക്കേണ്ട എന്ന് മുനിസിപ്പൽ കൗൺസിൽ തീരുമാനമെടുത്തിട്ടില്ല. മേൽ തുക മുഴുവനായും ഗ്രാന്റായി അനുവദിക്കാൻ സർക്കാരിലേക്ക് അപേക്ഷിക്കുവാനാണ് കൗൺസിൽ തീരുമാനിച്ചത്."

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

'നഗരസഭാ കൗൺസിലിന്റെ 29-5-2008-ലെ 5-ാം നമ്പർ തീരുമാനപ്രകാരം എൻ.എസ്.ഡി.പി. പദ്ധതി പ്രകാരം ധനസഹായം ലഭിച്ച ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കാൻ പറ്റാത്ത സാഹചര്യത്തിലും ഇവർക്കെതിരെ തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചാൽ ആയത് ഇവരെ വീണ്ടും ഭവനരഹിതരാക്കുമെന്നുള്ള അവസ്ഥയിലും, നഗരസഭാ ലോൺ വിഹിതം സ്വന്തം നിലയിൽ അടവാക്കുന്നത് തുടർന്നുള്ള വികസന പ്രവർത്തനങ്ങളെ ബാധിക്കുമെന്നതിനാലും ലോൺ വിഹിതം കൂടി ഗ്രാന്റായി അനുവദിക്കാൻ സർക്കാരിനോട് അപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തീരുമാനത്തിന്റെ പകർപ്പ് 22-1-2011-ലെ ജി3-12962/08 നമ്പർ കത്ത് പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറിക്ക് [എൽ.എസ്.ജി.ഡി.(AB) വകുപ്പ്] അയച്ചുകൊടുത്തു.'

**നിഗമനങ്ങൾ/ശിപാർശകൾ**

12. **ദേശീയ ചേരി പരിഷ്കരണ പദ്ധതി പ്രകാരം അനുവദിക്കുന്ന തുകയുടെ വായ്പ-ഗ്രാന്റ് അനുപാതം 70:30 ആണെന്നും അപ്രകാരം ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന വായ്പതുകയ്ക്ക് 13% പലിശയും തിരിച്ചടവിലെ വീഴ്ചയ്ക്ക് 2.75% പിഴപ്പലിശയും അടയ്ക്കേണ്ടതായിരുന്നു. എന്നാൽ പദ്ധതി പ്രകാരം വിതരണം ചെയ്ത തുകയിലെ വായ്പതുകയായ 60.6 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് തിരിച്ചടയ്ക്കാൻ കഴിയാത്തതിനാൽ അവരുടെ ദാരിദ്ര്യാവസ്ഥ പരിഗണിച്ച് മുഴുവൻ തുകയും ഗ്രാന്റായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നഗരസഭാ കൗൺസിൽ സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. നഗരസഭാകൗൺസിലിന്റെ അഭ്യർത്ഥനയിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, നഗരസഭാ കൗൺസിലിന്റെ അപേക്ഷയിന്മേൽ സർക്കാർ അടിയന്തരമായി തീരുമാനമെടുത്ത് ആയത് സംബന്ധിച്ച റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**എൻ.എസ്.ഡി.പി. ഭവന വായ്പ; 5.8 ലക്ഷം കുടിശ്ശിക**
**(1997-1998—2001-2002 കുടുംബശ്രീ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 20)**

<u>**എൻ.എസ്.ഡി.പി. ഭവനനിർമ്മാണ പദ്ധതി ഗുണഭോക്താക്കൾ വായ്പ തിരിച്ചടയ്ക്കുന്നില്ല.**</u>

1998-99, 1999-2000 വർഷങ്ങളിലെ 149 പദ്ധതി ഗുണഭോക്താക്കളാണ് വായ്പ തിരിച്ചടയ്ക്കാനുള്ളത്. ഇവരുടെ കുടിശ്ശിക 5,78,080 രൂപ വരും.

പദ്ധതി ഗുണഭോക്താക്കൾക്ക് നഗരസഭ എൻ.എസ്.ഡി.പി. സബ്സിഡി, പദ്ധതി വിഹിതത്തിൽ നിന്നുള്ള ധനസഹായം എന്നിവയ്ക്ക് പുറമെ കേരള നഗരവികസന ധനകാര്യ കോർപ്പറേഷനിൽ നിന്നും 24 ലക്ഷം രൂപ വായ്പ എടുത്ത് പുനർവായ്പ നൽകിയിരുന്നു. ഈ വായ്പയാണ് കുടിശ്ശികയായത്.

വായ്പ കുടിശ്ശികയായത് നഗരസഭയ്ക്ക് ഭാവി ബാദ്ധ്യതയായേക്കും. അതിനാൽ കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കണം. ഭരണ വകുപ്പിന്റെയും സർക്കാരിന്റെയും ശ്രദ്ധ ക്ഷണിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.20.3.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

13. ഗുണഭോക്താക്കളിൽ നിന്നും വായ്പ തുക തിരിച്ചീടാക്കേണ്ടതില്ല എന്ന കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ് അടിയന്തരമായി സമിതിയിൽ സമർപ്പിക്കാൻ സമിതി നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

14. "ഗുണഭോക്താക്കളിൽ നിന്നും വായ്പ തുക ഈടാക്കേണ്ടതില്ലെന്ന് നഗരസഭാ കൗൺസിൽ തീരുമാനമെടുത്തിട്ടില്ല. എന്നാൽ മേൽ തുക ഗ്രാന്റായി അനുവദിക്കാൻ സർക്കാറിലേക്ക് അപേക്ഷിക്കുവാനാണ് കൗൺസിൽ തീരുമാനിച്ചത്."

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

15. 'നഗരസഭാ കൗൺസിലിന്റെ 259/2009-ലെ സപ്ലിമെന്ററി തീരുമാനം 9 പ്രകാരം ഭവനനിർമ്മാണത്തിനുള്ള തുടർന്നുവന്ന പദ്ധതികൾ പ്രകാരം മുഴുവൻ തുകയും സബ്സിഡി അനുവദിക്കുന്നതാകയാൽ എൻ.എസ്.ഡി.പി. പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് എതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കരുതെന്നും തുക മുഴുവൻ ഗ്രാന്റായി അനുവദിക്കാൻ സർക്കാരിനോട് അപേക്ഷിക്കാനും തീരുമാനിച്ചിട്ടുണ്ട്. തീരുമാനത്തിന്റെ പകർപ്പ് 22-1-2011-ലെ ജി3-12962/08 നമ്പർ കത്ത് പ്രകാരം എൽ.എസ്.ജി.ഡി.(AB) വകുപ്പിന് അയച്ചുകൊടുത്തു.'

**നിഗമനങ്ങൾ/ശിപാർശകൾ**

**16. എൻ.എസ്.ഡി.പി. പദ്ധതി പ്രകാരം വായ്പ അനുവദിച്ച 160 ഗുണഭോക്താക്കളിൽ 111 പേർ ഇനിയും തുക തിരിച്ചടയ്ക്കുവാനുള്ളതായി സമിതി മനസ്സിലാക്കുന്നു. ദാരിദ്ര്യാവസ്ഥയിൽ കഴിയുന്ന പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും ആർ.ആർ. മുഖേന തുക ഈടാക്കാൻ ശ്രമിച്ചാൽ അവർ വീണ്ടും ഭവനരഹിതരാകുമെന്നതിനാൽ ഇനിയും അടയ്ക്കുവാനുള്ള തുക ഗ്രാന്റായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നഗരസഭാ കൗൺസിൽ സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. നഗരസഭാ കൗൺസിലിന്റെ അഭ്യർത്ഥനയിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, നഗരസഭാ കൗൺസിലിന്റെ അപേക്ഷയിന്മേൽ സർക്കാർ അടിയന്തരമായി തീരുമാനമെടുത്ത് ആയത് സംബന്ധിച്ച റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

## വടകര നഗരസഭ

<u>ഓഡിറ്റ് ഖണ്ഡിക</u>

**മുൻകൂർ നൽകിയ പദ്ധതികൾ നടപ്പാക്കിയില്ല; (2001-02 ഓഡിറ്റ് റിപ്പോർട്ട്)**

മുൻകൂർ നല്കിയ പദ്ധതികൾ നടപ്പാക്കിയില്ല. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

(1) മൃഗസംരക്ഷണ മേഖലയിൽ ക്ഷീര കർഷകർക്ക് ഒരു വർഷത്തേക്ക് കാലിത്തീറ്റ വിതരണം ചെയ്യാൻ ലക്ഷ്യമിട്ട പദ്ധതിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ സീനിയർ വെറ്ററിനറി സർജൻ 30-3-2002-ന് കേരള ഫീഡ്സ് (തൃശ്ശൂർ)-ന 50,000 രൂപ നൽകി. എന്നാൽ തീറ്റ വിതരണം ചെയ്തതായി തെളിവില്ല.

(2) നാരായണ നഗറിലെ ഓടയിലെ ചെളി നീക്കം ചെയ്യുന്നതിന് നഗരസഭ അസി. എഞ്ചിനീയർ 25-4-2001-ൽ 20,000 രൂപ മുൻകൂർ കൈപ്പറ്റി. അവസാന ബില്ലോ മുൻകൂർ തുകയ്ക്ക് ചെലവ് രേഖകളോ ഹാജരാക്കിയില്ല. പദ്ധതികൾ നിർവ്വഹിക്കപ്പെട്ടതായി രേഖയില്ലാത്തതിനാൽ മുൻകൂർ തുകകൾ പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-2004 ഓഡിറ്റ് ഖണ്ഡിക നമ്പർ 6.10.1.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

17. മൃഗസംരക്ഷണ മേഖലയിൽ ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്തതിന് തെളിവില്ല എന്ന പരാമർശവുമായി ബന്ധപ്പെട്ട് ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയായ 50,000 രൂപയുടെ ഇനം തിരിച്ചുള്ള ബ്രേക്ക് അപ് നൽകണമെന്നും അപ്രകാരം ചെയ്യുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്നും സമിതി തീരുമാനിച്ചു.

18. നാരായണ നഗറിലെ ഓടയിലെ ചെളി നീക്കം ചെയ്യുന്നതിന് തുക കൈപ്പറ്റിയിട്ട്, ബില്ലും മറ്റ് രേഖകളും ഹാജരാക്കിയില്ല എന്ന പരാമർശത്തിൽ ഫൈനൽ ബിൽ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെന്നും ആയതിന്റെ രേഖകൾ 06/09-ൽ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട് എന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

19. "2005-06-ലെ പദ്ധതി പ്രകാരം കന്നുകുട്ടി പരിപാലന പദ്ധതിക്ക് നഗരസഭാ വിഹിതവും സംസ്ഥാന വിഹിതവുമായി ലഭിച്ച 3,25,000 രൂപയിൽ 2,77,829 രൂപ വിനിയോഗിച്ചതായും ബാക്കി 47,171 രൂപ വിവിധ പഞ്ചായത്തുകളിൽ നിന്നും പദ്ധതിക്കുവേണ്ടി ലഭിച്ച തുകയുടെ വിനിയോഗം കഴിച്ച് ബാക്കിവന്ന മൊത്തം

തുകയായ 13,13,848 രൂപ ചെലാൻ നമ്പർ 113 തീയതി 6-3-2007 പ്രകാരം സർക്കാറിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർ 29-1-2011-ലെ ബി80/2008 നമ്പർ കത്തുപ്രകാരം അറിയിച്ചിട്ടുണ്ട്. മേൽ തുകകൾ 2001-2002-ൽ ക്ഷീര കർഷകർക്ക് ഒരു വർഷത്തേക്ക് കാലിത്തീറ്റ വിതരണം ചെയ്യാൻ നടത്തിയ 50,000 രൂപയും ഉൾപ്പെട്ടിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് ഹാജരാക്കിയിട്ടുണ്ട്. അഡ്വാൻസ് തുക 1851/3/2009 പ്രകാരം അഡ്ജസ്റ്റ് ചെയ്തത് പരിശോധനയ്ക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് ഹാജരാക്കിയിട്ടുണ്ട്".

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

20. '2005-2006-ലെ പദ്ധതി പ്രകാരം കന്നുകുട്ടി പരിപാലന പദ്ധതിക്ക് നഗരസഭ വിഹിതവും സംസ്ഥാന വിഹിതവുമായി ലഭിച്ച 3,25,000 രൂപയിൽ 2,77,824 രൂപ വിനിയോഗിച്ചതായും ബാക്കി 47,176 രൂപ വിവിധ പഞ്ചായത്തുകളിൽ നിന്നും പദ്ധതിക്കുവേണ്ടി ലഭിച്ച തുകയുടെ വിനിയോഗം കഴിച്ച് ബാക്കി വന്ന മൊത്തം തുകയായ 13,13,848 രൂപ ചെലാൻ നമ്പർ 113/6-3-2007 പ്രകാരം സർക്കാറിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും കാഫ് ഫീഡ് സബ്സിഡി സ്കീം, അസിസ്റ്റന്റ് ഡയറക്ടർ 29-1-2011-ലെ ബി80/2008 നമ്പർ കത്തുപ്രകാരം അറിയിച്ചിട്ടുണ്ട്. മേൽ തുകയിൽ 2001-02-ൽ ക്ഷീര കർഷകർക്ക് ഒരു വർഷത്തേക്ക് കാലിത്തീറ്റ വിതരണം ചെയ്യാൻ നൽകിയ 50,000 രൂപയും ഉൾപ്പെട്ടിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റിന്റെയും മേൽ കത്തിന്റെയും അടിസ്ഥാനത്തിൽ തടസ്സം ഒഴിവാക്കാവുന്നതാണ്.

21. അഡ്വാൻസ് തുക 1851/03/09 പ്രകാരം അഡ്ജസ്റ്റ് ചെയ്തത് പരിശോധിച്ചു ബോധ്യപ്പെട്ടു. തടസ്സം ഒഴിവാക്കാവുന്നതാണ്. പ്രസ്തുത പരാമർശം 3-2-2011-ലെ കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ 6421/എൽ.എഫ്.എ.സി.എ2/10/ലെജി. കത്ത് പ്രകാരം ഒഴിവാക്കിയതായി അറിയിച്ചിട്ടുണ്ട്.'

### നിഗമനങ്ങൾ/ശിപാർശകൾ

**22. 2005-2006-ലെ പദ്ധതി പ്രകാരം കന്നുകുട്ടി പരിപാലനത്തിന് നഗരസഭ വിഹിതവും സംസ്ഥാന വിഹിതവും ചേർത്ത് ചെലവാക്കുകയും അവശേഷിച്ച തുക സർക്കാരിലേക്ക് അടയ്ക്കുകയും ചെയ്തെന്നും പ്രസ്തുത മൊത്തം തുകയിൽ 2001-02 വർഷത്തെ 50,000 രൂപ കൂടി ഉൾപ്പെട്ടിട്ടുണ്ടെന്നും ആയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് ഹാജരാക്കിയിട്ടുണ്ടെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

23. നാരായണ നഗറിലെ ചെളി നീക്കം ചെയ്യുന്നതിന് കൈപ്പറ്റിയ അഡ്വാൻസ് തുക അഡ്ജസ്റ്റ് ചെയ്തത് സംബന്ധിച്ച രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് ഹാജരാക്കിയിട്ടുണ്ടെന്ന സർക്കാരിന്റെയും ആയത് ബോധ്യപ്പെട്ടിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സവും ഒഴിവാക്കാമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ബസ് സ്റ്റാന്റ് പിരിവ്; ലേല തുക ഈടാക്കിയതിൽ കുറവ് (2000-2001 ഓഡിറ്റ് റിപ്പോർട്ട്)**

നഗരസഭയുടെ ബസ് സ്റ്റാന്റിൽ പിരിവ് ലേല തുകയിൽ 2,35,206 രൂപ ഈടാക്കിയില്ല. രണ്ട് ബസ്സ്റ്റാന്റുകളിലേക്കും പ്രവേശന ചുങ്കം 10 രൂപയിൽ നിന്നും 12 രൂപയാക്കി 14,11,111 രൂപക്ക് എം.വി. ബഷീറിന് 9-3-2000ലാണ് നഗരസഭ ലേലം ഉറപ്പിച്ചത്. ലേല നിബന്ധന പ്രകാരം തുകയുടെ പകുതി ലേലസമയത്തും ബാക്കി ആറ് തുല്യ മാസതവണകളായി 2000 മേയ് മുതൽ ഒടുക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. കരാറുകാരൻ 11,75,905 രൂപ മാത്രമാണ് ഒടുക്കിയത്. ലേല നിബന്ധന ലംഘിച്ച് 2,35,206 രൂപ കുടിശ്ശികയായിട്ടും നഗരസഭ നടപടിയെടുത്തതായി കാണുന്നില്ല. മാത്രമല്ല ലേല നിബന്ധന പ്രകാരം മാസതവണകൾ അടക്കുന്നതിന് വീഴ്ച വരുത്തിയതിനാൽ 13,327 രൂപ പിഴപ്പലിശ കൂടി ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-2004 ഓഡിറ്റ് ഖണ്ഡിക നമ്പർ 6.10.2.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

24. ബസ് സമരം വന്നതിനാൽ തുക ഈടാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിലും ആയത് ഈടാക്കുന്നതിന് ഇപ്പോൾ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വടകര നഗരസഭാ സെക്രട്ടറി സമിതിയിൽ അറിയിച്ചു. സമരകാലത്ത് കൗൺസിൽ തീരുമാനമനുസരിച്ച് തുകയിൽ ഇളവനുവദിച്ചിട്ടുണ്ടെന്നും ആയതിന് സർക്കാരിന്റെ അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ടെന്നും സമിതിയുടെ ബന്ധപ്പെട്ട ചോദ്യത്തിന് മറുപടിയായി സെക്രട്ടറി അറിയിച്ചു. ഗവൺമെന്റിന് സമർപ്പിച്ച റെസല്യൂഷന്റെ പകർപ്പ് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തണം എന്ന നിർദ്ദേശത്തോടെ പരാമർശം സമിതി ഒഴിവാക്കുവാൻ തീരുമാനിച്ചു.

സമിതി നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

25. "വടകര നഗരസഭാ കൗൺസിലിന്റെ 9-3-2001-ലെ 19-ാം നമ്പർ തീരുമാനത്തിന്റെ കോപ്പി ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ട്".

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

26. കൗൺസിൽ തീരുമാനത്തിന്റെ കോപ്പി ഹാജരാക്കിയത് പരിശോധിച്ചു. വടകര നഗരസഭ കൗൺസിലിന്റെ 9-3-2001-ലെ 19-ാം നമ്പർ തീരുമാന പ്രകാരം കുടിശ്ശികയായ 2,35,186 രൂപ ഡിമാന്റിൽ കുറവ് വരുത്തുന്നതിനാണ് തീരുമാനിച്ചത്. വടകര നഗരസഭാ സെക്രട്ടറിയുടെ 5-1-2008-ലെ ആർ. 7/243/2008 നമ്പർ കത്തുപ്രകാരം നഗരസഭയുടെ നടപടി സാധൂകരിക്കണമെന്ന് സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. 1998-ലെ കേരള മുനിസിപ്പാലിറ്റി നിയമം (പാട്ടക്കാർക്കും ലൈസൻസികൾക്കും കരാറുകാർക്കും കിസ്തിളവ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം 10,000 രൂപയിൽ കൂടുതൽ ഇളവ് അനുവദിക്കുന്ന ഒരോ സംഗതിയിലും സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതാണ്. എന്നാൽ സർക്കാറിൽ നിന്നും ഈ വിഷയത്തിൽ അനുമതി ലഭിച്ചതായി കാണുന്നില്ല.

**നിഗമനങ്ങൾ/ശിപാർശകൾ**

**27. നഗരസഭ വക ബസ് സ്റ്റാന്റുകളിൽ നിന്ന് 2000-2001-ൽ പ്രവേശന ചുങ്കം 10 രൂപയിൽ നിന്നും 12 രൂപയായി വർദ്ധിപ്പിച്ചതിനെതിരെ ബസ് ഓപ്പറേറ്റേഴ്സ് അസ്സോസിയേഷൻ ഫയൽ ചെയ്ത ഒ.പി.യിന്മേൽ അസ്സോസിയേഷൻ നഗരസഭയ്ക്ക് നല്കിയിരുന്ന അപേക്ഷ നിയമപ്രകാരം പരിഗണിക്കുന്നതിന് ബഹു. കേരള ഹൈക്കോടതി ഉത്തരവായതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭാകൗൺസിൽ ബസ് സ്റ്റാന്റ് ഫീസ് 10 രൂപയായി കുറച്ചപ്പോൾ ഡിമാന്റിലും 2,35,186 രൂപ കുറവ് വരുത്തിയതിനാലാണ് ഫീസ് അടവിൽ ഓഡിറ്റ് ചൂണ്ടിക്കാട്ടിയ കുറവ് വന്നതെന്ന് സർക്കാരിന്റെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത കൗൺസിൽ തീരുമാനം സാധൂകരണത്തിനായി സർക്കാരിനു മുമ്പാകെ സമർപ്പിച്ചിട്ടുള്ളതായും സമിതിക്ക് ബോധ്യമാകുന്നു. പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ഓഡിറ്റ് വകുപ്പിന് സമർപ്പിച്ച് ബോധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചതനുസരിച്ച് തീരുമാനത്തിന്റെ പകർപ്പ് ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടുള്ളതായി തദ്ദേശസ്വയംഭരണ വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതായിരുന്നുവെന്നും ആയത് ലഭ്യമാക്കിയിട്ടില്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. നഗരസഭയുടെ നടപടിക്ക് നാളിതുവരെ സർക്കാർ സാധൂകരണം ലഭിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ സർക്കാർ ഉചിതമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഔദ്യോഗിക കാർ; ചട്ടങ്ങൾ പാലിക്കാതെ ചെലവ് (2001-02 ഓഡിറ്റ് റിപ്പോർട്ട്)**

(1) നഗരസഭയുടെ ഔദ്യോഗിക കാറിന്റെ (KL.11 എഫ്. 8717) ഉപയോഗവും അറ്റകുറ്റപ്പണിയും വാഹന പരിപാലന ചട്ടങ്ങൾ പാലിക്കാതെയാണെന്ന് ഓഡിറ്റിൽ കണ്ടെത്തി.

1-7-1998 മുതൽ 2-4-2000 വരെയുള്ള ലോഗ് ബുക്ക്, 24-2-1998 മുതൽ 23-6-2001 വരെയുള്ള റീപ്ലെയ്സ്മെന്റ്/റിപ്പയർ രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. വാഹനപരിപാലന ചട്ടങ്ങളുടെ ലംഘനമായതിനാൽ ഈ കാലയളവിലെ ചെലവ് 52,586 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(2) 2000-ലെ കേരള മുനിസിപ്പാലിറ്റി മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും ചട്ടങ്ങളിലെ 8(1) പ്രകാരം ആറ് മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഇന്ധനക്ഷമതാ സാക്ഷ്യപത്രം ലോഗ് ബുക്കിൽ പതിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. നാളിതുവരെ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല.

(3) പൊതുമരാമത്ത് മെക്കാനിക്കൽ എഞ്ചിനീയർ പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി മത്സരാധിഷ്ഠിത ദർഘാസ് ക്ഷണിച്ച് വേണം ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപ്പണി നടത്തേണ്ടത്. ഇതിന് വിരുദ്ധമായി ഡ്രൈവറുടെ നിർദ്ദേശപ്രകാരം അറ്റകുറ്റപ്പണി നടത്തിയതായി കാണുന്നു. നഗരസഭ ഇതിന് 77,112 രൂപ ചെലവഴിച്ചു. പണിക്ക് ശേഷമാണ് എഞ്ചിനീയർ 65,000 രൂപയുടെ എസ്റ്റിമേറ്റ് അയച്ചു കൊടുത്തത്. എസ്റ്റിമേറ്റിൽ അധികരിച്ച ചെലവ് 12,112 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(4) ഔദ്യോഗിക കാർ അറ്റകുറ്റപ്പണിയിലായിരുന്ന കാലത്ത് കാർ വാടക 2,10,612 രൂപ ചെലവഴിച്ചതായി കാണുന്നു. 28-12-2000 മുതൽ 1-12-2001 വരെ ഒരു വർഷത്തോളം കാർ വർക്ക്ഷോപ്പിലായിരുന്നതും നഗരസഭയ്ക്ക് മറ്റ് രണ്ട് വാഹനങ്ങൾ കൂടി സ്വന്തമായുള്ളതിനാലും ഈ ചെലവ് സംശയാസ്പദമാണ്.

(5) ഔദ്യോഗിക കാർ അറ്റകുറ്റപ്പണിയിലായിരുന്നപ്പോഴും താല്കാലിക ഡ്രൈവർ 7,000 രൂപ വേതനം പറ്റിയതായി കാണുന്നു. ഈ ചെലവും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ ഖണ്ഡികകളിൽ തടസ്സപ്പെടുത്തിയ ആകെ ചെലവ് 2,82,310 (52586+12112+210612+7000) രൂപ വിശദമായ അന്വേഷണത്തിനും തുടർനടപടിക്കുമായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04 ഓഡിറ്റ് ഖണ്ഡിക 6.10.3.]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

28. വടകരയിൽ അപ്രൂവ്ഡ് വർക്ക്ഷോപ്പുകൾ ഒന്നും ഇല്ലായിരുന്നതുകൊണ്ടാണ് കോഴിക്കോട് കൊണ്ടുപോയി അറ്റകുറ്റപ്പണികൾ ചെയ്യേണ്ടിവന്നത് എന്നും ആയതിന് കൗൺസിലിന്റെ അംഗീകാരം ഉണ്ടായിരുന്നെന്നും സെക്രട്ടറി സമിതിയിൽ അറിയിച്ചു. കാർ റിപ്പയർ ചെയ്യുന്നതിന് കാലതാമസം ഉണ്ടായപ്പോഴാണ് ചെയർമാന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി കാർ വാടകയ്ക്കെടുക്കേണ്ടി വന്നതെന്നും സമിതിയുടെ ബന്ധപ്പെട്ട ചോദ്യത്തിന് മറുപടിയായി സെക്രട്ടറി അറിയിച്ചു.

29. ഔദ്യോഗിക കാർ അറ്റകുറ്റപ്പണിയിലായിരുന്നപ്പോഴും താൽക്കാലിക ഡ്രൈവറെ നിയമിച്ച് വേതനം നൽകിയിതിനെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് റിപ്പയർ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് മേൽനോട്ടം വഹിക്കുന്നതിനാണ്

പ്രസ്തുത കാറിന്റെ സി.എൽ.ആർ. ഡ്രൈവറെ വർക്ക്ഷോപ്പ് ഡ്യൂട്ടിക്ക് നിയമിച്ചതെന്നും ധനകാര്യ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ദിവസക്കൂലി നിരക്കിൽ ടിയാന് തുക അനുവദിച്ചതെന്നും സെക്രട്ടറി അറിയിച്ചു. വിശദീകരണം തൃപ്തികരമായതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

30. **ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ച കാലയളവിലെ ലോഗ്ബുക്കും റീപ്ലേസ്മെന്റ്/റിപ്പയർ രജിസ്റ്ററും വടകര നഗരസഭയിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിനു ഹാജരാക്കിയിട്ടുണ്ടെന്നും അവ പരിശോധിച്ച് ബോധ്യപ്പെട്ടുവെന്നും ആയതിനാൽ രേഖകൾ ഹാജരാക്കാത്തതിന് തടസ്സത്തിൽ വച്ച 52,586 രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്നും സമിതിക്ക് നല്കിയ കുറിപ്പിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. വടകരയിൽ അംഗീകൃത വർക്ക്ഷോപ്പില്ലാത്തതിനാലാണ് നഗരസഭാചെയർമാന്റെ ഔദ്യോഗിക കാർ കോഴിക്കോടുള്ള വർക്ക്ഷോപ്പിൽ കൊണ്ടുപോയി റിപ്പയർ ചെയ്യേണ്ടിവന്നതെന്നും പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ട സാമ്പത്തിക വർഷാവസാനമായതിനാലും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതിനാൽ നിലവിലുള്ള രണ്ട് ജീപ്പുകൾ മതിയാകുമായിരുന്നില്ല എന്നതുകൊണ്ടാണ് ചെയർമാന്റെ ഔദ്യോഗിക ആവശ്യത്തിന് ഒരു കാർ വാടകയ്ക്ക് എടുക്കേണ്ടതായി വന്നതെന്നതും ആയതിന് നഗരസഭാ കൗൺസിലിന്റെ അംഗീകാരമുണ്ടായിരുന്നുവെന്നും സർക്കാരിന്റെ രേഖാമൂലമുള്ള മറുപടിയിൽ നിന്നും തെളിവെടുപ്പ് വേളയിൽ നഗരസഭാ സെക്രട്ടറിയുടെ വിശദീകരണത്തിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ഔദ്യോഗിക കാറിന്റെ റിപ്പയർ പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിന് സി.എൽ.ആർ. ഡ്രൈവറെ വർക്ക് ഷോപ്പിൽ ഡ്യൂട്ടിക്ക് നിയോഗിച്ചതിനാണ് താൽക്കാലിക ഡ്രൈവർക്ക് വേതനം നൽകിയതെന്നും, ധനകാര്യ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 7,000 രൂപ വേതനം നല്കിയതെന്നും മറുപടിയിൽ നിന്ന് വ്യക്തമാകുന്നു. ഈ സാഹചര്യത്തിൽ പരാമർശിത ഓഡിറ്റ് ഖണ്ഡികയിലെ തടസ്സങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**രേഖയില്ല—1 കോടിയിൽപ്പരം ചെലവ് സാധൂകരിച്ചില്ല;**
**(1994-95, 2000-01, 2001-02 ഓഡിറ്റ് റിപ്പോർട്ട്)**

**നഗരസഭയിൽ രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് കുത്തഴിഞ്ഞ നിലയിൽ.**

കൃത്യമായ രേഖകളില്ലാത്തതിനാൽ 1,20,19,054 രൂപയുടെ ചെലവുകൾ ഓഡിറ്റിൽ പരിശോധിക്കാനായില്ല. 1994-95, 2000-01, 2001-02 എന്നീ വർഷങ്ങളിലെ ചെലവുകൾ ഇതിൽ ഉൾപ്പെടുന്നു.

കൃത്യമായ രേഖകളാൽ സാധൂകരിക്കപ്പെടാത്ത ചെലവുകൾ ധനാപഹരണത്തിന് തുല്യമാണ്. മാത്രമല്ല രേഖകളുടെ അഭാവത്തിൽ ഓഡിറ്റ് നടത്താനാകാതെ ക്രമക്കേടുകളും നഗരസഭാ ഫണ്ടിനുണ്ടായ നഷ്ടങ്ങളും കണ്ടെത്തപ്പെടാതെ പോകുന്നു. ഹാജരാക്കാനുള്ള രേഖകൾ ഏറെയും മരാമത്ത് വേലകളുമായി ബന്ധപ്പെട്ടതാണെന്നത് പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. രേഖകൾ ബോധപൂർവ്വം മറച്ചുവെക്കാനും സാധ്യതയുണ്ട്. രേഖയില്ലാത്തത് ഓഡിറ്റ് തന്നെ അർത്ഥശൂന്യമാക്കുന്നു.

ഹാജരാക്കാനുള്ള രേഖകളുടെ വിവരം വിഷയം തിരിച്ച് താഴെ:

(1) ഉച്ചക്കഞ്ഞി വിതരണത്തിന് (6/00-4/01) വടകര എ.ഇ.ഒ.യ്ക്ക് 4,34,875 രൂപ നൽകിയതായി കാണുന്നു. വിനിയോഗ രേഖകൾ ലഭ്യമല്ല. (2001-02 ഓഡിറ്റ് റിപ്പോർട്ട്-ഖണ്ഡിക 2-6).

(2) കമ്പ്യൂട്ടർ പരിശീലനസ്ഥാപനത്തിന്റെ പേരിൽ 41,000 രൂപ ചെലവ് കാണുന്നു. പരിശീലനത്തിന്റെ വിവരം, ഹാജർ, സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയില്ല (ഖണ്ഡിക 2-7).

(3) നാരായണ നഗർ ഓടയിലെ ചെളിവാരുന്നതിന് 20,000 രൂപയും (25-4-2001) ആധാരച്ചെലവ് 16,000 രൂപയും (18-5-2001) നഗരസഭാ ഉദ്യോഗസ്ഥർക്ക് മുൻകൂർ നൽകിയതായി കാണുന്നു. വർഷങ്ങൾക്ക് ശേഷവും മുൻകൂർ ക്രമീകരിച്ചില്ല (ഖണ്ഡിക 2-26).

(4) 2001-02-ലെ 34 പൊതുമരാമത്ത് വേലകളുടെ ഫയൽ, അളവ് പുസ്തകം എന്നിവ ഹാജരാക്കിയില്ല. ഇവയ്ക്ക് 42,24,910 രൂപ പിൻവലിച്ചതായി കാണുന്നു (ഖണ്ഡിക 2-36).

(5) കന്നുകുട്ടി പരിപാലന പദ്ധതിക്ക് കാലിത്തീറ്റ വില 50,000 രൂപ 03/02-ൽ ഒടുക്കിയതായി കാണുന്നു. ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്തതിന് രേഖയില്ല.

**1994-95**

(6) ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും മരാമത്ത് വേലകളുടെ 16 വൗച്ചറുകളിലെ ആകെ തുക 28,32,560 രൂപയ്ക്ക് ആധാരമായ ഫയലുകളും അളവ് പുസ്തകങ്ങളും ഹാജരാക്കിയില്ല (ഖണ്ഡിക 22 എ).

**2000-01**

(7) 2000-01-ൽ ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്ക് മുൻകൂർ അനുവദിച്ച 1,45,710 രൂപ ക്രമീകരിച്ചതിന് തെളിവില്ല (ഖണ്ഡിക 26, 27).

(8) വിവിധ വൗച്ചറുകളിൽ നൽകിയ 27,72,721 രൂപയുടെ സാധൂകരണ/ വിനിയോഗരേഖകൾ ഹാജരാക്കിയില്ല (ഖണ്ഡിക 31, 32).

(9) 30 വനിതകൾക്ക് കൈത്തറി പരിശീലനം നൽകുന്നതിന് കടത്തനാട് വ്യവസായ സഹകരണ സംഘത്തിന് 3/01-ൽ നഗരസഭ 1,00,000 രൂപ പദ്ധതി സഹായം നൽകി. പദ്ധതി നിർവ്വഹിച്ചു എന്ന് തെളിയിക്കുന്ന ആധികാരിക രേഖകൾ ഹാജരാക്കിയില്ല. (ഖണ്ഡിക 36).

(10) ചുള്ളിയിൽ പാലം പണിക്ക് 2/01-ൽ 13,81,278 രൂപ ചെലവ് കാണുന്നു. ഫയൽ രജിസ്റ്ററുകൾ, ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയില്ല (ഖണ്ഡിക 50).

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.21.1.]

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

31. ഉച്ചക്കഞ്ഞി വിതരണത്തിന് നൽകിയ തുകയുടെ വിനിയോഗരേഖ ഓഡിറ്റിനെ ബോധ്യപ്പെടുത്തുവാൻ സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

32. "വടകര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 7-3-2011-ലെ ഇ/5003/08 നമ്പർ കത്ത് പ്രകാരം 4,34,875 രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്".

33. കമ്പ്യൂട്ടർ പരിശീലനവുമായി ബന്ധപ്പെട്ട്, പരിശീലനം നടത്തിയതിന്റെ സർട്ടിഫിക്കറ്റുകൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

34. 2001-02-ലെ 34 പൊതുമരാമത്ത് വേലകളുടെ അളവ് പുസ്തകം, ഫയൽ എന്നിവ ഹാജരാക്കിയില്ല എന്ന പരാമർശത്തിൽ ഇനി ഹാജരാക്കാൻ അവശേഷിക്കുന്ന 20 വർക്കുകളുടെ രേഖകൾ അടിയന്തരമായി ഓഡിറ്റിന് ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി. രേഖകൾ കാണാത്ത വർക്കുകൾക്ക് പേമെന്റ് നൽകിയ ഉദ്യോഗസ്ഥൻ ആരാണെന്നും ടിയാൻ ഇപ്പോൾ സർവ്വീസിലുണ്ടെങ്കിൽ എവിടെയാണ് ജോലിചെയ്യുന്നത് എന്നുമുള്ള വിവരങ്ങൾകൂടി റിപ്പോർട്ട് ചെയ്യുന്നതിന് സെക്രട്ടറിയെ സമിതി ചുമതലപ്പെടുത്തി.

സമിതി നിർദ്ദേശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി ചുവടെ ചേർത്തിരിക്കുന്നു:

35. "ഓഡിറ്റിന് ഹാജരാക്കാൻ ശേഷിക്കുന്ന 20 വർക്കുകളുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. പേമെന്റ് നടത്തിയ സെക്രട്ടറി ശ്രീ. ജെ. ബെന്നൻ എന്നിവരാണ്. അദ്ദേഹം സേവനത്തിൽ നിന്നും റിട്ടയർ ചെയ്തതാണ്."

36. ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഹാജരാക്കാൻ സെക്രട്ടറിക്കും ആയത് പരിശോധിച്ച് സമിതിയിൽ റിപ്പോർട്ട് നൽകുവാൻ ഓഡിറ്റ് വകുപ്പിനും സമിതി നിർദ്ദേശം നൽകി.

സമിതി നിർദ്ദേശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി ചുവടെ ചേർത്തിരിക്കുന്നു:

37. '2005-06-ലെ പദ്ധതി പ്രകാരം കന്നുകുട്ടി പരിപാലന പദ്ധതിക്ക് നഗരസഭാ വിഹിതവും സംസ്ഥാന വിഹിതവുമായി ലഭിച്ച 3,25,000 രൂപയിൽ 2,77,824 രൂപ വിനിയോഗിച്ചതായും ബാക്കി 47,171 രൂപ വിവിധ പഞ്ചായത്തുകളിൽനിന്നും പദ്ധതിക്കു വേണ്ടി ലഭിച്ച തുകയുടെ വിനിയോഗം കഴിച്ച് ബാക്കിവന്ന മൊത്തം തുകയായ 13,13,848 രൂപ ചെലാൻ നമ്പർ 113 തീയതി 6-3-2007 പ്രകാരം സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർ 29-1-2011-ലെ ബി 80/2008 നമ്പർ കത്തുപ്രകാരം അറിയിച്ചിട്ടുണ്ട്. മേൽ തുകയിൽ 2001-02-ൽ ക്ഷീരകർഷകർക്ക് ഒരു വർഷത്തേക്ക് കാലിത്തീറ്റ വിതരണം ചെയ്യാൻ നടത്തിയ 50,000 രൂപയും ഉൾപ്പെട്ടിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് ഹാജരാക്കിയിട്ടുണ്ട്'.

38. 'ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതിൽ മരാമത്ത് വേലകളുടെ 8 അളവ് പുസ്തകങ്ങൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും ബാക്കിയുള്ള 8 വേലകളുടെ രേഖകൾ അടിയന്തരമായി ഓഡിറ്റിന് ഹാജരാക്കുകയോ അല്ലാത്തപക്ഷം പ്രസ്തുത വേലകൾക്ക് പേമെന്റ് നൽകിയ ഉദ്യോഗസ്ഥനെ സംബന്ധിച്ച വിശദവിവരങ്ങൾ സമിതിയിൽ റിപ്പോർട്ട് ചെയ്യുന്നതിനും നഗരസഭാ സെക്രട്ടറിയെ സമിതി ചുമതലപ്പെടുത്തി,

സമിതി നിർദ്ദേശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ മറുപടി ചുവടെ ചേർക്കുന്നു:

39. 'അളവ് പുസ്തകങ്ങളും ഫയലുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. പേമെന്റ് നടത്തിയ സെക്രട്ടറിയായിരുന്ന ശ്രീ. എം. ആർ. അഭിലാഷ് എന്നവർ മരണപ്പെട്ട വിവരവും റിപ്പോർട്ട് ചെയ്യുന്നു'.

40. ജീവനക്കാർക്ക് മുൻകൂർ ആയി അനുവദിച്ച തുകയിൽ ക്രമീകരിച്ചുവെന്ന് സെക്രട്ടറി സമിതിയിൽ അറിയിച്ച 1,16,500 രൂപയെ സംബന്ധിച്ച രേഖകൾ ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്താൻ സെക്രട്ടറിയെ സമിതി ചുമതലപ്പെടുത്തി. കൂടാതെ ട്രാൻസ്ഫർ ആയിപ്പോയ, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽനിന്ന്, ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക റിക്കവർ ചെയ്ത് അയച്ചുതരണമെന്ന് അവരുടെ മേലധികാരികളോട് ആവശ്യപ്പെടാനും സമിതി നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

സമിതി നിർദ്ദേശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമായ മറുപടി ചുവടെ ചേർക്കുന്നു:

41. '2000-2001 വർഷങ്ങളിൽ ജീവനക്കാർക്ക് നൽകിയ മുൻകൂർ തുകയായ 1,45,710 രൂപയിൽ 1,28,210 രൂപ അഡ്ജസ്റ്റ് ചെയ്തത് സംബന്ധിച്ച അഡ്വാൻസ് രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ട്. അഡ്ജസ്റ്റ് ചെയ്യാൻ ബാക്കിയുള്ള 17,500 രൂപ ഈ നഗരസഭയിലെ യു.ഡി.ക്ലാർക്ക് ശ്രീ. ടി. എം. മുകുന്ദൻ എന്നവരുടെ ശമ്പളത്തിൽനിന്നും 2010 ആഗസ്റ്റ് മാസം മുതൽ ഈടാക്കിവരുന്നുണ്ട്'.

42. വിവിധ വൗച്ചറുകളിൽ നൽകിയ തുകയുടെ സാധൂകരണ/വിനിയോഗ രേഖകൾ ഹാജരാക്കിയില്ല എന്ന പരാമർശവുമായി ബന്ധപ്പെട്ട് നിരവധി വൗച്ചറുകൾ കാണാതായതിനെ സംബന്ധിച്ച് അന്വേഷിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. കൂടാതെ കാണാതായ വൗച്ചറുകൾ അടിയന്തരമായി ഹാജരാക്കണമെന്നും അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുകയും ലയബിലിറ്റി ഫിക്സ് ചെയ്ത് ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ഈടാക്കുന്നതിന് അവർ ജോലിചെയ്യുന്ന ഓഫീസിലെ മേലധികാരികളോട് ആവശ്യപ്പെടാനും നഗരസഭാ സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി.

സമിതി നിർദ്ദേശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു:

43. 'ബന്ധപ്പെട്ട അക്വിറ്റൻസ് രജിസ്റ്ററുകൾ, ക്യാഷ് ബുക്കുകൾ എന്നിവ പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ട്. ശ്രീ. ബെന്നൻ എന്നവരായിരുന്നു ആ കാലയളവിലെ സെക്രട്ടറി'.

44. 30 വനിതകൾക്ക് കൈത്തറി പരിശീലനം എന്ന പരാമർശത്തിൽ ആർക്കൊക്കെ ട്രെയിനിംഗ് നൽകിയിട്ടുണ്ട് എന്നതിന്റെ രേഖകൾ ലഭ്യമാക്കണമെന്ന് നഗരസഭാ സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി. രേഖകൾ ഹാജരാക്കാൻ സാധിച്ചില്ലെങ്കിൽ ഇംപ്ലിമെന്റിംഗ് ഓഫീസറായ വ്യവസായ വികസന ഓഫീസറിൽ നിന്നും തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് കാണിച്ച് നോട്ടീസ് നൽകാനും സമിതി സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

സമിതി നിർദ്ദേശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു:

45. 'പണം ചെലവഴിച്ചത് സംബന്ധിച്ചും പരിശീലനം നൽകിയത് സംബന്ധിച്ചുമുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്'.

46. ചുള്ളിയിൽ പാലം പണി, ഫയൽ രജിസ്റ്ററുകൾ/ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയില്ല എന്ന പരാമർശം സംബന്ധിച്ച രേഖകൾ ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടതായി സമിതിയിൽ റിപ്പോർട്ട് ചെയ്തതിൻ പ്രകാരം ടി പരാമർശം സമിതി ഒഴിവാക്കി.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

47. വടകര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 7-3-2011-ലെ ഇ/5003/08 കത്ത് പ്രകാരം 4,34,875 രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയത് പരിശോധിച്ചു. വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയ സാഹചര്യത്തിൽ തടസ്സം ഒഴിവാക്കാവുന്നതാണ്.

48. ഹാജരാക്കിയ മരാമത്ത് വേലയുടെ ഫയലുകളും എം. ബുക്കുകളും പരിശോധിച്ചു. തടസ്സം ഒഴിവാക്കാവുന്നതാണ്.

49. 2005-06-ലെ പദ്ധതി പ്രകാരം കന്നുകുട്ടി പരിപാലന പദ്ധതിക്ക് നഗരസഭാ വിഹിതവും സംസ്ഥാന വിഹിതവുമായി ലഭിച്ച 3,25,000 രൂപയിൽ 2,77,824 രൂപ വിനിയോഗിച്ചതായും ബാക്കി 47,176 രൂപ വിവിധ പഞ്ചായത്തുകളിൽ നിന്നും പദ്ധതിക്കുവേണ്ടി ലഭിച്ച തുകയുടെ വിനിയോഗം കഴിച്ച് ബാക്കിവന്ന മൊത്തം തുക യായ 13,13,848 രൂപ ചെലാൻ നമ്പർ 113/6-3-2007 പ്രകാരം സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർ 29-1-2011ലെ ബി80/2008 നമ്പർ കത്തുപ്രകാരം അറിയിച്ചിട്ടുണ്ട്. മേൽ തുകയിൽ 2001-2002-ൽ ക്ഷീരകർഷകർക്ക് ഒരു വർഷത്തേക്ക് കാലിത്തീറ്റ വിതരണം ചെയ്യാൻ നൽകിയ 50,000 രൂപയും ഉൾപ്പെട്ടിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റിന്റെയും മേൽ കത്തിന്റെയും അടിസ്ഥാനത്തിൽ തടസ്സം ഒഴിവാക്കാവുന്നതാണ്.

50. ഹാജരാക്കിയ മരാമത്ത് വേലയുടെ ഫയലുകളും എം. ബുക്കുകളും പരിശോധിച്ചു. തടസ്സം ഒഴിവാക്കാവുന്നതാണ്.

51. 2000-01 വർഷം ജീവനക്കാർക്ക് നൽകിയ മുൻകൂർ തുകയായ 1,45,710 രൂപ യിൽ 1,28,210 രൂപ അഡ്ജസ്റ്റ് ചെയ്തത് അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചു ബോധ്യപ്പെട്ടു. അഡ്ജസ്റ്റ് ചെയ്യാൻ ബാക്കിയുള്ള 17,500 രൂപ യു.ഡി. ക്ലാർക്ക് ശ്രീ. ടി. എം. മുകുന്ദന് വൗച്ചർ നമ്പർ 1273/15-11-2000 പ്രകാരം കേരളോത്സവം നടത്തിപ്പിന് മുൻകൂറിനത്തിൽ നൽകിയതാണ്. ടിയാന്റെ ശമ്പളത്തിൽനിന്നും 1,000 രൂപ വീതം ആഗസ്റ്റ് മാസം 2010 മുതൽ ഈടാക്കിവരുന്നുണ്ട്.

52. ചെലവുമായി ബന്ധപ്പെട്ട അക്വിറ്റൻസ് രജിസ്റ്ററുകൾ ക്യാഷ് ബുക്കുകൾ എന്നിവ പരിശോധിച്ചു. തടസ്സം ഒഴിവാക്കാവുന്നതാണ്.

53. വനിതകൾക്ക് കൈത്തറി പരിശീലനം നൽകുന്നതിന് നൽകിയ 1,00,000 രൂപ വിനിയോഗിച്ചതിന്റെ രേഖകൾ 16-6-2011-ന് സെക്രട്ടറി ഹാജരാക്കിയത് പരിശോധിച്ചു. കടത്തനാട് വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി 1,00,000 രൂപ ചെലവഴിച്ചതിന്റെ പട്ടികയും പരിശീലനം ലഭിച്ചവരുടെ ലിസ്റ്റും വിനിയോഗ സർട്ടിഫിക്കറ്റും ആയത് സാധൂകരിക്കുന്ന വൗച്ചറുകൾ, ഹാജർ പുസ്തകം, വേതനം നൽകിയതിന്റെ രശീതി മുതലായവയുടെ പകർപ്പുകളാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. 2-4-2001 മുതൽ 30-5-2001 വരെ പരിശീലനം നടത്തിയതിന്റെയും അനുബന്ധരേഖകളും ഹാജരാക്കിയതിനാൽ തടസ്സം ഒഴിവാക്കാവുന്നതാണ്.

### നിഗമനങ്ങൾ/ശിപാർശകൾ

54. ഉച്ചക്കഞ്ഞി വിതരണത്തിന് നൽകിയ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളതായി തദ്ദേശസ്വയംഭരണ വകുപ്പും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

55. ഇൻഫർമേഷൻ കേരള മിഷന്റെ ഓഫീസിൽവച്ച് വടകര നഗരസഭാ സെക്രട്ടറിക്കും മറ്റ് ഓഫീസർമാർക്കും കമ്പ്യൂട്ടർ പരിശീലനം ലഭ്യമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

56. ഓഡിറ്റ് ഖണ്ഡിക 3.21.1-ലെ ഇനം 3 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ ഓഡിറ്റ് ഖണ്ഡിക 6.10-ലെ ഇനം 2-ൽ പരാമർശിച്ചിട്ടുള്ള സംഗതിയാണ്. ആയതിന്മേൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 23 പ്രകാരം ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്തിട്ടുണ്ട്.

57. ഓഡിറ്റിന് ഹാജരാക്കാൻ ശേഷിച്ചിരുന്ന 20 പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കിയിട്ടുണ്ടെന്നുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

58. ഓഡിറ്റ് ഖണ്ഡിക 3.21.1-ലെ ഇനം 5 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 6.10.1-ലെ 1-ാം ഇനമായി പരാമർശിച്ചിട്ടുള്ളതും ആയതിന്മേൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 19 പ്രകാരം ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

59. മരാമത്ത് വേലകളുടെ ഫയൽ, അളവ് പുസ്തകം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്നും പ്രസ്തുത വേലകൾക്ക് പേമെന്റ് നൽകിയ സെക്രട്ടറി മരണപ്പെട്ടുവെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും മറുപടി ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

60. ജീവനക്കാർക്ക് നൽകിയ മുൻകൂർ തുകയായ 1,45,710 രൂപയിൽ 1,28,210 രൂപ അഡ്ജസ്റ്റ് ചെയ്തത് സംബന്ധിച്ച അഡ്വാൻസ് രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ടെന്നും അവശേഷിച്ച 17,500 രൂപ ബന്ധപ്പെട്ട യു.ഡി. ക്ലാർക്കിന്റെ ശമ്പളത്തിൽ നിന്നും 2010 ഓഗസ്റ്റ് മാസം മുതൽ ഈടാക്കിവരുന്നതായുമുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

61. വിവിധ വൗച്ചറുകളിൽ നൽകിയ തുകയ്ക്കുള്ള സാധൂകരണ/വിനിയോഗ രേഖകളായ അകിറ്റൻസ് രജിസ്റ്ററുകൾ, ക്യാഷ് ബുക്കുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയതായി തദ്ദേശസ്വയംഭരണ വകുപ്പും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

62. 30 വനിതകൾക്ക് കൈത്തറി പരിശീലനം നൽകുന്നതിന് കടത്തനാട് വ്യവസായ സഹകരണ സംഘത്തിന് ഒരു ലക്ഷം രൂപ നൽകിയെങ്കിലും പദ്ധതി നിർവ്വഹണരേഖകൾ ഹാജരാക്കിയില്ല എന്ന ഓഡിറ്റ് തടസ്സത്തിന് പണം ചെലവഴിച്ചതിന്റെയും പരിശീലനം നൽകിയതിന്റെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

63. ചുള്ളിയിൽ പാലംപണി ഫയൽ സംബന്ധിച്ച ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട് എന്ന വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

**കുഞ്ഞിരാമൻ വക്കീൽ പാലം പണി : ലക്ഷങ്ങളുടെ ചോർച്ച**

**(2001-02 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2-31, 2000-01 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 39)**

**ഘടനയും രൂപകൽപ്പനയും അടിക്കടി മാറ്റിമറിച്ചതിനാൽ കുഞ്ഞിരാമൻ വക്കീൽ പാലം പണിയിൽ ലക്ഷങ്ങളുടെ ചോർച്ച.**

18,50,000 രൂപ എസ്റ്റിമേറ്റിൽ തുടങ്ങിയ പാലം പണി 132 ശതമാനം അധികരിച്ച് 42,76,000 രൂപയ്ക്കാണ് നഗരസഭ അവസാന ബിൽ തീർപ്പാക്കിയത്. പുറമെ അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുത്തതിലെ അപാകതകൾമൂലവും നഗരസഭാ ഫണ്ടിന് നഷ്ടമുണ്ട്.

പാലംപണിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ നഗരസഭയുടെ കെടുകാര്യസ്ഥതയും ആസൂത്രണരാഹിത്യവും വ്യക്തമാണ്. 1976-77-ലാണ് പാലം പണിക്ക് തുടക്കം കുറിച്ചത്. എന്നാൽ യഥാർത്ഥത്തിൽ പാലം പണി തുടങ്ങിയത് 1998-99 ലും.

1998-99-ലെ വാർഷിക പദ്ധതിയിലാണ് 18,50,000 രൂപ എസ്റ്റിമേറ്റിൽ പണി തുടങ്ങിയത്. 160% ടെണ്ടർ അധികം കരാറുകാർ ആവശ്യപ്പെട്ടതിനാൽ ടെണ്ടർ നടന്നില്ല. തുടർന്ന് നഗരസഭ നേരിട്ട് നിർവ്വഹിക്കുകയായിരുന്നു. മൂന്ന് വർഷം പണിതാണ് പാലം പൂർത്തിയാക്കിയത്. ഇതിനിടയിൽ ഘടനയും രൂപകൽപനയും പലതവണ നഗരസഭ മാറ്റിമറിച്ചു. ആദ്യം മൂന്ന് മീറ്റർ വീതിയിൽ പണിയാൻ തീരുമാനിച്ചത് പിന്നീട് 7 മീറ്ററാക്കി. നഗരസഭയുടെ തെറ്റായ നടപടികളിലൂടെ പൊതുപണം ലക്ഷങ്ങളാണ് ചോർന്നത്.

1996-ലെ ഷെഡ്യൂൾ നിരക്കിലായിരുന്നു എസ്റ്റിമേറ്റ്. പണി അനന്തമായി നീണ്ടിട്ടും എസ്റ്റിമേറ്റ് പുതുക്കിയില്ല. എസ്റ്റിമേറ്റ് പുതുക്കി സാങ്കേതികാനുമതിക്ക് നഗരസഭ ശ്രമിക്കുന്നത് പണി പൂർത്തിയായി രണ്ട് വർഷം കഴിഞ്ഞാണെന്ന് കാണുന്നു. പണി കഴിഞ്ഞ് സാങ്കേതികാനുമതിക്ക് ശ്രമിക്കുന്നത് അർത്ഥശൂന്യമാണ്. പുതുക്കിയ എസ്റ്റിമേറ്റിനും രൂപകൽപ്പനയ്ക്കും ഡി.എൽ.ടി.സി. അംഗീകാരമില്ലാതെ പണി പൂർത്തിയാക്കിയത് മരാമത്ത് ചട്ടങ്ങളുടെ ലംഘനമാണ്. യാതൊരു നിയമങ്ങളും പാലിക്കാതെയാണ് നഗരസഭ പാലം പണിതതെന്ന് ഇതിൽ വ്യക്തമാണ്. മാത്രമല്ല 1996-ലെ ഷെഡ്യൂൾ നിരക്കിൽ കൂടുതൽ തുക നൽകിയതായും കാണുന്നു. ഈ ഇനത്തിൽ 3,16,310 രൂപ അധികം നൽകി.

പാലത്തിന്റെ അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുത്തതിന് കളക്ടർ നിർണ്ണയിച്ച വിലയിൽ അധികം നൽകിയതിനാൽ നഗരസഭാ ഫണ്ടിന് 54,504 രൂപയുടെ നഷ്ടം കാണുന്നു.

മരാമത്ത് നിയമങ്ങൾ കാറ്റിൽ പറത്തി നഗരസഭാഫണ്ട് ലക്ഷങ്ങളുടെ ചോർച്ചയ്ക്കിടയാക്കിയ പാലം പണി വിദഗ്ദ്ധ സമിതിയുടെ അന്വേഷണത്തിന് വിഷയമാക്കി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.21.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽനിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

64. പാലത്തിന്റെ പണി പൂർത്തിയായതായി സെക്രട്ടറി സമിതിയിൽ അറിയിച്ച സാഹചര്യത്തിൽ ഫൈനൽ മെഷർമെന്റ് ഓഡിറ്റിന് പരിശോധനയ്ക്കായി അടിയന്തരമായി ഹാജരാക്കാൻ വടകര മുനിസിപ്പാലിറ്റി സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി.

സമിതി നിർദ്ദേശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

65. 'ഫൈനൽ മെഷർമെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്'.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

66. അളവ് പുസ്തകം നമ്പർ 58/98-99 പേജ് 69 മുതൽ 100 വരെയും അളവ് പുസ്തകം നമ്പർ 63/98-99 പേജ് 84 മുതൽ 85 വരെ രേഖപ്പെടുത്തിയ അളവുകളുടെ

സംക്ഷിപ്തം ഹാജരാക്കിയത് പരിശോധിച്ചു. മൊത്തം പ്രവൃത്തിമൂല്യം താഴെകൊടുത്ത പ്രകാരമാണ് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്:

| | | |
|---|---|---|
| 1996-ലെ പൊതുമരാമത്ത് നിരക്കിൽ പ്രവൃത്തിമൂല്യം | .. | 36,20,726.10 |
| ജി.ഒ. (പി) 218/98/എൽ.എ.ഡി./23-10-1998-ലെ ഉത്തരവ് പ്രകാരം അനുവദനീയമായ 40% വർദ്ധനവ് | .. | 14,48,290.40 |
| ആകെ | .. | 50,69,016.50 |

67. നഗരസഭ ഡിപ്പാർട്ട്മെന്റിലായി നിർവ്വഹിച്ച പ്രവൃത്തിക്ക് 42,76,000 രൂപയുടെ ചെലവ് 14-6-2001-ലെ 14-ാം നമ്പർ തീരുമാനപ്രകാരം വടകര നഗരസഭാ കൗൺസിൽ തിരുമാനിച്ചിട്ടുണ്ട്.

### നിഗമനങ്ങൾ/ശിപാർശകൾ

**68. സമിതിയുടെ തെളിവെടുപ്പ് യോഗത്തിലെ നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് അനുസരിച്ച് പാലത്തിന്റെ പണിപൂർത്തിയാക്കിയത് സംബന്ധിച്ച 50,69,016 രൂപ ചെലവായ പ്രസ്തുത പ്രവൃത്തിക്ക് 42,76,000 രൂപയുടെ ചെലവ് നഗരസഭാ കൗൺസിൽ അംഗീകാരം നല്കിയതായാണ് കാണുന്നത്. ഈ സാഹചര്യത്തിൽ അവശേഷിക്കുന്ന തുകയുടെ ക്രമീകരണം സംബന്ധിച്ച വിശദാംശങ്ങൾ കൂടി സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**വെള്ളക്കരം ഉപഭോഗം കണക്കാക്കാതെ ലക്ഷങ്ങൾ പാഴാക്കുന്നു**

**(1994-95 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 14)**

**കുടിവെള്ളത്തിന്റെ ഉപഭോഗം കണക്കാക്കാതെ നഗരസഭ ലക്ഷങ്ങൾ ജല അതോറിറ്റിക്ക് വെള്ളക്കരം നൽകുന്നു.**

**1994-95-ൽ 5,29,788 രൂപയാണ് തെരുവുകളിൽ വെള്ളമെത്തിച്ചതിന് ജല അതോറിറ്റിക്ക് കുടിശ്ശികയായി നഗരസഭ അടച്ചതായി കാണുന്നത്.**

അതോറിറ്റി വിതരണം ചെയ്തതും നഗരസഭ ഉപയോഗിച്ചതുമായ വെള്ളത്തിന്റെ അളവ്, നിരക്ക് എന്നിവ തെളിയിക്കുന്ന രേഖകൾ ലഭ്യമല്ല. സാധൂകരണരേഖയില്ലാതെ ലക്ഷങ്ങൾ ചെലവഴിക്കുന്നത് സംശയാസ്പദമാണ്. മാത്രമല്ല സർക്കാർ സ്ഥാപനത്തിനാണെങ്കിലും ഇത്തരത്തിൽ പണം നൽകുന്നത് നഗരസഭയുടെ ധനസ്ഥിതി തകർക്കുന്നതാണ്.

കുടിവെള്ള ഉപഭോഗം കൃത്യമായി കണക്കാക്കി വെള്ളക്കരം നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.21.3.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

69. ടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിന് പൊതുജനങ്ങൾ അനുവദിക്കുന്നില്ലെന്നും ആയതിനെതിരെ പിക്കറ്റിംഗും രൂക്ഷമായ സമരവും നടക്കുന്നുണ്ടെന്നും സമിതിയുടെ ബന്ധപ്പെട്ട ചോദ്യത്തിന് മറുപടിയായി നഗരസഭാസെക്രട്ടറി അറിയിച്ചു. കുടിവെള്ളത്തിന്റെ ഉപഭോഗം കൃത്യമായി കണക്കാക്കിയാണ് വെള്ളക്കരം നൽകുന്നതെങ്കിൽ പരാമർശ സംബന്ധിയായ വിഷയം ഒഴിവാക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

**നിഗമനങ്ങൾ/ശിപാർശകൾ**

**70. നഗരസഭ വിനിയോഗിക്കുന്ന വെള്ളത്തിന് കൃത്യമായ കണക്ക് സൂക്ഷിക്കണമെന്നും, അതിനനുസൃതമായി വെള്ളക്കരം അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു. അപ്രകാരം വെള്ളത്തിന്റെ ഉപഭോഗം കൃത്യമായി കണക്കാക്കിയാണ് വെള്ളക്കരം നൽകുന്നതെങ്കിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കെട്ടിട നികുതി ഈടാക്കിയില്ല**
**[2000-01 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 22(2)]**

**അസസ് ചെയ്ത കെട്ടിടങ്ങളുടെ നികുതി ഈടാക്കിയില്ല.**

2000-01 അസസ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി ചുമത്തിയ കെട്ടിടങ്ങളുടെ നികുതിയാണ് ഈടാക്കാനുള്ളത്. ഈ ഇനത്തിൽ നഗരസഭയ്ക്ക് 84,081 രൂപയുടെ നഷ്ടമുണ്ട്. നഷ്ടം ക്രമീകരിക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.21.4.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

71. കെട്ടിടനികുതി ഈടാക്കിയില്ല എന്ന പരാമർശത്തിൽ, പരാമർശക്കാലയളവിലെ നികുതി പിരിച്ചെടുക്കാൻ ബാദ്ധ്യസ്ഥനായിരുന്നതും നികുതി ബാക്കിവെച്ചുകൊണ്ട് ട്രാൻസ്ഫറിന് റെക്കമെന്റ് ചെയ്തിട്ടുള്ളതുമായ റവന്യൂ ഇൻസ്പെക്ടറിൽനിന്ന് തുക ഈടാക്കാൻ അടിയന്തരനടപടി സ്വീകരിക്കണമെന്ന് നഗരസഭാ സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി. അല്ലെങ്കിൽ ഡിമാന്റ് രജിസ്റ്ററിൽ കെട്ടിടം ഇല്ലെങ്കിൽ കെട്ടിടം കെട്ടിയിട്ടില്ല എന്ന കൗൺസിൽ തീരുമാനിച്ച് വിഷയം ഒഴിവാക്കാവുന്നതുമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

72. 'കെട്ടിടനികുതിയിനത്തിൽ പിരിച്ചെടുക്കാനുള്ള 84,081 രൂപയിൽ 67,852 രൂപ പിരിച്ചെടുത്തത് സംബന്ധിച്ച രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. ശേഷിക്കുന്ന 16,229 രൂപയും ഈടാക്കിയിട്ടുണ്ട്. രജിസ്റ്ററുകൾ പരിശോധനയ്ക്കായി ഓഡിറ്റ് വിഭാഗത്തിന് ഹാജരാക്കുന്നതാണ്'.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

73. കെട്ടിടനികുതിയിനത്തിൽ പിരിച്ചെടുക്കാനുള്ള 84,081 രൂപയിൽ 67,852 രൂപ പിരിച്ചെടുത്തത് ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ചു ബോധ്യപ്പെട്ടു. പിരിച്ചെടുക്കാൻ ബാക്കിയുള്ള 16,229 രൂപ പിരിച്ചെടുത്തതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ബാക്കി തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കാൻ നിർദ്ദേശിക്കാവുന്നതാണ്.

### നിഗമനങ്ങൾ/ശിപാർശകൾ

**74. കെട്ടിടനികുതിയിനത്തിൽ പിരിച്ചെടുക്കാനുള്ള മുഴുവൻ തുകയും ഈടാക്കിയിട്ടുണ്ടെന്നും ആയത് സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധനയ്ക്കായി ഓഡിറ്റ് വിഭാഗത്തിന് ഹാജരാക്കുന്നതാണെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിശദീകരണത്തിന്മേലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം കെട്ടിടനികുതിയിനത്തിൽ പിരിച്ചെടുക്കാനുള്ള 84,081 രൂപയിൽ 67,852 രൂപ മാത്രമേ പിരിച്ചെടുത്തതായി കാണുന്നുള്ളൂ. ബാക്കി തുകയായ 16,229 രൂപ പിരിച്ചെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല എന്നതിനാൽ നഷ്ടത്തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണെന്നും സമിതി മുമ്പാകെ നൽകുന്ന റിപ്പോർട്ടുകളിൽ ഇത്തരം വാസ്തവവിരുദ്ധമായ വസ്തുതകൾ കടന്നുകൂടുന്നത് ഒഴിവാക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഉപതൊഴിൽ പരിശീലനം വിജയിച്ചില്ല**

**(2000-01 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 33)**

മത്സ്യത്തൊഴിലാളി കുടുംബത്തിലെ സ്ത്രീകൾക്ക് ഉപതൊഴിലുകളിൽ പരിശീലനം നൽകി സാമ്പത്തിക സ്വാശ്രയത്വം സാധ്യമാക്കാൻ നഗരസഭ നടപ്പാക്കിയ പദ്ധതി ലക്ഷ്യം നേടിയില്ല.

ആസൂത്രണത്തിലെ വൈകല്യങ്ങളും നിർവ്വഹണത്തിലെ പിടിപ്പുകേടും പദ്ധതി പാഴ്ച്ചെലവാക്കി 2000-2001-ലാണ് 1 ലക്ഷം രൂപ അടങ്കലിൽ പദ്ധതി നടപ്പാക്കിയത്.

ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് മുതൽ പഠിതാക്കൾ നിർമ്മിച്ച ഉല്പന്നങ്ങളുടെ വിപണനത്തിൽവരെ കെടുകാര്യസ്ഥത വ്യാപകമാണ്. പ്രധാന അപാകതകൾ താഴെ വിവരിക്കുന്നു:

(1) ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിലെ അപാകതകൾ കാരണം ആകെ 30 ഗുണഭോക്താക്കളിൽ 3 കുട്ടികൾ ഉൾപ്പെടുന്നു.

(2) മുള ഉപയോഗിച്ചുള്ള ഉല്പന്നനിർമ്മാണം, ചോക്ക് നിർമ്മാണം, ബുക്ക് ബയന്റിംഗ് എന്നിവയിൽ പരിശീലനം നൽകാൻ കരാർവെച്ച സ്ഥാപനം, പരിശീലനത്തിന് ഉപകരാർ നൽകി. കരാർ ലംഘനത്തിനെതിരെ നഗരസഭ നിയമ നടപടി സ്വീകരിച്ചില്ല.

(3) ഗുണഭോക്താക്കൾ പരിശീലന കേന്ദ്രത്തിൽ ഹാജരായി തൃപ്തികരമായി പരിശീലനം പൂർത്തിയാക്കിയതിന് തെളിവില്ല.

(4) പരിശീലകർ നിർമ്മിച്ച ഉല്പന്നങ്ങൾ വിറ്റഴിച്ചില്ല. 536 വിവിധയിനം ഉല്പന്നങ്ങൾ അലക്ഷ്യമായി ഇട്ടിരിക്കുന്നു. പരിശീലന പദ്ധതി പരാജയപ്പെട്ടത് അന്വേഷിക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.21.5.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

75. ഗുണഭോക്താക്കൾ പരിശീലനത്തിന് ഹാജരായി തൃപ്തികരമായി പരിശീലനം പൂർത്തിയാക്കിയതിന് തെളിവായ ഹാജർ പുസ്തകവും അവർക്ക് നൽകിയ സർട്ടിഫിക്കറ്റുകളും ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ നിന്ന് വാങ്ങി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്താൻ നഗരസഭാ സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി. ആയത് പരിശോധിച്ച് ഓഡിറ്റ് വകുപ്പ് സമിതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കാമെന്ന് സമിതി അഭിപ്രായപ്പെട്ടു.

സമിതി നിർദ്ദേശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

76. 'ഗുണഭോക്താക്കൾ പരിശീലനം പൂർത്തിയാക്കിയത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ ഫിഷറീസ് സബ് ഇൻസ്പെക്ടർ ഹാജരാക്കിയ ഹാജർപട്ടികയും വിശദീകരണവും ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്'.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

77. വടകര നഗരസഭയിൽപ്പെട്ട തീരദേശ മേഖലയിലെ തെരഞ്ഞെടുത്ത 30 മത്സ്യത്തൊഴിലാളി വനിതകൾക്ക് 22-2-2001 മുതൽ 31-7-2001 വരെ പരിശീലനം നൽകിയതായും പരിശീലനം വിജയകരമായി പൂർത്തീകരിച്ചതായും രേഖപ്പെടുത്തിയ മലബാർ തീരദേശ പരിശീലനകേന്ദ്രം (മിക്രത) ഡയറക്ടറുടെ കത്തും പരിശീലനത്തിൽ പങ്കെടുത്തവരുടെ ഹാജർപട്ടികയും നിർവ്വഹണോദ്യോഗസ്ഥനായ ഫിഷറീസ് സബ് ഇൻസ്പെക്ടർ നഗരസഭാ സെക്രട്ടറി മുഖേന 25-2-2011-ന് ഹാജരാക്കി. നഗരസഭ സമർപ്പിച്ച വിശദീകരണത്തിന്റെയും രേഖകളുടെയും അടിസ്ഥാനത്തിൽ തടസ്സം ഒഴിവാക്കാവുന്നതാണ്.

**നിഗമനങ്ങൾ/ശിപാർശകൾ**

**78. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിനും കരാർ കൊടുത്തതിനുമുള്ള വിശദീകരണം തൃപ്തികരമായതിന്റെയും ഗുണഭോക്താക്കൾ പരിശീലനം പൂർത്തിയാക്കിയതിന്റെ തെളിവായി ഹാജർ പുസ്തകവും ഓഡിറ്റിന് നൽകിയതായുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ടിന്റെയും ആയത് പരിശോധിച്ചതായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ചെലവ് 6.13 ലക്ഷം; വർഷങ്ങൾ കഴിഞ്ഞിട്ടും മാലിന്യസംസ്കരണി പ്രവർത്തിച്ചില്ല**

**[2000-01 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക; 34 (1)(2).]**

നഗരസഭയുടെ ആസൂത്രണരാഹിത്യവും കെടുകാര്യസ്ഥതയും ലക്ഷങ്ങൾ ചെലവഴിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും വടകര സർക്കാർ ആശുപത്രിയിൽ മാലിന്യസംസ്കരണി യാഥാർത്ഥ്യമാക്കിയില്ല.

1997-98-ലാണ് ആശുപത്രി മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വൈദ്യുത ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയത്. ആദ്യ അടങ്കൽ 5.5 ലക്ഷമായിരുന്നത് 7,86,000 രൂപയായി വർദ്ധിപ്പിച്ചു. 2001-02 വരെ പദ്ധതിക്ക് 6,13,500 രൂപ ചെലവ് കാണുന്നു. ഇതിനിടയിൽ വൈദ്യുതീകരണം, ഇൻസിനറേറ്റർ കെട്ടിടം പണി എന്നിവ പൂർത്തിയായിട്ടും സംസ്കരണി പ്രവർത്തിച്ചില്ല. മാത്രമല്ല വർഷങ്ങൾക്ക് മുൻപ് വാങ്ങിയ ഇൻസിനറേറ്റർ ഉപയോഗിക്കാതെ നശിച്ചുകൊണ്ടിരിക്കുകയാണ്.

സ്ഥലം കണ്ടെത്തൽ, കെട്ടിടം പണി, വൈദ്യുതീകരണം, ഇൻസിനറേറ്റർ വാങ്ങൽ എന്നിങ്ങനെ മുൻഗണനാക്രമത്തിൽ പുരോഗമിക്കേണ്ട പദ്ധതി നിർവ്വഹണം നഗരസഭ തെറ്റിച്ചു. മുൻഗണനാക്രമം തെറ്റിച്ചതോടെ അനാവശ്യച്ചെലവുകൾ പെരുകുകയും പദ്ധതി പൂർത്തീകരണം നീളുകയും ചെയ്തു.

കെട്ടിടം പണിയുന്നതിന് മുമ്പ് 6/98-ൽ വൈദ്യുതീകരണത്തിന് 3,16,000 രൂപ കെ.എസ്.ഇ.ബി. വടകര നോർത്ത് യൂണിറ്റിൽ അടച്ചു. അടവ് രേഖകൾ ലഭ്യമല്ല. പണം അടച്ച് വർഷങ്ങൾ കഴിഞ്ഞ് 29-12-2001-ൽ മാത്രമാണ് വൈദ്യുതീകരണത്തിന്റെ ഭാഗമായുള്ള ട്രാൻസ്ഫോർമർ സ്ഥാപിച്ചത്. കെ.എസ്.ഇ.ബി.-ക്ക് പലിശ ലഭിക്കുംവിധം രണ്ട് വർഷത്തോളം പൊതുപണം നിക്ഷേപമാക്കിയത് ഗുരുതരമായ വീഴ്ചയാണ്. മാത്രമല്ല മാലിന്യസംസ്കരണി സ്ഥാപിക്കുന്നതിന് കെട്ടിടം പണിതത് ആദ്യസ്ഥലത്തു നിന്ന് മാറിയതിനാൽ വൈദ്യുതീകരണത്തിന് അധികം കമ്പിവലിക്കേണ്ടിവന്നു. ആദ്യ എസ്റ്റിമേറ്റിൽ നിന്നും വൈദ്യുതീകരണത്തിന് നഗരസഭ 30,000 രൂപ അധികം അടയ്ക്കേണ്ടിവന്നു. നഗരസഭയുടെ കെടുകാര്യസ്ഥതയാൽ വന്ന അധിക ചെലവ് ന്യായീകരിക്കാവുന്നതല്ല.

മാലിന്യസംസ്കരണി സ്ഥാപിക്കുന്നതിന് ആശുപത്രിവളപ്പിൽ കെട്ടിടം പണിയാൻ നഗരസഭ തീരുമാനിച്ചത് വൈദ്യുതീകരണത്തിന് തുക നിക്ഷേപിച്ച് രണ്ട് വർഷത്തിലധികം കഴിഞ്ഞ് 11/2000ലാണ്. ഗുണഭോക്തൃ സമിതി കൺവീനർക്ക് 95,000 രൂപ നൽകിയെങ്കിലും പണിയുടെ മൂല്യനിർണ്ണയ/ചെലവ് രേഖകൾ ലഭ്യമല്ല.

കെട്ടിടം പണി, വൈദ്യുതീകരണം എന്നിവ പൂർത്തിയായശേഷം അവസാനഘട്ടത്തിൽ വേണ്ട ഇൻസിനറേറ്റർ വാങ്ങാൻ 7/2000-ൽ തന്നെ നഗരസഭ തീരുമാനിച്ചു. 3,45,000 രൂപയുടെ ഇൻസിനറേറ്റർ 11/2000-ൽ തന്നെ നഗരസഭാ ഓഫീസിൽ എത്തി. 12/2001-ൽ വിലയുടെ 50% (1,72,500 രൂപ) നൽകി. ബാക്കി 1,72,500 രൂപ കൊടുത്ത് തീർക്കാനുണ്ട്.

വൈദ്യുതി ബോർഡിന് അധികം നൽകേണ്ട 30,000 രൂപയും ഇൻസിനറേറ്റർ വില ബാക്കി 1,72,500 രൂപയും ഉൾപ്പെടെ 2,02,500 രൂപ ഇനിയും പദ്ധതിയിൽ തീർപ്പാക്കാനുണ്ട്. ഇതുകൂടിയാകുമ്പോൾ പദ്ധതി ചെലവ് പുതുക്കിയ അടങ്കലും കവിയും.

നഗരത്തിലെ സ്വകാര്യ ആശുപത്രികളുടെ സംഭാവന (3,50,000 രൂപ) ഉൾപ്പെടുത്തി അടങ്കൽ കണക്കാക്കിയാണ് ജില്ലാ ആസൂത്രണ സമിതി പദ്ധതിക്ക് അംഗീകാരം നൽകിയത്. എന്നാൽ സംഭാവന പിരിച്ചതിന് തെളിവില്ല.

മാലിന്യസംസ്കരണി യാഥാർത്ഥ്യമാക്കേണ്ടതും പദ്ധതി നിർവ്വഹണം സമഗ്രാന്വേഷണത്തിന് വിഷയമാക്കേണ്ടതുമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06; ഓഡിറ്റ് ഖണ്ഡിക നമ്പർ 3.21.6.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

79. ആശുപത്രി വികസന സമിതിയാണ് മാലിന്യ സംസ്കരണിയുടെ നിയന്ത്രണവും പണിയും ചെയ്തിരുന്നതെന്നും ഇൻസിനറേറ്റർ ഇല്ലാത്തതിനാൽ മാലിന്യസംസ്കരണി ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി സെക്രട്ടറി അറിയിച്ചു. മാലിന്യസംസ്കരണി സ്ഥാപിച്ച കമ്പനിക്ക് കൊടുത്ത തുക തിരിച്ചീടാക്കാൻ

ആശുപത്രി വികസന സമിതിയുടെ ഭാഗത്തുനിന്നും നടപടികൾ ഒന്നും ഉണ്ടാകുന്നില്ലെങ്കിൽ തിരികെ നൽകാം എന്ന് കമ്പനി അറിയിച്ച തുക അടിയന്തരമായി ആർ.ആർ. നടപടിയിലൂടെ മുനിസിപ്പാലിറ്റി ഈടാക്കി സമിതിയിൽ റിപ്പോർട്ട് ചെയ്യണമെന്ന് സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി.

80. വൈദ്യുതീകരണത്തിനായി ഇലക്ട്രിസിറ്റി ബോർഡിൽ അടച്ച 3,16,000 രൂപയെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് വൈദ്യുതീകരണത്തിനായുള്ള ട്രാൻസ്ഫോർമർ സ്ഥാപിച്ചു കഴിഞ്ഞതായും മുഴുവൻ തുകയും ചെലവഴിച്ചതായും സെക്രട്ടറി സമിതിയിൽ അറിയിച്ചു. 3,16,000 രൂപയും ചെലവഴിച്ചു എന്നതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് വാങ്ങണമെന്ന് സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു. പൂർത്തിയാകാതെകിടക്കുന്ന കെട്ടിടം പൂർത്തിയാക്കി ആശുപത്രിയുടെ മറ്റേതെങ്കിലും ആവശ്യത്തിനായി ഉപയോഗിക്കണമെന്നും ട്രാൻസ്ഫോർമർ പൊതുജനങ്ങളുടെ ആവശ്യത്തിനായി ഉപയോഗിക്കണമെന്നും സമിതി സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

സമിതി നിർദ്ദേശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

81. "(i) പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഗവ. ആശുപത്രി സൂപ്രണ്ട് 1-8-2011-ലെ സി3/204/98 നമ്പർ കത്ത് മുഖേന നൽകിയ മറുപടി ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. കമ്പനി നിരതദ്രവ്യമായി ഒടുക്കിയ 17,250 രൂപ സർക്കാരിലേക്ക് മുതൽകൂട്ടുന്നതിനും കമ്പനി ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് ആശുപത്രിയിൽ നൽകിയ ഉപകരണങ്ങൾ ലേലം ചെയ്ത് ബാക്കിവരുന്ന നഷ്ടം നികത്താൻ ഈ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതിന് അനുമതിക്കായും ഗവ. ആശുപത്രി സൂപ്രണ്ട് ടി കത്തിൽ അപേക്ഷിച്ചിട്ടുണ്ട്".

82. (ii) കെ.എസ്.ഇ.ബി.-ക്ക് നൽകിയ 3,16,000 രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ട്. ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ടെന്ന് ആശുപത്രി സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്.

83. (iii) കെട്ടിടം, ആശുപത്രിയുടെതന്നെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ടെന്ന് കാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ വടകര ഗവ. ആശുപത്രി സൂപ്രണ്ട് മറുപടി നൽകിയിട്ടുണ്ട്. ആയത് ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ട്.

സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

84. മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കമ്പനിയിൽ നിന്ന് തിരിച്ചീടാക്കേണ്ട തുക ഈടാക്കി റിപ്പോർട്ട് ചെയ്യാനായിരുന്നു ബഹു. നിയമസഭാ സമിതിയുടെ നിർദ്ദേശം. എന്നാൽ വടകര താലൂക്ക് ആശുപത്രി സൂപ്രണ്ടിന്റെ 13-6-2011-ലെ സി3/204/98 നമ്പർ കത്ത് പ്രകാരം മാലിന്യസംസ്കരണി സ്ഥാപിക്കുന്നതിന് പയറോലേറ്റർ ആന്റ് പയറോലേറ്റർ എന്ന കമ്പനിക്ക് അഡ്വാൻസ് നൽകിയ തുക ഈടാക്കുന്നതിനായി സ്വീകരിച്ച റവന്യൂ റിക്കവറി നടപടി പൂർത്തിയാക്കാനാകാതെ

റിക്കവറി നോട്ടീസ് തിരിച്ചു വന്നിരിക്കുകയാണെന്നും കമ്പനിയിൽ നിന്നും സ്വീകരിച്ച നിരതദ്രവ്യം 17,250 രൂപ സർക്കാരിലേക്ക് മുതൽക്കൂട്ടാവുന്നതാണെന്നും ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് കമ്പനി നൽകിയ ഉപകരണങ്ങൾ ലേലം ചെയ്ത് ബാക്കിവരുന്ന നഷ്ടം നികത്തുന്നതിന് അനുമതി നൽകണമെന്നും വടകര താലൂക്ക് ആസ്ഥാന ആശുപത്രി സൂപ്രണ്ട് അപേക്ഷിച്ചിരിക്കുന്നത്.

85. മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുവാൻ വീഴ്ച വരുത്തിയ കമ്പനിയിൽ നിന്നും 1,72,500 രൂപ പിഴപ്പലിശ സഹിതം ഈടാക്കുവാൻ നടപടി സ്വീകരിക്കുവാനും നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുവാനും നിർദ്ദേശം നൽകാവുന്നതാണ്.

86. കെ.എസ്.ഇ.ബി.-ക്ക് നൽകിയ 3,16,000 രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റിന്റെ പകർപ്പ് പരിശോധിച്ചു. തടസ്സം ഒഴിവാക്കാവുന്നതാണ്.

87. ആശുപത്രിയിലെ 11 ഇലക്ട്രിക് കണക്ഷൻ ഒന്നാക്കി ട്രാൻസ്ഫോർമറും ജനറേറ്ററും സ്ഥാപിക്കുകയും ജനറേറ്ററിന്റെ അനുബന്ധ ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനായി ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് നിർമ്മിച്ച കെട്ടിടം ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ തടസ്സം ഒഴിവാക്കാവുന്നതാണ്.

**നിഗമനങ്ങൾ/ശിപാർശകൾ**

**88. ആശുപത്രിമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വൈദ്യുത ഇൻസിനറേറ്റർ സ്ഥാപിക്കുന്ന പദ്ധതിയുടെ വിജയസാധ്യത വിലയിരുത്താത്തതിന്റെയും നിർവ്വഹണത്തിന്റെ മുൻഗണനാക്രമം നിശ്ചയിക്കാത്തതിന്റെയും ഫലമായാണ് വൈദ്യുതീകരണം, കെട്ടിടംപണി, ഇൻസിനറേറ്റർ എന്നിവയ്ക്കായി 6,13,500 രൂപ ചെലവഴിച്ചിട്ടും പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കാതെപോയതെന്ന് സമിതി വിലയിരുത്തുന്നു. ഇൻസിനറേറ്റർ സ്ഥാപിക്കാത്തതിനാൽ കമ്പനിക്ക് നൽകിയ 1,72,500 രൂപ ഈടാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നു. സമിതി നിർദ്ദേശം നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച യാതൊരു പരാമർശവും ഇതു സംബന്ധിച്ച് 20-7-2012-ലെ കത്തുമുഖേന തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി നൽകിയ റിപ്പോർട്ടിൽ കാണുന്നില്ല. പ്രസ്തുത, കമ്പനി നിരതദ്രവ്യമായി ഒടുക്കിയതും യഥാർത്ഥ തുകയായ 1,72,500 രൂപയുടെ കേവലം 10% മാത്രം വരുന്നതുമായ 17,250 രൂപ മുതൽക്കൂട്ടുന്നതിനും കമ്പനി ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുന്ന ഉപകരണം ലേലം ചെയ്ത് തുക ഈടാക്കുവാനുമുള്ള നടപടി സ്വീകരിച്ചതായാണ് പരാമർശിച്ചിരിക്കുന്നത്. പ്രസ്തുത നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സമിതി നിർദ്ദേശത്തിന് വിരുദ്ധമായ നടപടി കൈക്കൊള്ളുന്നതിനുള്ള തീരുമാനത്തിലെത്തിയ സാഹചര്യവും ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരവും വ്യക്തമാക്കി റിപ്പോർട്ടു നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, നഗരസഭാ ഫണ്ടിൽ നിന്നും കമ്പനിക്ക് നൽകിയ തുക പലിശസഹിതം ഈടാക്കാനും നിരതദ്രവ്യം സർക്കാരിലേക്ക് മുതൽകൂട്ടുവാനുള്ള നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

**89. കെ.എസ്.ഇ.ബി.-യിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ആയതു സംബന്ധിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, പദ്ധതിയിൻകീഴിൽ നഗരസഭാ ഫണ്ട് ഉപയോഗിച്ച് സ്ഥാപിച്ച ട്രാൻസ്ഫോർമർ പൊതുജനങ്ങളുടെ ആവശ്യത്തിനായി ഉപയോഗിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി ആശുപത്രിയുടെ മറ്റേതെങ്കിലും ആവശ്യത്തിനായി വിനിയോഗിക്കണമെന്ന നിർദ്ദേശമനുസരിച്ച് ആശുപത്രിയുടെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തി നടത്തിപ്പിലെ അപാകത**

**[ഓഡിറ്റ് റിപ്പോർട്ട് 2002-2003 (ചെലവ്); ഖണ്ഡിക: 4-6]**

പഴയ എം.എസ്.പി. ഓഫീസ് മുതൽ വലിയ പറമ്പത്ത് കിഴക്കെ ബനേത്ത് തയ്യുള്ളിൽപറമ്പ് വരെയുള്ള റോഡ് സോളിംഗും, മെറ്റലിംഗും ചിപ്പിംഗ് കാർപ്പറ്റും നടത്തേണ്ടിയിരുന്ന പ്രവൃത്തിയിൽ സോളിംഗും മെറ്റലിംഗും നടത്തിയശേഷം ബിറ്റുമിൻ വിതരണം ചെയ്തില്ല എന്ന കാരണത്താൽ മൂന്നു വർഷം റോഡ് ടാർ ചെയ്യാതെ ഇട്ടു. തുടർന്ന് മൂന്ന് വർഷത്തിനുശേഷം ചിപ്പിംഗ് കാർപ്പറ്റ് പ്രവൃത്തിക്ക് റോഡ് അനുയോജ്യമല്ലെന്ന് കണ്ടതിനാൽ നഗരസഭാധികാരികളുടെ നിർദ്ദേശാനുസരണം കരിങ്കല്ല് പാകിയതിനാലും സെമിഗ്രൗട്ടിംഗ് പ്രവൃത്തി ചെയ്യേണ്ടി വന്നതിനാലും അധിക ചെലവ് 71,077 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07, ഓഡിറ്റ് ഖണ്ഡിക നമ്പർ 4.25.1.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

90. റോഡിന്റെ നിലവിലെ സ്ഥിതിയെന്തെന്ന് സമിതി ആരാഞ്ഞതിന് റോഡിന്റെ പണി പൂർത്തിയാക്കി കഴിഞ്ഞുവെന്നും ബി.എസ്.എൻ.എൽ. കേബിൾ ഇടുന്നതിന് റോഡ് കട്ട് ചെയ്തതുകൊണ്ട് ആ ഭാഗം കരിങ്കൽ പാകിയിട്ട് റീ മെറ്റലിംഗ് നടത്തേണ്ടി വന്നുവെന്നും സെക്രട്ടറി അറിയിച്ചു. തൃപ്തികരമായ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**91. റോഡിന്റെ പണിക്ക് ആവശ്യമായ ടാർ ലഭ്യമല്ലാതിരുന്നതിനാലാണ് ടാർ നൽകുവാൻ കഴിയാതിരുന്നതെന്നും പഴയ നിരക്കിൽ തുക നൽകി പണി പൂർത്തീകരിച്ചെന്നും മനഃപൂർവ്വമല്ലാത്ത കാരണത്താലാണ് പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം നേരിട്ടതെന്നുമുള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്റ്റേഡിയം അഭിവൃദ്ധിപ്പെടുത്തൽ (രണ്ടാം റീച്ച്) റോളറുപയോഗിച്ച് നിരപ്പാക്കാതിരുന്നതിന് ആനുപാതികമായി തുക കുറയ്ക്കാതെ നൽകി**

**(ഓഡിറ്റ് റിപ്പോർട്ട് 2002-2003 ചെലവ് ഖണ്ഡിക 5-2)**

മണ്ണിന് ഘനമീറ്ററിന് 74 രൂപ നിരക്കിൽ പവർ റോളർ ഉപയോഗിച്ച് നിരപ്പാക്കുന്ന പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പവർ റോളർ ഉപയോഗിക്കാതെ മണ്ണ് ഫിൽ ചെയ്യുകയും 9324.84 ഘനമീറ്റർ മണ്ണ് ഫിൽ ചെയ്തതിന് 73 രൂപ നിരക്കിൽ 6,80,713 രൂപ കൈപ്പറ്റുകയും ചെയ്തു. പവർ റോളർ ഉപയോഗിക്കാതെ മണ്ണ് ഫിൽ ചെയ്യുന്ന പ്രവൃത്തി എക്സ്ട്രാ ഇനമായി കണക്കാക്കി തുക നൽകിയതിനാൽ കൂടുതൽ വിശദീകരണത്തിനായി ചെലവ് തുക തടസ്സത്തിൽവെച്ചു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07; ഓഡിറ്റ് ഖണ്ഡിക നമ്പർ 4.25.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

92. ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഗ്രൗണ്ട് നിർമ്മാണ കമ്മിറ്റിയാണ് പ്രവൃത്തി ഏറ്റെടുത്ത് നടത്തിയതെന്നും 9,95,409 രൂപയുടെ പ്രവൃത്തിക്ക് 6,80,713 രൂപ മാത്രമാണ് നഗരസഭ നൽകിയതെന്നും ആയതിനാൽ ഗ്രൗണ്ട് നിർമ്മാണ കമ്മിറ്റിക്കാണ് നഷ്ടം സംഭവിച്ചതെന്നും നഗരസഭയ്ക്ക് ഇക്കാര്യത്തിൽ നഷ്ടമോ ബാദ്ധ്യതയോ ഉണ്ടായിട്ടില്ലെന്നും സെക്രട്ടറി സമിതിയിൽ അറിയിച്ചു. പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**93. ഗ്രൗണ്ട് നിർമ്മാണ കമ്മിറ്റി ഏറ്റെടുത്ത് നടത്തിയ പ്രവൃത്തിക്ക്, പി.ഡബ്ല്യൂ.ഡി. നിരക്കനുസരിച്ചുള്ള നിരക്കു മാത്രമേ നഗരസഭ നൽകിയിട്ടുള്ളൂ എന്നതിനാൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് നഗരസഭയ്ക്ക് നഷ്ടമോ ബാദ്ധ്യതയോ ഉണ്ടായിട്ടില്ല എന്ന് നഗരസഭാ സെക്രട്ടറിയുടെ വിശദീകരണത്തിൽ നിന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ ടി തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുനിസിപ്പാലിറ്റി കമ്പ്യൂട്ടർവൽക്കരണ പദ്ധതി—പൂർത്തീകരിച്ചില്ല**

[ഓഡിറ്റ് റിപ്പോർട്ട് 2003-2004 (ചെലവ്); ഖണ്ഡിക 3-2]

സർക്കാർ ഉത്തരവ് പ്രകാരം നഗരസഭകളുടെ കമ്പ്യൂട്ടർവൽക്കരണം ഐ.കെ.എം.-നെ ഏൽപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വടകര നഗരസഭയുടെ കമ്പ്യൂട്ടർവൽക്കരണത്തിന് ഐ.കെ.എം. തയ്യാറാക്കിയ പദ്ധതിയുടെ ഒന്നാംഘട്ട ചെലവിനായി 2003-04 വർഷം

15,50,662 രൂപയും രണ്ടാംഘട്ട ചെലവിന് മുൻകൂറായി 2005-06 വർഷം 19,40,000 രൂപയും പ്ലാൻ ഫണ്ടിൽ നിന്നും ഐ.കെ.എം.-ന് നൽകിയിട്ടുണ്ട്. മേൽ പറഞ്ഞപ്രകാരം 35 ലക്ഷത്തോളം രൂപ വളരെ മുമ്പുതന്നെ കൈപ്പറ്റിയെങ്കിലും നാളിതുവരെയായി പദ്ധതി പൂർത്തീകരിക്കുകയോ കൈപ്പറ്റിയ തുകയ്ക്കുള്ള ചെലവ് സംബന്ധിച്ച് വിശദമായ രേഖകൾ നഗരസഭയ്ക്ക് നൽകുകയോ ചെയ്തിട്ടില്ല.

(1) ആദ്യഘട്ട പ്രവൃത്തിയിൽ മുനിസിപ്പാലിറ്റി നടത്തേണ്ട ജനനമരണ വിവാഹ രജിസ്ട്രേഷന്റെ ഡാറ്റാ എൻട്രി പ്രവൃത്തി അതിനായി മുനിസിപ്പാലിറ്റിയോട് നൽകാൻ നിർദ്ദേശിച്ച നിരക്കിൽ കൂടുതൽ തുക കണക്കാക്കി ഐ.കെ.എം. തന്നെ ഏറ്റെടുത്തതായി കണ്ടു. ഈയിനത്തിൽ എസ്റ്റിമേറ്റിലുൾപ്പെടുത്തിയ തുകയേക്കാൾ അധിക ചെലവ് കാണിച്ച് ആവശ്യപ്പെടുമ്പോഴും ഒരു വർഷത്തെ ഡാറ്റാ എൻട്രി മാത്രമാണ് അവർ നടത്തിയതെന്നും കാണുകയുണ്ടായി.

(2) സേവന തുടങ്ങിയ ഏഴോളം പാക്കേജുകൾ കസ്റ്റമൈസ് ചെയ്യേണ്ടതിൽ ഒന്നുമാത്രമാണ് പൂർത്തിയാക്കിയത്.

(3) ഫർണിച്ചർ മുനിസിപ്പാലിറ്റിയാണ് ലഭ്യമാക്കേണ്ടതെന്ന് ഐ.കെ.എം.മായുള്ള കരാറുടമ്പടിയിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഫർണിച്ചർ ചെലവും ഐ.കെ.എം.-ന്റെ ചെലവിനങ്ങളിൽ ഉൾപ്പെട്ടതായി കാണുന്നു. എന്നാൽ ഫർണിച്ചർ ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ നഗരസഭ ആവശ്യപ്പെടുകയോ ഐ.കെ.എം. നൽകുകയോ ചെയ്തിട്ടില്ല.

(4) ടെക്നിക്കൽ സപ്പോർട്ടിനും കൗണ്ടർ ഓപ്പറേഷനും ഏകപക്ഷീയമായി നിരക്ക് നിശ്ചയിച്ചതിനും സോഫ്റ്റ്വേർ ഇനങ്ങൾക്ക് എസ്റ്റിമേറ്റ് തുകയിലും അധികം ചെലവായതിനുമുള്ള രേഖകളോ കാരണങ്ങളോ നഗരസഭ ആവശ്യപ്പെടുകയോ ഐ.കെ.എം. നൽകുകയോ ചെയ്തിട്ടില്ല.

(5) ഐ.കെ.എം.മായി ചമച്ച കരാറുടമ്പടി ഒരു വർഷത്തേക്കായിരുന്നത് പുതുക്കാൻ നഗരസഭാധികൃതർ ഒരു ശ്രമവും നടത്തിയിട്ടില്ലെന്നുള്ളതും ഗുരുതരമായ വീഴ്ചയാണ്.

(6) ആദ്യഘട്ട പ്രവർത്തനത്തിന് എസ്റ്റിമേറ്റ് തുകയേക്കാൾ അധികചെലവ് കാണിക്കാൻ ഐ.കെ.എം. വ്യഗ്രതപ്പെടുമ്പോഴും ഇതിനകം കൈപ്പറ്റിയ തുകയുടെ ചെലവ് സംബന്ധിച്ച രേഖകൾ നഗരസഭയ്ക്ക് സമർപ്പിക്കാത്തതും നഗരസഭ ഫണ്ടും പദ്ധതി വിഹിതവും പാഴ്ചെലവാകുന്നതിന് കാരണമാകുമെന്ന് ഓഡിറ്റ് കരുതുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07; ഓഡിറ്റ് ഖണ്ഡിക നമ്പർ 4.25.3.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

94. ഐ.കെ.എം. ആണ് കമ്പ്യൂട്ടറൈസേഷൻ നടത്തുന്നതെന്നും കുറച്ച് പ്രവൃത്തികൾ കൂടി ബാക്കിയുണ്ടെന്നും സെക്രട്ടറി സമിതിയിൽ അറിയിച്ചു. പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**95. നഗരസഭ നൽകിയ തുകയ്ക്ക് ധനവിനിയോഗ സർട്ടിഫിക്കറ്റ് (ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത) ഐ.കെ.എം. ലഭ്യമാക്കിയിട്ടുണ്ടെന്നും ഇക്കാര്യത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്നുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**വെജിറ്റബിൾ മാർക്കറ്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് പരസ്യചാർജ് തിരിച്ച് പിടിച്ചില്ല. (2003-2004 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3)**

വെജിറ്റബിൾ മാർക്കറ്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് ബി.ഒ.ടി. വ്യവസ്ഥയിൽ നിർമ്മിക്കുന്നത് സംബന്ധിച്ച ബിഡ് ക്ഷണിക്കുന്നതിന് 1,72,141 രൂപ പരസ്യചാർജ് നൽകി. കൺസഷൻ എഗ്രിമെന്റ് ഒപ്പുവെയ്ക്കുന്ന ദിവസം കൺസൾട്ടന്റിന് പരസ്യചാർജിനത്തിൽ നൽകിയ തുക തിരിച്ച് മുനിസിപ്പാലിറ്റിക്ക് നൽകുന്നതാണെന്ന് കരാറിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും പരസ്യതുക തിരികെ ലഭിച്ചില്ല.

കൂടാതെ വൗച്ചർ കോപ്പിയായി ഫയലിൽ നിന്നും ലഭിച്ച മനോരമയുടെയും ദി ഹിന്ദുവിന്റെയും എഡിഷനിൽ കാണുന്ന പരസ്യത്തിന്റെ വലിപ്പവും ബില്ലിൽ രേഖപ്പെടുത്തിയ വലിപ്പവും തമ്മിൽ വ്യത്യാസമുണ്ട്. മാതൃഭൂമിയുടെ എല്ലാ കേരള എഡിഷനിലും ഇൻഡ്യൻ എക്സ്പ്രസ്സിലും പരസ്യം നൽകാനുള്ള കൗൺസിൽ തീരുമാനം കൺസൾട്ടൻസിയായ കിൻഫ്രയുടെ നിർദ്ദേശ പ്രകാരം മാറ്റി മനോരമയിലും ഹിന്ദു ഗ്രൂപ്പിന്റെ ബിസിനസ് ലൈൻ എന്ന മാഗസിനിലുമാണ് പരസ്യപ്പെടുത്താൻ തീരുമാനിച്ചത്. എന്നാൽ മാഗസിനിലല്ലാതെ ദി ഹിന്ദു ദിനപ്പത്രത്തിൽ പരസ്യം ചെയ്തതിലും ഇത്രയും ആകർഷകമായ പദ്ധതിക്ക് 2 ബിഡ് മാത്രം ലഭിച്ചതും വടകരയും പ്രാന്തപ്രദേശത്തും ലഭ്യമാകുന്ന ഓരോ എഡിഷനിൽ പരസ്യം ചെയ്തതു കൊണ്ടാവാമെന്ന് ഓഡിറ്റ് കരുതുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07; ഓഡിറ്റ് ഖണ്ഡിക നമ്പർ 4.25.4.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

96. പരസ്യചാർജ് തിരിച്ചീടാക്കിയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

97. **പ്രസ്തുത പദ്ധതിയുടെ കൺസഷനയർ ആയ ഹോളിഡേ സിറ്റി സെന്ററിൽ നിന്നും 2 ലക്ഷം രൂപയുടെ ചെക്ക് മുനിസിപ്പൽ അക്കൗണ്ടിൽ വരവ് വന്നിട്ടുള്ളത് പരിശോധിച്ചതായും ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്നുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നാരായണനഗരം ബസ് സ്റ്റാന്റ് ഷോപ്പ്—ചെയ്യാത്ത പ്രവൃത്തിക്ക് ബിൽ തയ്യാറാക്കി (ഓഡിറ്റ് റിപ്പോർട്ട് 2003-2004; ഖണ്ഡിക 3-12)**

നാരായണനഗരം ബസ് സ്റ്റാന്റ് ഷോപ്പിനു മുകളിൽ എ.സി. ഷീറ്റ് ഘടിപ്പിക്കുകയും റിപ്പയറും ചെയ്യുന്ന പ്രവൃത്തിക്ക് 4,50,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ മുനിസിപ്പൽ ചെയർമാൻ, വൈസ് ചെയർമാൻ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവരുടെ നിർദ്ദേശ പ്രകാരം 4 ഇനങ്ങൾ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തുക 3,76,048 രൂപയായി റിവൈസ് ചെയ്തെങ്കിലും ചെയർമാൻ നിർദ്ദേശിച്ച പ്രവൃത്തികൾ ഒന്നും ചെയ്തില്ല. കൂടാതെ ആദ്യ എസ്റ്റിമേറ്റിലെ 11, 12, 14 മുതൽ 20 വരെ ഇനങ്ങളിലുള്ള പ്രവൃത്തികൾ ചെയ്യാതെ, ഫ്ളോറിംഗ് പ്രവൃത്തി എക്സ്ട്രാ ഇനമായി ചെയ്തുവെന്നും എ.ഇ. നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതനുസരിച്ച് എം.ബുക്ക് നമ്പർ 30/99-00-ൽ എ.ഇ. സാക്ഷ്യപ്പെടുത്തിയ 3,73,508 രൂപയുടെ പ്രവൃത്തിമൂല്യത്തിനുള്ള സംക്ഷിപ്തം (പേജ് 78 മുതൽ 87 വരെ) വെട്ടിമാറ്റിയതായി കാണുന്നു. പുതിയ സംക്ഷിപ്തത്തിൽ (പേജ് 88) നോട്ട് ഫയലിലും വെട്ടിമാറ്റിയ സംക്ഷിപ്തത്തിലും ചെയ്തിട്ടില്ലെന്ന് കാണിച്ച രണ്ട് ഇനങ്ങൾ ഉൾപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. ടി ഇനങ്ങൾ എം.ബുക്ക് നമ്പർ 10/99-00 രേഖപ്പെടുത്തിയിട്ടുണ്ടെന്ന് മാറ്റിയെഴുതിയ സംക്ഷിപ്തത്തിൽ കാണിച്ചിട്ടുണ്ടെങ്കിലും ടി എം.ബുക്ക് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും നാളിതുവരെ ഓഡിറ്റിൽ ഹാജരാക്കിയിട്ടുമില്ല. ആയതിനാൽ ചെയ്യാത്ത പ്രവൃത്തി ഇനങ്ങൾക്ക് നൽകിയ 33,470 രൂപ നിരാകരിച്ചിട്ടുണ്ട്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07; ഓഡിറ്റ് ഖണ്ഡിക നമ്പർ 4.25.5.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

98. പ്രസ്തുത പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ രണ്ട് പ്രവൃത്തികൾകൂടി ചെയ്യണമെന്ന ചെയർമാന്റെ നിർദ്ദേശം അനുസരിച്ച് ടി പ്രവൃത്തികൾ ചെയ്യുകയും ആയതിന്റെ അളവുകൾ മറ്റൊരു എം.ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന് സെക്രട്ടറി സമിതിയിൽ അറിയിച്ചു. ആയത് ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തുവാൻ സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

99. 'അധികമായി ചെയ്ത പ്രവൃത്തികളെ സംബന്ധിച്ച 10/99-2000 നമ്പർ അളവ് പുസ്തകം ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ട്'.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

100. 10/99-00 നമ്പർ അളവ് പുസ്തകം പരിശോധിച്ചു. ചെലവ് ക്രമപ്രകാരമാണെന്ന് ബോധ്യപ്പെട്ടു. തടസ്സം ഒഴിവാക്കാവുന്നതാണ്.

**നിഗമനങ്ങൾ/ശിപാർശകൾ**

**101. നാരായണനഗരം ബസ് സ്റ്റാൻഡ് ഷോപ്പുമായി ബന്ധപ്പെട്ട്, ചെയർമാന്റെ നിർദ്ദേശപ്രകാരം അധികമായി ചെയ്ത രണ്ട് പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തിയ എം.ബുക്ക് ഓഡിറ്റിന് ഹാജരാക്കി ബോധ്യപ്പെടുത്തണമെന്ന സമിതി നിർദ്ദേശപ്രകാരം ആയത് ഹാജരാക്കിയിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെയും പ്രസ്തുത രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാറിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വസ്തുനികുതി—യഥാസമയം ഈടാക്കാത്തതിനാൽ കാലഹരണപ്പെട്ടു**

**(വരവ് ഓഡിറ്റ് റിപ്പോർട്ട് 2004-2005; ഖണ്ഡിക 2-6)**

കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 539(1) പ്രകാരം 2005 മാർച്ച് മാസത്തോടെ നിയമാനുസൃതം പിരിച്ചെടുക്കാനുള്ള 3 വർഷത്തെ കാലാവധി കഴിഞ്ഞതിനാൽ 2001-02 വരെയുള്ള 92,66,040.56 രൂപ വസ്തു നികുതിയിനത്തിലും ലൈബ്രറി സെസ്സിനത്തിലുമായി പിരിച്ചെടുക്കാൻ കഴിയാതെ കാലഹരണപ്പെട്ടു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07; ഓഡിറ്റ് ഖണ്ഡിക നമ്പർ 4.25.6.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

102. പിരിച്ചെടുക്കേണ്ട തുകയുടെ 90 ശതമാനവും പിരിച്ചെടുത്തിട്ടുണ്ടെന്ന് സെക്രട്ടറി സമിതിയിൽ അറിയിച്ചു. ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**103. വസ്തു നികുതി കുടിശ്ശിക തുകയുടെ 90% പിരിച്ചെടുത്തുവെന്ന നഗരസഭാ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വൻതുക പിരിച്ചെടുക്കാതെ അവശേഷിക്കുന്നു**

**(2004-2005 ഡി.സി.ബി. ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2-18)**

വടകര നഗരസഭ സമർപ്പിച്ച 2004-05 സാമ്പത്തികവർഷത്തെ ഡി.സി.ബി. പത്രികയിൽ വിവിധ വരവിനങ്ങളിലായി താഴെ വിവരിക്കും പ്രകാരം 3,43,81,200.69 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വിവിധ ഇനങ്ങളിലെ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, വരവ്, ചെലവ്, നീക്കിബാക്കിയുടെ സംക്ഷിപ്തം എന്നിവ കൃത്യമായി എഴുതാത്തതിനാൽ കുടിശ്ശികയുടെ നിജസ്ഥിതി ഓഡിറ്റിന് മനസ്സിലായിട്ടില്ല.

| *ക്രമ നമ്പർ* | *ഇനം* | *നീക്കിയിരിപ്പ് തുക (രൂപ)* |
|---|---|---|
| 1 | വസ്തു നികുതി | 1,98,25,808.13 |
| 2 | തൊഴിൽ നികുതി | 2,94,558.00 |
| 3 | ഭൂമി, കെട്ടിടവാടക | 14,69,800.52 |
| 4 | കംഫർട്ട് സ്റ്റേഷൻ | 45,155.00 |
| 5 | ബസ് സ്റ്റാന്റ് ഫീസ് | 4,58,220.00 |
| 6 | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | 57,26,624.00 |
| 7 | കാർട്ട് സ്റ്റാന്റ് | 15,955.00 |
| 8 | ഡി.&ഒ. ലൈസൻസ് ഫീസ് | 1,12,554.75 |
| 9 | പി.എഫ്.എ. | 11,853.00 |
| 10 | മാർക്കറ്റ് ഫീസ് | 9,501.00 |
| 11 | അറവുശാല ഫീസ് | 2,931.00 |
| 12 | വിനോദ നികുതി | 133.00 |
| 13 | അധിക നികുതി | 345.65 |
| 14 | പരസ്യ നികുതി | 360.00 |
| 15 | പ്രദർശന നികുതി സർചാർജ് | 32.05 |
| 16 | മറ്റ് വരവ് | 125.00 |
| 17 | കാറ്റിൽ പൗണ്ട് | 7,010.00 |
| 18 | തിരിച്ചുപിടിക്കാത്ത മുൻകൂർ | 51,50,457.46 |
| 19 | ലൈബ്രറി സെസ് | 12,49,777.13 |
| | ആകെ | 3,43,81,200.69 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07; ഓഡിറ്റ് ഖണ്ഡിക നമ്പർ 4.25.7.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

104. പിരിച്ചെടുത്ത തുക എത്രയെന്ന് പരിശോധിക്കുന്നതിനും തുക പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കാനും നഗരസഭാ സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

105. '1982-83 കാലം മുതൽ 2005-06 കാലം വരെ നഗരസഭയുടെ വാർഷിക കണക്കും ഡി.സി.ബി.കളും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ഏജൻസികളാണ് തയ്യാറാക്കിയത്. മേൽ ഏജൻസികൾ ബന്ധപ്പെട്ട രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കാതിരുന്നതിനാൽ നഗരസഭാ ഫണ്ടിൽവരുന്ന പല തുകകളും ബന്ധപ്പെട്ട രജിസ്റ്ററുകളിൽ യഥാവിധി രേഖപ്പെടുത്താതെ കുടിശ്ശികയായി കാണിക്കുകയാണ് ഉണ്ടായത്. ആയത് വർഷങ്ങളോളം ആവർത്തിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഭീമമായ തുക കുടിശ്ശികയായി ഡി.സി.ബി. പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ വസ്തു നികുതി ഒഴിവിനത്തിലുള്ള ഭീമമായ തുകയും പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ നികുതിയും എൻ.എച്ച്.-നുവേണ്ടി അക്വയർ ചെയ്ത കെട്ടിടങ്ങളുടെ നികുതിയും ഡിമാന്റിൽനിന്ന് കുറവ് ചെയ്യാതെയാണ് ഡി.സി.ബി. പത്രിക തയ്യാറാക്കിയിരിക്കുന്നത്. മേൽ സാഹചര്യത്തിൽ നികുതിപിരിവിൽ വീഴ്ചവരുന്നതായി കാണുന്നില്ല. കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ആയത് തയ്യാറാക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണ്'.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

106. വസ്തു നികുതി, ഭൂമി കെട്ടിടവാടക, കംഫർട്ട് സ്റ്റേഷൻ ബസ് സ്റ്റാന്റ് ഫീസ്, ഡി. ആന്റ് ഒ. ലൈസൻസ് ഫീസ്, പി.എഫ്.എ. ലൈസൻസ് ഫീ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, വരവ്, മാർക്കറ്റ് ഫീസ്, മുൻകൂർ, ലൈബ്രറി സെസ്സ് എന്നീ ഇനങ്ങളിലാണ് കുടിശ്ശിക തുക പിരിച്ചെടുക്കാൻ ബാക്കിയുള്ളത്. ബഹു. സമിതി മുമ്പാകെ സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ 1982-83 മുതൽ 2003-04 വരെ വസ്തു നികുതിയിനത്തിൽ 6,26,206 രൂപ മാത്രമേ കുടിശ്ശികയായിട്ടുള്ളൂ എന്നാണ് അറിയിച്ചത്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി തയ്യാറാക്കി കുടിശ്ശിക തുക ആരിൽ നിന്നെല്ലാമാണ് പിരിച്ചെടുക്കാനുള്ളത്, പിരിച്ചെടുത്തത്, ബാക്കി പിരിച്ചെടുക്കാനുള്ളത് എന്ന വിവരം വർഷംതിരിച്ച് രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

107. മറ്റു ഇനങ്ങളിലേയും കുടിശ്ശിക, ഡിമാന്റ് രജിസ്റ്റർ എഴുതി കുടിശ്ശിക തുക ആരിൽ നിന്നെല്ലാമാണ് പിരിച്ചെടുക്കാനുള്ളത്, പിരിച്ചെടുത്തത്, ബാക്കി പിരിച്ചെടുക്കാനുള്ളത് തുടങ്ങിയ വിവരം വർഷംതിരിച്ച് എഴുതി പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

### നിഗമനങ്ങൾ/ശിപാർശകൾ

108. നഗരസഭയുടെ വാർഷിക കണക്കുകളും ഡി.സി.ബി. പത്രികകളും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ഏജൻസികളാണ് തയ്യാറാക്കിയിരുന്നതെന്നും ടി ഏജൻസികൾ കുറ്റമറ്റ രീതിയിൽ രജിസ്റ്ററുകൾ തയ്യാറാക്കാത്തതിനാലാണ് നഗരസഭാ ഫണ്ടിൽവന്ന പല തുകകളും രേഖപ്പെടുത്താതെ പോയതെന്നും ആയതുകൊണ്ടാണ് ഭീമമായ തുക കുടിശ്ശികയായി ഡി.സി.ബി. പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നും സർക്കാരിന്റെയും നഗരസഭയുടെയും മറുപടിയിൽ പരാമർശിച്ചിരിക്കുന്നു. കൂടാതെ, വസ്തു നികുതി ഒഴിവിനത്തിലുള്ള ഭീമമായ തുകയും പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ നികുതിയും എൻ.എച്ചിനുവേണ്ടി അക്വയർ ചെയ്ത കെട്ടിടങ്ങളുടെ നികുതിയും കുറവ് ചെയ്യാതെയാണ് ഡി.സി.ബി. രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നു. സർക്കാരിന്റെയും നഗരസഭയുടെയും മറുപടി വളരെ ഗൗരവത്തോടെയാണ് സമിതി വീക്ഷിക്കുന്നത്. നഗരസഭയുടെ വാർഷിക കണക്കുകൾ സ്വകാര്യ ഏജൻസിയെ ഏല്പിച്ചതുകൊണ്ടാണ് നഗരസഭാ ഫണ്ടിൽവന്ന തുകയും വിവിധ ഇനങ്ങളിലായി ഇളവ് നൽകിയ തുകയും ഡി.സി.ബി. രജിസ്റ്ററിൽ രേഖപ്പെടുത്താതെപോയതെന്ന നഗരസഭയുടെ വാദം അംഗീകരിക്കുവാനാവില്ല. നഗരസഭ നൽകുന്ന രേഖകൾ ആധാരമാക്കിയും നിർദ്ദേശങ്ങൾ പ്രകാരവുമല്ലാതെ സ്വകാര്യ ഏജൻസി വാർഷിക കണക്കുകൾ തയ്യാറാക്കി നൽകിയതാണെന്ന് കരുതുവാനാകില്ല. മാത്രമല്ല, വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന്റെ ചുമതല ഏല്പിക്കപ്പെടുന്ന സ്ഥാപനം ശരിയായ രീതിയിൽ അവ നിർവ്വഹിക്കുന്നുണ്ടെന്നും കൃത്യതയുള്ളതാണെന്നും ഉറപ്പുവരുത്തേണ്ടത് നഗരസഭയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് ഖണ്ഡികയിൽ 3,43,81,200 രൂപയുടെ കുടിശ്ശികയുടെ വിവരങ്ങളാണ് പരാമർശിച്ചിട്ടുള്ളത്. ഇത്രയും ഭീമമായ തുകയുടെ വ്യത്യാസം സമാഹൃത റിപ്പോർട്ടിൽവരെ പരാമർശവിധേയമാകേണ്ട സാഹചര്യം വന്നത് ഇക്കാര്യത്തിൽ നഗരസഭാ ഉദ്യോഗസ്ഥർ യാതൊരു മേൽനോട്ടവും വഹിച്ചില്ല എന്നതിന് തെളിവാണ്. ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയായി സമിതി വിലയിരുത്തുന്നു. കുടിശ്ശികയായി പിരിച്ചെടുത്ത തുകയെത്രയാണെന്ന് പരിശോധിച്ച് ലിമിറ്റേഷനുണ്ടെങ്കിൽ അതിനുത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ നൽകിയ മറുപടിയിൽ മേലുദ്ധരിച്ച ന്യായങ്ങളാണ് നഗരസഭ ആവർത്തിച്ചിരിക്കുന്നത്. കൂടാതെ, കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും പൂർത്തിയാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

109. ഈ സാഹചര്യത്തിൽ, നഗരസഭയുടെ 1982-83 മുതൽ 2005-06 വരെയുള്ള വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്നും ഏജൻസി തയ്യാറാക്കി സമർപ്പിച്ച രജിസ്റ്ററുകളിലെ കൃത്യത ഉറപ്പുവരുത്തുവാൻ ഏർപ്പെടുത്തിയിരുന്ന സംവിധാനമെന്തെന്നും ഇക്കാര്യത്തിലുണ്ടായ വീഴ്ചയ്ക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതു പ്രകാരം 3,43,81,200 രൂപ കുടിശ്ശികയില്ലെങ്കിൽ പ്രസ്തുത കാലയളവിലെ യഥാർത്ഥ കുടിശ്ശിക എത്രയെന്നും അവയിൽ നാളിതുവരെ എത്ര തുക പിരിച്ചെടുത്തിട്ടു

**ണ്ടെന്നും അവശേഷിക്കുന്ന കുടിശ്ശിക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടി എന്തെന്നും അറിയിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. യഥാർത്ഥ കുടിശ്ശിക തുക ബന്ധപ്പെട്ട കക്ഷികളിൽ നിന്നും പിരിച്ചെടുക്കുവാൻ കഴിയാത്തവിധം കാലഹരണപ്പെട്ടുപോയിട്ടുള്ളപക്ഷം ആയതിനിടയാക്കിയ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ടി തുക പലിശ സഹിതം ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

110. **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന വരവ്-ചെലവ് കണക്കുകളും വാർഷിക കണക്കുകളും ചട്ടങ്ങൾ അനുശാസിക്കും പ്രകാരം തയ്യാറാക്കുന്നതിൽ ഗുരുതരമായ വീഴ്ചകളും അലംഭാവവും ഉണ്ടാകുന്നതായി സമിതി നിരീക്ഷിക്കുന്നു. ഭാവിയിൽ ഇവ ആവർത്തിക്കാതിരിക്കുവാനുള്ള കർശനനടപടി ഭരണ വകുപ്പ് സ്വീകരിക്കണമെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശരിയായ രീതിയിൽ അവ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും ആയതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**വ്യവസായ എസ്റ്റേറ്റ് സ്ഥലവില ഈടാക്കുന്നില്ല**

**(വരവ് ഓഡിറ്റ് റിപ്പോർട്ട് 2004-2005; ഖണ്ഡിക 2-19)**

ചെറുകിട ഇടത്തരം പട്ടണങ്ങളുടെ സംയോജിത വികസന പദ്ധതി (Integrated Development of Small and Medium Towns)യുടെ ഭാഗമായി നഗരസഭയുടെ കൈവശമുള്ള ഭൂമിയും അക്വയർ ചെയ്ത ഭൂമിയും ചേർത്ത് വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കി. 1995 മുതൽ വ്യവസായ സംരംഭകരെ ക്ഷണിക്കുകയും 1997-98 മുതൽ വ്യവസായ പ്ലോട്ടുകൾ അനുവദിക്കുകയും ചെയ്തു. ഒരു സെന്റ് ഭൂമിക്ക് 30,000 രൂപ വില കണക്കാക്കി അനുവദിച്ച ഭൂമിവിലയുടെ 25% ഉടനെയും ബാക്കിസംഖ്യ അടുത്ത വർഷം മുതൽ 10 വർഷം കൊണ്ട് 8% പലിശയോടെ 20 അർദ്ധവാർഷിക ഗഡുക്കളായും അടച്ചുതീർക്കാനാണ് വ്യവസ്ഥ ചെയ്തത്. ഓരോ ഗഡുസംഖ്യയുടെയും കൂടെ ബാക്കിയുള്ള തുകയും കൂട്ടിയതിന്മേലാണ് 8% പലിശ ഈടാക്കേണ്ടിയിരുന്നത്. വീഴ്ചവരുന്ന ഗഡുസംഖ്യക്ക് 8% സാധാരണ പലിശയ്ക്ക് പുറമെ വീഴ്ചവരുന്ന തീയതിമുതൽ പ്രതിമാസം 2% പിഴപ്പലിശ കൂടി ഭൂമി ഏറ്റെടുത്തവർ അടയ്ക്കാൻ ബാദ്ധ്യസ്ഥരായിരുന്നു. മേൽ പറഞ്ഞ പ്രകാരം തുക ഈടാക്കുന്നത് നിരീക്ഷിക്കുന്നതിനായി അധികൃതർ യാതൊരു രേഖകളും സൂക്ഷിക്കുന്നില്ല. 2004-05 വർഷത്തെ ഡിസി.ബി. പത്രിക പ്രകാരം 57,26,624 രൂപ കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഭൂമി അനുവദിച്ച തീയതി, ഭൂമിയുടെ അളവ് ഓരോ വർഷത്തെയും അടയ്ക്കേണ്ട തുകയുടെ ഡിമാന്റ് വരവ്, കുടിശ്ശിക, പലിശ, പിഴപ്പലിശ തുടങ്ങിയവയുടെ വിവരങ്ങളൊന്നും അധികൃതർ സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽ നഗരസഭയ്ക്ക് നഷ്ടമുണ്ടാവുന്നതായി ഓഡിറ്റ് കരുതുന്നു. വിശദമായ വകുപ്പുതല അന്വേഷണം ആവശ്യമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2006-07; ഓഡിറ്റ് ഖണ്ഡിക നമ്പർ 4.25.8.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

111. ഗുണഭോക്താക്കൾക്ക് വ്യവസായം തുടങ്ങുന്നതിന് പ്ലോട്ട് ഡെവലപ്പ് ചെയ്യുകയും ആയത് രജിസ്റ്റർ ചെയ്യുന്നതിന് സർക്കാരിന്റെ അനുമതി നേടിയിട്ടുണ്ടോ എന്നതിനെയും സംബന്ധിച്ച് നഗരകാര്യ വകുപ്പ് ഡയറക്ടർ അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ സമിതി നിർദ്ദേശിച്ചു. കൂടാതെ ടി വിഷയം ബോർഡിന്റെ പരിഗണനയ്ക്ക് വയ്ക്കാനും സമിതി സെക്രട്ടറിയോട് നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

112. 'വിഷയം പുതിയ നഗരസഭാ കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട് എന്ന വിവരം ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്'.

സമിതി നിർദ്ദേശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

113. പ്രസ്തുത വിഷയം നഗരകാര്യ ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകാനും വിഷയം പുതിയ ബോർഡിന്റെ പരിഗണനയ്ക്ക് വെയ്ക്കാനുമായിരുന്നു ബഹു. സമിതിയുടെ നിർദ്ദേശം. ഇത് സംബന്ധിച്ച് നഗരസഭയിൽ നിന്നും യാതൊരു വിവരവും ലഭിച്ചിട്ടില്ല.

**നിഗമനങ്ങൾ/ശിപാർശകൾ**

114. **വ്യവസായ എസ്റ്റേറ്റിലെ സംരംഭകരായ 17 പേരിൽ 3 പേർ ഒഴികെ മറ്റുള്ളവർ കുടിശ്ശികക്കാരല്ല എന്നും 10 പ്ലോട്ടുകൾക്ക് മുഴുവൻ തുകയും ഒടുക്കി ആയത് രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതിക്ക് സമർപ്പിച്ചതായും തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയിൽ കാണുന്നു. സമിതി ആയതിന്റെ നിജസ്ഥിതി റിപ്പോർട്ട് ചെയ്യുന്നതിനായി നഗരകാര്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയതനുസരിച്ച് വിഷയം പുതിയ നഗരസഭാ കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചതായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ കത്തിൽനിന്നും വ്യക്തമാകുന്നു. എന്നാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം പുതിയ ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാനുള്ള നിർദ്ദേശം സംബന്ധിച്ച് നഗരസഭയിൽനിന്ന് യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. ഇത് സമിതി ഗൗരവമായി വീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത വിഷയത്തിൽ നഗരസഭാ കൗൺസിൽ തീരുമാനം അടിയന്തരമായി റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2015 ജൂൺ 8.

## അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 4 | കൊയിലാണ്ടി നഗരസഭ | സ്ഥലം മണ്ണിട്ട് നികത്തുന്ന പ്രവൃത്തിക്ക് കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ 4.5 (ബി)(വി) 3 പ്രകാരം 10% ഷ്രിങ്കേജ് കുറയ്ക്കാൻ വ്യവസ്ഥ ചെയ്യുന്നുവെന്നും അപ്രകാരം ഷ്രിങ്കേജ് കുറയ്ക്കാത്തതിന്റെ ഫലമായി 1,36,667 രൂപ നഷ്ടമുണ്ടായി എന്നുമുള്ള ഓഡിറ്റ് പരാമർശം പരിഗണിച്ച സമിതി റോഡ് റോളർ ഉപയോഗിച്ച് മണ്ണ് ഉറപ്പിക്കുന്ന പ്രവൃത്തിക്ക് 5% ഷ്രിങ്കേജ് കുറയ്ക്കാനാണ് വ്യവസ്ഥയെന്നും അതിൻ പ്രകാരം 68,334 രൂപയുടെ നഷ്ടമാണ് ഇക്കാര്യത്തിലുണ്ടായിട്ടുള്ളതെന്നും തെളിവെടുപ്പ് വേളയിലെ വിശദീകരണത്തിൽനിന്ന് മനസ്സിലാക്കുന്നു. |
| 2 | 5 | ,, | പ്രസ്തുത 68,334 രൂപ കരാറുകാരനിൽ നിന്നും റവന്യൂ റിക്കവറി മുഖേന ഈടാക്കണമെന്ന സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പേരിൽ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ വകുപ്പും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പും റിപ്പോർട്ട് ചെയ്യുന്നു. ആയതിനാൽ, റവന്യൂ റിക്കവറി ത്വരിതപ്പെടുത്തുവാനും നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 7 | ,, | ദേശീയ ചേരി പരിഷ്കരണ പദ്ധതിയുടെ ഗൈഡ് ലൈൻ പ്രകാരം കുടുംബശ്രീ, സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവ മുഖേനയാണ് പ്രവൃത്തി നടത്തുവാൻ നിബന്ധനയുള്ളതെങ്കിലും അത്തരത്തിലുള്ള ഏജൻസികൾ പ്രവൃത്തി ഏറ്റെടുക്കുവാൻ മുന്നോട്ട് വരാത്തതിനാലും സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള പ്രവൃത്തിയായതിനാലുമാണ് പരാമർശവിധേയമായ പദ്ധതി കരാറുകാരനെ ഏല്പിച്ചതെന്ന സർക്കാർ വിശദീകരണം യുക്തിസഹമാണെന്നും പരിഗണിക്കപ്പെടേണ്ടതാണെന്നും സമിതി കരുതുന്നു. പ്രവൃത്തിക്ക് ഡി.പി.സി.യുടെ അനുമതി ലഭിച്ചതിനാലും പ്രവൃത്തി സംബന്ധിച്ച് മറ്റ് പരാതികളൊന്നും ഉന്നയിക്കപ്പെട്ടിട്ടില്ലാത്തതിനാലും ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | 12 | കൊയിലാണ്ടി നഗരസഭ | ദേശീയ ചേരി പരിഷ്കരണ പദ്ധതി പ്രകാരം അനുവദിക്കുന്ന തുകയുടെ വായ്പാ-ഗ്രാന്റ് അനുപാതം 70:30 ആണെന്നും അപ്രകാരം ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന വായ്പതുകയ്ക്ക് 13% പലിശയും തിരിച്ചടവിലെ വീഴ്ചയ്ക്ക് 2.75% പിഴപ്പലിശയും അടയ്ക്കേണ്ടതായിരുന്നു. എന്നാൽ പദ്ധതി പ്രകാരം വിതരണം ചെയ്ത തുകയിലെ വായ്പ തുകയായ 60.6 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് തിരിച്ചടയ്ക്കാൻ കഴിയാത്തതിനാൽ അവരുടെ ദാരിദ്ര്യാവസ്ഥ പരിഗണിച്ച് മുഴുവൻ തുകയും ഗ്രാന്റായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നഗരസഭാ കൗൺസിൽ സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. നഗരസഭാ കൗൺസിലിന്റെ അഭ്യർത്ഥനയിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, നഗരസഭാ കൗൺസിലിന്റെ അപേക്ഷയിന്മേൽ സർക്കാർ അടിയന്തരമായി തീരുമാനമെടുത്ത് ആയത് സംബന്ധിച്ച റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 16 | ,, | എൻ.എസ്.ഡി.പി. പദ്ധതി പ്രകാരം വായ്പ അനുവദിച്ച 160 ഗുണഭോക്താക്കളിൽ 111 പേർ ഇനിയും തുക തിരിച്ചടയ്ക്കുവാനുള്ളതായി സമിതി മനസ്സിലാക്കുന്നു. ദാരിദ്ര്യാവസ്ഥയിൽ കഴിയുന്ന പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും ആർ.ആർ. മുഖേന തുക ഈടാക്കാൻ ശ്രമിച്ചാൽ അവർ വീണ്ടും ഭവനരഹിതരാകുമെന്നതിനാൽ ഇനിയും അടയ്ക്കുവാനുള്ള തുക ഗ്രാന്റായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നഗരസഭാ കൗൺസിൽ സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. നഗരസഭാ കൗൺസിലിന്റെ അഭ്യർത്ഥനയിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, നഗരസഭാ കൗൺസിലിന്റെ അപേക്ഷയിന്മേൽ സർക്കാർ അടിയന്തരമായി തീരുമാനമെടുത്ത് ആയത് സംബന്ധിച്ച റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | 22 | വടകര നഗരസഭ | 2005-2006-ലെ പദ്ധതി പ്രകാരം കന്നുകുട്ടി പരിപാലനത്തിന് നഗരസഭ വിഹിതവും സംസ്ഥാന വിഹിതവും ചേർത്ത് ചെലവാക്കുകയും അവശേഷിച്ച തുക സർക്കാരിലേക്ക് അടയ്ക്കുകയും ചെയ്തെന്നും പ്രസ്തുത മൊത്തം തുകയിൽ 2001-02 വർഷത്തെ 50,000 രൂപ കൂടി ഉൾപ്പെട്ടിട്ടുണ്ടെന്നും ആയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് ഹാജരാക്കിയിട്ടുണ്ടെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 23 | ,, | നാരായണ നഗറിലെ ചെളി നീക്കം ചെയ്യുന്നതിന് കൈപ്പറ്റിയ അഡ്വാൻസ് തുക അഡ്ജസ്റ്റ് ചെയ്തത് സംബന്ധിച്ച രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് ഹാജരാക്കിയിട്ടുണ്ടെന്ന സർക്കാരിന്റെയും ആയത് ബോധ്യപ്പെട്ടിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സവും ഒഴിവാക്കാമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 27 | ,, | നഗരസഭ വക ബസ് സ്റ്റാന്റുകളിൽ നിന്ന് 2000-2001-ൽ പ്രവേശന ചുങ്കം 10 രൂപയിൽ നിന്നും 12 രൂപയായി വർദ്ധിപ്പിച്ചതിനെതിരെ ബസ് ഓപ്പറേറ്റേഴ്സ് അസ്സോസിയേഷൻ ഫയൽ ചെയ്ത ഒ.പി.യിന്മേൽ അസ്സോസിയേഷൻ നഗരസഭയ്ക്ക് നല്കിയിരുന്ന അപേക്ഷ നിയമപ്രകാരം പരിഗണിക്കുന്നതിന് ബഹു. കേരള ഹൈക്കോടതി ഉത്തരവായതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരസഭാ കൗൺസിൽ ബസ് സ്റ്റാന്റ് ഫീസ് 10 രൂപയായി കുറച്ചപ്പോൾ ഡിമാന്റിലും 2,35,186 രൂപ കുറവ് വരുത്തിയതിനാലാണ് ഫീസ് അടവിൽ ഓഡിറ്റ് ചൂണ്ടിക്കാട്ടിയ കുറവ് വന്നതെന്ന് സർക്കാരിന്റെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത കൗൺസിൽ തീരുമാനം സാധൂകരണത്തിനായി സർക്കാരിനു മുമ്പാകെ സമർപ്പിച്ചിട്ടുള്ളതായും സമിതിക്ക് ബോധ്യമാകുന്നു. പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | ഓഡിറ്റ് വകുപ്പിന് സമർപ്പിച്ച് ബോധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചതനുസരിച്ച് തീരുമാനത്തിന്റെ പകർപ്പ് ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടുള്ളതായി തദ്ദേശസ്വയംഭരണ വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്നു. എന്നാൽ ഇക്കാര്യത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതായിരുന്നുവെന്നും ആയത് ലഭ്യമാക്കിയിട്ടില്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. നഗരസഭയുടെ നടപടിക്ക് നാളിതുവരെ സർക്കാർ സാധൂകരണം ലഭിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ സർക്കാർ ഉചിതമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 9 | 30 | വടകര നഗരസഭ | ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ച കാലയളവിലെ ലോഗ് ബുക്കും റീപ്ലേസ്മെന്റ്/റിപ്പയർ രജിസ്റ്ററും വടകര നഗരസഭയിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിനു ഹാജരാക്കിയിട്ടുണ്ടെന്നും അവ പരിശോധിച്ച് ബോധ്യപ്പെട്ടുവെന്നും ആയതിനാൽ രേഖകൾ ഹാജരാക്കാത്തതിന് തടസ്സത്തിൽ വച്ച 52,586 രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്നും സമിതിക്ക് നല്കിയ കുറിപ്പിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. വടകരയിൽ അംഗീകൃത വർക്ക്ഷോപ്പില്ലാത്തതിനാലാണ് നഗരസഭാ ചെയർമാന്റെ ഔദ്യോഗിക കാർ കോഴിക്കോടുള്ള വർക്ക്ഷോപ്പിൽ കൊണ്ടുപോയി റിപ്പയർ ചെയ്യേണ്ടിവന്നതെന്നും പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ട സാമ്പത്തിക വർഷാവസാനമായതിനാലും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തേണ്ടതിനാൽ നിലവിലുള്ള രണ്ടു ജീപ്പുകൾ മതിയാകുമായിരുന്നില്ല എന്നതുകൊണ്ടാണ് ചെയർമാന്റെ ഔദ്യോഗിക ആവശ്യത്തിന് ഒരു കാർ വാടകയ്ക്ക് എടുക്കേണ്ടതായി വന്നതെന്നതും ആയതിന് നഗരസഭാ കൗൺസിലിന്റെ അംഗീകാരമുണ്ടായിരുന്നുവെന്നും സർക്കാരിന്റെ രേഖാമൂലമുള്ള മറുപടിയിൽ നിന്നും തെളിവെടുപ്പ് വേളയിൽ നഗരസഭാ സെക്രട്ടറിയുടെ വിശദീകരണത്തിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ഔദ്യോഗിക കാറിന്റെ റിപ്പയർ പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിന് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സി.എൽ.ആർ. ഡ്രൈവറെ വർക്ക്ഷോപ്പിൽ ഡ്യൂട്ടിക്ക് നിയോഗിച്ചതിനാണ് താൽക്കാലിക ഡ്രൈവർക്ക് വേതനം നൽകിയതെന്നും ധനകാര്യ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 7,000 രൂപ വേതനം നല്കിയതെന്നും മറുപടിയിൽ നിന്ന് വ്യക്തമാകുന്നു. ഈ സാഹചര്യത്തിൽ പരാമർശിത ഓഡിറ്റ് ഖണ്ഡികയിലെ തടസ്സങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 10 | 54 | വടകര നഗരസഭ | ഉച്ചക്കഞ്ഞി വിതരണത്തിന് നൽകിയ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളതായി തദ്ദേശസ്വയംഭരണ വകുപ്പും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 11 | 55 | ,, | ഇൻഫർമേഷൻ കേരള മിഷന്റെ ഓഫീസിൽവച്ച് വടകര നഗരസഭാ സെക്രട്ടറിക്കും മറ്റ് ഓഫീസർമാർക്കും കമ്പ്യൂട്ടർ പരിശീലനം ലഭ്യമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്. |
| 12 | 56 | ,, | ഓഡിറ്റ് ഖണ്ഡിക 3.21.1-ലെ ഇനം 3 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ ഓഡിറ്റ് ഖണ്ഡിക 6.10-ലെ ഇനം 2-ൽ പരാമർശിച്ചിട്ടുള്ള സംഗതിയാണ്. ആയതിന്മേൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 23 പ്രകാരം ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്തിട്ടുണ്ട്. |
| 13 | 57 | ,, | ഓഡിറ്റിന് ഹാജരാക്കാൻ ശേഷിച്ചിരുന്ന 20 പ്രവൃത്തികളുടെ രേഖകൾ ഹാജരാക്കിയിട്ടുണ്ടെന്നുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 14 | 58 | വടകര നഗരസഭ | ഓഡിറ്റ് ഖണ്ഡിക 3.21.1-ലെ ഇനം 5 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 6.10.1-ലെ 1-ാം ഇനമായി പരാമർശിച്ചിട്ടുള്ളതും ആയതിന്മേൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 19 പ്രകാരം ബന്ധപ്പെട്ട രേഖകൾ ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 15. | 59 | ,, | മരാമത്ത് വേലകളുടെ ഫയൽ, അളവ് പുസ്തകം എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്നും പ്രസ്തുത വേലകൾക്ക് പേമെന്റ് നൽകിയ സെക്രട്ടറി മരണപ്പെട്ടുവെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും മറുപടി ബോധ്യപ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 60 | ,, | ജീവനക്കാർക്ക് നൽകിയ മുൻകൂർ തുകയായ 1,45,710 രൂപയിൽ 1,28,210 രൂപ അഡ്ജസ്റ്റ് ചെയ്തത് സംബന്ധിച്ച അഡ്വാൻസ് രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ടെന്നും അവശേഷിച്ച 17,500 രൂപ ബന്ധപ്പെട്ട യു.ഡി. ക്ലാർക്കിന്റെ ശമ്പളത്തിൽ നിന്നും 2010 ഓഗസ്റ്റ് മാസം മുതൽ ഈടാക്കിവരുന്നതായുമുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 61 | ,, | വിവിധ വൗച്ചറുകളിൽ നൽകിയ തുകയ്ക്കുള്ള സാധൂകരണ/വിനിയോഗ രേഖകളായ അക്വിറ്റൻസ് രജിസ്റ്ററുകൾ, ക്യാഷ് ബുക്കുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയതായി തദ്ദേശസ്വയംഭരണ വകുപ്പും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| 18 | 62 | വടകര നഗരസഭ | 30 വനിതകൾക്ക് കൈത്തറി പരിശീലനം നൽകുന്നതിന് കടത്തനാട് വ്യവസായ സഹകരണ സംഘത്തിന് ഒരു ലക്ഷം രൂപ നൽകിയെങ്കിലും പദ്ധതി നിർവ്വഹണ രേഖകൾ ഹാജരാക്കിയില്ല എന്ന ഓഡിറ്റ് തടസ്സത്തിന് പണം ചെലവഴിച്ചതിന്റെയും പരിശീലനം നൽകിയതിന്റെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ മറുപടിയുടെയും അടിസ്ഥാനത്തിൽ പ്രസ്തുത തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 63 | ,, | ചുള്ളിയിൽ പാലംപണി ഫയൽ സംബന്ധിച്ച ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട് എന്ന വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 20 | 68 | ,, | സമിതിയുടെ തെളിവെടുപ്പ് യോഗത്തിലെ നിർദ്ദേശ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് അനുസരിച്ച് പാലത്തിന്റെ പണി പൂർത്തിയാക്കിയത് സംബന്ധിച്ച 50,69,016 രൂപ ചെലവായ പ്രസ്തുത പ്രവൃത്തിക്ക് 42,76,000 രൂപയുടെ ചെലവ് നഗരസഭാ കൗൺസിൽ അംഗീകാരം നല്കിയതായാണ് കാണുന്നത്. ഈ സാഹചര്യത്തിൽ അവശേഷിക്കുന്ന തുകയുടെ ക്രമീകരണം സംബന്ധിച്ച വിശദാംശങ്ങൾ കൂടി സമർപ്പിക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 21 | 70 | ,, | നഗരസഭ വിനിയോഗിക്കുന്ന വെള്ളത്തിന് കൃത്യമായ കണക്ക് സൂക്ഷിക്കണമെന്നും അതിനനുസൃതമായി വെള്ളക്കരം അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു. അപ്രകാരം വെള്ളത്തിന്റെ ഉപഭോഗം കൃത്യമായി കണക്കാക്കിയാണ് വെള്ളക്കരം നൽകുന്നതെങ്കിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 22 | 74 | വടകര നഗരസഭ | കെട്ടിടനികുതിയിനത്തിൽ പിരിച്ചെടുക്കാനുള്ള മുഴുവൻ തുകയും ഈടാക്കിയിട്ടുണ്ടെന്നും ആയത് സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധനയ്ക്കായി ഓഡിറ്റ് വിഭാഗത്തിന് ഹാജരാക്കുന്നതാണെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ വിശദീകരണത്തിന്മേലുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം കെട്ടിടനികുതിയിനത്തിൽ പിരിച്ചെടുക്കാനുള്ള 84,081 രൂപയിൽ 67,852 രൂപ മാത്രമേ പിരിച്ചെടുത്തതായി കാണുന്നുള്ളൂ. ബാക്കി തുകയായ 16,229 രൂപ പിരിച്ചെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല എന്നതിനാൽ നഷ്ടത്തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണെന്നും സമിതി മുമ്പാകെ നൽകുന്ന റിപ്പോർട്ടുകളിൽ ഇത്തരം വാസ്തവവിരുദ്ധമായ വസ്തുതകൾ കടന്നുകൂടുന്നത് ഒഴിവാക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 23 | 78 | ,, | ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിനും കരാർ കൊടുത്തതിനുമുള്ള വിശദീകരണം തൃപ്തികരമായതിന്റെയും ഗുണഭോക്താക്കൾ പരിശീലനം പൂർത്തിയാക്കിയതിന്റെ തെളിവായി ഹാജർ പുസ്തകവും ഓഡിറ്റിന് നൽകിയതായുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ടിന്റെയും ആയത് പരിശോധിച്ചതായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 88 | ,, | ആശുപത്രിമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വൈദ്യുത ഇൻസിനറേറ്റർ സ്ഥാപിക്കുന്ന പദ്ധതിയുടെ വിജയസാധ്യത വിലയിരുത്താത്തതിന്റെയും നിർവ്വഹണത്തിന്റെ മുൻഗണനാക്രമം നിശ്ചയിക്കാത്തതിന്റെയും ഫലമായാണ് വൈദ്യുതീകരണം, കെട്ടിടംപണി, ഇൻസിനറേറ്റർ എന്നിവയ്ക്കായ് 6,13,500 രൂപ ചെലവഴിച്ചിട്ടും പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കാതെ പോയതെന്ന് സമിതി വിലയിരുത്തുന്നു. ഇൻസിനറേറ്റർ സ്ഥാപിക്കാത്തതിനാൽ കമ്പനിക്ക് നൽകിയ 1,72,500 രൂപ ഈടാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നു. സമിതി നിർദ്ദേശം നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | യാതൊരു പരാമർശവും ഇതു സംബന്ധിച്ച് 20-7-2012-ലെ കത്തു മുഖേന തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി നൽകിയ റിപ്പോർട്ടിൽ കാണുന്നില്ല. പ്രത്യുത കമ്പനി നിരതദ്രവ്യമായി ഒടുക്കിയതും യഥാർത്ഥ തുകയായ 1,72,500 രൂപയുടെ കേവലം 10% മാത്രം വരുന്നതുമായ 17,250 രൂപ മുതൽക്കൂട്ടുന്നതിനും കമ്പനി ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുന്ന ഉപകരണം ലേലം ചെയ്ത് തുക ഈടാക്കുവാനുമുള്ള നടപടി സ്വീകരിച്ചതായാണ് പരാമർശിച്ചിരിക്കുന്നത്. പ്രസ്തുത നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. സമിതി നിർദ്ദേശത്തിന് വിരുദ്ധമായ നടപടി കൈക്കൊള്ളുന്നതിനുള്ള തീരുമാനത്തിലെത്തിയ സാഹചര്യവും ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരവും വ്യക്തമാക്കി റിപ്പോർട്ടു നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, നഗരസഭാ ഫണ്ടിൽ നിന്നും കമ്പനിക്ക് നൽകിയ തുക പലിശ സഹിതം ഈടാക്കാനും നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുവാനുള്ള നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 25 | 89 | വടകര നഗരസഭ | കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ആയതു സംബന്ധിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, പദ്ധതിയിൻ കീഴിൽ നഗരസഭാ ഫണ്ട് ഉപയോഗിച്ച് സ്ഥാപിച്ച ട്രാൻസ്ഫോർമർ പൊതുജനങ്ങളുടെ ആവശ്യത്തിനായി ഉപയോഗിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി ആശുപത്രിയുടെ മറ്റേതെങ്കിലും ആവശ്യത്തിനായി വിനിയോഗിക്കണമെന്ന നിർദ്ദേശമനുസരിച്ച് ആശുപത്രിയുടെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 26 | 91 | ,, | റോഡിന്റെ പണിക്ക് ആവശ്യമായ ടാർ ലഭ്യമല്ലാതിരുന്നതിനാലാണ് ടാർ നൽകുവാൻ കഴിയാതിരുന്നതെന്നും പഴയ നിരക്കിൽ തുക നൽകി പണി പൂർത്തീകരിച്ചെന്നും മനഃപൂർവ്വമല്ലാത്ത കാരണത്താലാണ് പ്രവൃത്തി പൂർത്തീകരണത്തിൽ കാലതാമസം നേരിട്ടതെന്നുമുള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 27 | 93 | വടകര നഗരസഭ | ഗ്രൗണ്ട് നിർമ്മാണ കമ്മിറ്റി ഏറ്റെടുത്ത് നടത്തിയ പ്രവൃത്തിക്ക്, പി.ഡബ്ല്യൂ.ഡി. നിരക്കനുസരിച്ചുള്ള നിരക്കു മാത്രമേ നഗരസഭ നൽകിയിട്ടുള്ളൂ എന്നതിനാൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് നഗരസഭയ്ക്ക് നഷ്ടമോ ബാദ്ധ്യതയോ ഉണ്ടായിട്ടില്ല എന്ന് നഗരസഭാ സെക്രട്ടറിയുടെ വിശദീകരണത്തിൽ നിന്ന് ബോധ്യമായ തിന്റെ അടിസ്ഥാനത്തിൽ ടി തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 28 | 95 | ,, | നഗരസഭ നൽകിയ തുകയ്ക്ക് ധനവിനിയോഗ സർട്ടിഫിക്കറ്റ് (ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത) ഐ.കെ.എം. ലഭ്യമാക്കിയിട്ടുണ്ടെന്നും ഇക്കാര്യത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്നുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 29 | 97 | ,, | പ്രസ്തുത പദ്ധതിയുടെ കൺസൾട്ടന്റ് ആയ ഹോളിഡേ സിറ്റി സെന്ററിൽ നിന്നും 2 ലക്ഷം രൂപയുടെ ചെക്ക് മുനിസിപ്പൽ അക്കൗണ്ടിൽ വരവ് വന്നിട്ടുള്ളത് പരിശോധിച്ചതായും ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്ന താണെന്നുമുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 30 | 101 | ,, | നാരായണനഗരം ബസ് സ്റ്റാൻഡ് ഷോപ്പുമായി ബന്ധപ്പെട്ട്, ചെയർമാന്റെ നിർദ്ദേശപ്രകാരം അധികമായി ചെയ്ത രണ്ട് പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തിയ എം.ബുക്ക് ഓഡിറ്റിന് ഹാജരാക്കി ബോധ്യപ്പെടുത്തണ മെന്ന സമിതി നിർദ്ദേശ പ്രകാരം ആയത് ഹാജരാക്കിയി ട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് റിപ്പോർട്ട് ചെയ്തതിന്റെയും പ്രസ്തുത രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാറിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 31 | 103 | വടകര നഗരസഭ | വസ്തു നികുതി കുടിശ്ശിക തുകയുടെ 90% പിരിച്ചെടുത്തുവെന്ന നഗരസഭാ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 32 | 108 | ,, | നഗരസഭയുടെ വാർഷിക കണക്കുകളും ഡി.സി.ബി. പത്രികകളും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ഏജൻസികളാണ് തയ്യാറാക്കിയിരുന്നതെന്നും ടി ഏജൻസികൾ കുറ്റമറ്റ രീതിയിൽ രജിസ്റ്ററുകൾ തയ്യാറാക്കാത്തതിനാലാണ് നഗരസഭാ ഫണ്ടിൽവന്ന പല തുകകളും രേഖപ്പെടുത്താതെ പോയതെന്നും ആയതുകൊണ്ടാണ് ഭീമമായ തുക കുടിശ്ശികയായി ഡി.സി.ബി. പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നും സർക്കാരിന്റെയും നഗരസഭയുടെയും മറുപടിയിൽ പരാമർശിച്ചിരിക്കുന്നു. കൂടാതെ, വസ്തു നികുതി ഒഴിവിനത്തിലുള്ള ഭീമമായ തുകയും പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതിയും എൻ.എച്ച്.നുവേണ്ടി അക്വയർ ചെയ്ത കെട്ടിടങ്ങളുടെ നികുതിയും കുറവ് ചെയ്യാതെയാണ് ഡി.സി.ബി. രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നു. സർക്കാരിന്റെയും നഗരസഭയുടെയും മറുപടി വളരെ ഗൗരവത്തോടെയാണ് സമിതി വീക്ഷിക്കുന്നത്. നഗരസഭയുടെ വാർഷിക കണക്കുകൾ സ്വകാര്യ ഏജൻസിയെ ഏല്പിച്ചതുകൊണ്ടാണ് നഗരസഭാ ഫണ്ടിൽവന്ന തുകയും വിവിധ ഇനങ്ങളിലായി ഇളവ് നൽകിയ തുകയും ഡി.സി.ബി. രജിസ്റ്ററിൽ രേഖപ്പെടുത്താതെപോയതെന്ന നഗരസഭയുടെ വാദം അംഗീകരിക്കുവാനാവില്ല. നഗരസഭ നൽകുന്ന രേഖകൾ ആധാരമാക്കിയും നിർദ്ദേശങ്ങൾ പ്രകാരവുമല്ലാതെ സ്വകാര്യ ഏജൻസി വാർഷിക കണക്കുകൾ തയ്യാറാക്കി നൽകിയതാണെന്ന് കരുതുവാനാകില്ല. മാത്രമല്ല, വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന്റെ ചുമതല ഏല്പിക്കപ്പെടുന്ന സ്ഥാപനം ശരിയായ രീതിയിൽ അവ നിർവ്വഹിക്കുന്നുണ്ടെന്നും കൃത്യതയുള്ളതാണെന്നും ഉറപ്പുവരുത്തേണ്ടത് നഗരസഭയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഓഡിറ്റ് ഖണ്ഡികയിൽ 3,43,81,200 രൂപയുടെ കുടിശ്ശികയുടെ വിവരങ്ങളാണ് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പരാമർശിച്ചിട്ടുള്ളത്. ഇത്രയും ഭീമമായ തുകയുടെ വ്യത്യാസം സമാഹൃത റിപ്പോർട്ടിൽ വരെ പരാമർശ വിധേയമാകേണ്ട സാഹചര്യം വന്നത് ഇക്കാര്യത്തിൽ നഗരസഭാ ഉദ്യോഗസ്ഥർ യാതൊരു മേൽനോട്ടവും വഹിച്ചില്ല എന്നതിന് തെളിവാണ്. ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയായി സമിതി വിലയിരുത്തുന്നു. കുടിശ്ശികയായി പിരിച്ചെടുത്ത തുകയെത്രയാണെന്ന് പരിശോധിച്ച് ലിമിറ്റേഷനുണ്ടെങ്കിൽ അതിനുത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ നൽകിയ മറുപടിയിൽ മേലുദ്ധരിച്ച ന്യായങ്ങളാണ് നഗരസഭ ആവർത്തിച്ചിരിക്കുന്നത്. കൂടാതെ, കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും പൂർത്തിയാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. |
| 33 | 109 | വടകര നഗരസഭ | ഈ സാഹചര്യത്തിൽ, നഗരസഭയുടെ 1982-83 മുതൽ 2005-06 വരെയുള്ള വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്നും ഏജൻസി തയ്യാറാക്കി സമർപ്പിച്ച രജിസ്റ്ററുകളിലെ കൃത്യത ഉറപ്പുവരുത്തുവാൻ ഏർപ്പെടുത്തിയിരുന്ന സംവിധാനമെന്തെന്നും ഇക്കാര്യത്തിലുണ്ടായ വീഴ്ചയ്ക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും റിപ്പോർട്ട് നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതു പ്രകാരം 3,43,81,200 രൂപ കുടിശ്ശികയില്ലെങ്കിൽ പ്രസ്തുത കാലയളവിലെ യഥാർത്ഥ കുടിശ്ശിക എത്രയെന്നും അവയിൽ നാളിതുവരെ എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്നും അവശേഷിക്കുന്ന കുടിശ്ശിക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടി എന്തെന്നും അറിയിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. യഥാർത്ഥ കുടിശ്ശിക തുക ബന്ധപ്പെട്ട കക്ഷികളിൽ നിന്നും പിരിച്ചെടുക്കുവാൻ കഴിയാത്തവിധം കാലഹരണപ്പെട്ടുപോയിട്ടുള്ളപക്ഷം ആയതിനിടയാക്കിയ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ടി തുക പലിശ സഹിതം ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 34 | 110 | വടകര നഗരസഭ | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ദൈനംദിന വരവ്-ചെലവ് കണക്കുകളും വാർഷിക കണക്കുകളും ചട്ടങ്ങൾ അനുശാസിക്കും പ്രകാരം തയ്യാറാക്കുന്നതിൽ ഗുരുതരമായ വീഴ്ചകളും അലംഭാവവും ഉണ്ടാകുന്നതായി സമിതി നിരീക്ഷിക്കുന്നു. ഭാവിയിൽ ഇവ ആവർത്തിക്കാതിരിക്കുവാനുള്ള കർശനനടപടി ഭരണ വകുപ്പ് സ്വീകരിക്കണമെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശരിയായ രീതിയിൽ അവ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും ആയതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 35 | 114 | ,, | വ്യവസായ എസ്റ്റേറ്റിലെ സംരംഭകരായ 17 പേരിൽ 3 പേർ ഒഴികെ മറ്റുള്ളവർ കുടിശ്ശികക്കാരല്ല എന്നും 10 പ്ലോട്ടുകൾക്ക് മുഴുവൻ തുകയും ഒടുക്കി ആയത് രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുമതിക്ക് സമർപ്പിച്ചതായും തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയിൽ കാണുന്നു. സമിതി ആയതിന്റെ നിജസ്ഥിതി റിപ്പോർട്ട് ചെയ്യുന്നതിനായി നഗരകാര്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയതനുസരിച്ച് വിഷയം പുതിയ നഗരസഭാ കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചതായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ കത്തിൽനിന്നും വ്യക്തമാകുന്നു. എന്നാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം പുതിയ ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാനുള്ള നിർദ്ദേശം സംബന്ധിച്ച് നഗരസഭയിൽ നിന്ന് യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. ഇത് സമിതി ഗൗരവമായി വീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത വിഷയത്തിൽ നഗരസഭാ കൗൺസിൽ തീരുമാനം അടിയന്തരമായി റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

അനുബന്ധം II

സർക്കാർ മറുപടി

**ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 2004-05, 2005-06 വർഷങ്ങളിലെ സമാഹൃത റിപ്പോർട്ടുകളിന്മേൽ കൊയിലാണ്ടി നഗരസഭ (ബന്ധപ്പെട്ട സ്ഥാപനത്തിന്റെ / വകുപ്പിന്റെ പേര്) സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക (Remedial Mesures Taken Statement)**

| ക്രമ നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക പരാമർശം വിഷയം | | ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2004-05 | 4-11-10-1 | | പ്രസ്തുത പ്രവൃത്തിയ്ക്ക് ഷ്രിങ്കേജ് കുറയ്ക്കാത്തതിനാൽ നഷ്ടം സംഭവിച്ച 1,36,667/- രൂപ മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കുന്നതിനു വേണ്ടി ടി പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ. എം. ഗിരീഷിന് 10/12/07 ൽ ഒരു അറിയിപ്പ് (Reg with Ad) നൽകിയിരുന്നു. എന്നാൽ ടിയാൻ തുക അടയ്ക്കുകയോ, രേഖാമൂലം മറുപടി തരുകയോ ചെയ്യാത്തതിനാൽ 17/7/08 ൽ ഒരു ഓർമ്മക്കുറിപ്പ് കൂടി നൽകുകയുണ്ടായി. ആയതിനൊന്നും മറുപടിയൊന്നും ലഭിക്കാത്തതിനാൽ ടിയാനിൽ നിന്നും തുക ഈടാക്കുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടർക്ക് 8/6/09 ന് ജി3/8253/03 നമ്പരിൽ ഫോറം നമ്പർ 24 ൽ റിക്വിസിഷൻ നൽകി RR നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം തുക ഈടാക്കാൻ കഴിഞ്ഞില്ലെങ്കിൽ ബന്ധപ്പെട്ട മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും തുക ഈടാക്കുന്നതാണ്. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. ഇ.സി. ജോർജ്ജിന് നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 26/10/07 ൽ നൽകിയ മറുപടിയിൽ സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പാര 4.5 (IV) പ്രകാരം റോഡ് റോളർ ഉപയോഗിച്ച് മണ്ണ് ഉറപ്പിച്ച പ്രവൃത്തികൾക്ക് 5% |

| | | | | |
|---|---|---|---|---|
| | | | | മാത്രമാണ് ഷ്രിങ്കേജ് കുറയ്ക്കേണ്ടതെന്നും ആയത് പ്രകാരം 68,334/- രൂപ കരാറുകാര നിൽ നിന്നും ഈടാക്കണമെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഫയൽ മറ്റു ചില പരാതിയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ വിജിലൻസ് വിംഗിന്റെ കൈവശമാണ് ഉള്ളത്. |
| 2 | 2005-06 | 30-20-1 | | മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നടത്തുന്നതിനായി 44.10 mtr x 5.00 mtr വലുപ്പത്തിലുള്ള 'Pucca Building' നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കി ഡി.പി.സി യിൽ നിന്നും അനുമതി വാങ്ങിയിരുന്നത്. ഈ പ്രവൃത്തി പരിചയ സമ്പന്നരായ ആൾക്കാർക്ക് മാത്രമേ ശരിയായ നിലവാരത്തിലും സമയബന്ധിതമായും ചെയ്യാൻ കഴിയൂ എന്നതിനാലാണ് ടെണ്ടർ നടത്തി പണി പൂർത്തീകരിച്ചിട്ടുള്ളത്.<br><br>എൻ.എസ്.ഡി.പി ഗൈഡ്ലൈൻ പ്രകാരം കുടുംബശ്രീ, സർക്കാർ അംഗീകൃത ഏജൻസി മുതലായവർ മുഖേനം പണി നടത്തുവാൻ പാടുള്ളൂവെന്ന് നിബന്ധന ഉണ്ടായിരുന്നുവെങ്കിലും സാങ്കേതികമായി വളരെ പരിജ്ഞാനമുള്ളവർ ചെയ്യേണ്ട പ്രവൃത്തി ആയതിനാലും, സാധാരണക്കാരായ കുടുംബശ്രീ യൂണിറ്റിനെ ഏല്പിച്ച് പ്രവൃത്തി നടത്താൻ കഴിയാത്ത സാഹചര്യമായിരുന്നു. കൂടാതെ അത്തരത്തിലുള്ള ഏജൻസികൾ ആരും തന്നെ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായി മുന്നോട്ട് വരാതിരുന്ന സാഹചര്യത്തിൽ സി.ഡി.എസ്സിന്റെ 25/12/01 ലെ 4-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വൈദഗ്ധ്യം ആവശ്യമായ പ്രവൃത്തി ആയതിനാൽ ഡി.പി.സി അംഗീകാരത്തോടെ കരാറുകാ |

| | | | | |
|---|---|---|---|---|
| | | | | ഒന്നെ കൊണ്ട് പ്രവൃത്തി നടത്തുകയായിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് സാധൂകരണം നൽകുന്നതിനായി, കൗൺസിൽ തീരുമാനപ്രകാരം, സർക്കാരിലേക്ക് 6/6/08 ന് ജി3/12962/08 നമ്പരിൽ പ്രിൻസിപ്പൽ സെക്രട്ടറി എൽ.എസ്.ജി.ഡി യ്ക്ക് കത്ത് എഴുതിയിട്ടുണ്ട്.<br><br>വരകുന്നിലെ മണ്ണിര കമ്പോസ്റ്റ് അടിസ്ഥാന സൗകര്യമൊരുക്കി പ്രവൃത്തിയിൽ മണ്ണ് കിളച്ച് പദ്ധതി പ്രദേശത്ത് നിന്നും നിർദ്ദിഷ്ട ബസ് സ്റ്റാന്റിനു വേണ്ടി ഏറ്റെടുത്ത സ്ഥലത്ത് കൊണ്ടു പോയി നിക്ഷേപിച്ചിട്ടുള്ളതാണ്. വരകുന്നിൽ നിന്ന് കിളച്ചു തട്ടി യ മണ്ണ് ലോറിയിൽ കയറ്റുന്നതിന് ഒരു ഹൈറ്റത്തിന് ഒരു ലിഫ്റ്റും, ലീഡും ആവശ്യമാണ്. ആയതു പോലെ ബസ് സ്റ്റാന്റ് യാർ ഡിൽ ആവശ്യമായ സ്ഥലങ്ങളിൽ കൊണ്ടു പോയി നിക്ഷേപിക്കുന്നതിനും ഒരു ഹൈറ്റത്തിന് ഒരു ലിഫ്റ്റും ലീഡും ആവശ്യമാണ്. ആയതിനാൽ നൽകിയ നിരക്ക് ന്യായമാണ് എന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. ഇപ്രകാരമുള്ള കേസുകളിൽ നിലവിലെ ഒരു ലിഫ്റ്റും, ലീഡും കുറയ്ക്കേണ്ടതില്ലെന്ന് പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ 6/1/05 ലെ CE/Admg/PL/1013/04 നമ്പർ കത്ത് പ്രകാരമുള്ള 2/2005 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു. |
| 3 | 2005-06 | 3-20-2 | | സർക്കാർ വിഭാവനം ചെയ്ത പദ്ധതിയായ ചേരി പരിഷ്കരണത്തിന് കൊയിലാണ്ടി നഗരസഭയ്ക്ക് 86,57,190/- രൂപ ലഭി |

ക്കുകയുണ്ടായി. ആയത് 70:30 അനുപാതത്തിൽ ലോണും ഗ്രാന്റുമായാണ് ലഭിച്ചത്. ദരിദ്രരിൽ ദരിദ്രരായ ചേരി നിവാസികളെ അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ടി ലഭിച്ച തുക മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളതാണ്. ലോൺ തുക ഉഭയകക്ഷി കരാർ ഉടമ്പടി പ്രകാരം നഗരസഭ തിരിച്ചടയ്ക്കേണ്ടതായിരുന്നുവെങ്കിലും, പദ്ധതിയിലെ ഗുണഭോക്താക്കളായ ചേരി നിവാസികൾ തിരിച്ചടയ്ക്കാത്ത സാഹചര്യത്തിൽ നഗരസഭയ്ക്ക് തിരിച്ചടവ് സാധ്യമായില്ല. ചേരി നിവാസികളിൽ നിന്ന് തുക തിരിച്ച് പിടിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ദാരിദ്ര രേഖയിൽ ഉൾപ്പെട്ട കുടുംബങ്ങൾ കൂടുതലുള്ള നഗരസഭയാണ് കൊയിലാണ്ടി നഗരസഭ. എൻ.എസ്.ഡി.പി ഗുണഭോക്താക്കളിൽ മിക്കപേരും ദാരിദ്ര രേഖയ്ക്ക് താഴെ ഉള്ളവരും ദൈനംദിന ജീവിതം നയിക്കാൻ കഴിയാത്തവരുമാണ്. ഇത്തരക്കാർക്കെതിരെ ജപ്തി നടപടികൾ സ്വീകരിക്കുകയാണെങ്കിൽ വീണ്ടും ഇവരെ വീടില്ലാത്ത അവസ്ഥയിലേക്ക് നയിക്കുകയും, നഗരസഭയുടെ വികസന പ്രവർത്തനത്തെ ബാധിക്കുകയും ചെയ്യും. ഈ സാഹചര്യത്തിൽ മുഴുവൻ തുകയും ഗ്രാന്റായി അനുവദിക്കുന്നതിന് 29/5/08 ൽ 5-ാം നമ്പരായി കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളതും ആയത് പ്രകാരം ഗവൺമെന്റ് സെക്രട്ടറി, എൽ.എസ്.ജി.ഡി യ്ക്ക് 13/6/08 ൽ എച്ച്3/3840/99 നമ്പരായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്. ഈ പ്രശ്നം മറ്റെല്ലാ നഗരസഭകളെയും ബാധിക്കുന്ന ഒരു പൊതുവിഷയമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ്

| | | | | |
|---|---|---|---|---|
| | | | | നമ്പർ 59226/എഫ്.എം1/10/ത.സ്വ.ഭ.വ തീയതി 29/9/10 പ്രകാരം നഗരകാര്യ ഡയറക്ടറോട് സർക്കാർ റിപ്പോർട്ട് ആവശ്യപ്പെടുകയും, ആയതിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ ഡിസി2/ 20203/07, തീയതി 28/12/10 നമ്പർ കത്ത് പ്രകാരം പ്രസ്തുത വായ്പ ഗ്രാന്റായി പരിഗണിക്കുന്നതിനായി നഗരസഭയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് നഗരകാര്യ ഡയറക്ടറുടെ ശുപാർശ സഹിതം ബഹു. സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ് എന്ന് കൂടി ബോധിപ്പിക്കുന്നു. |
| 4 | 2005-06 | 3-20-3 | | കൊയിലാണ്ടി നഗരസഭ 1998-99 കാലയളവിൽ 50 ഉം 1999-2000 കാലയളവിൽ 110 ഉം ആകെ 160 ഗുണഭോക്താക്കൾക്ക് 15,000/- രൂപ ലോണായും 11,500/- രൂപ ഗ്രാന്റായും ആകെ 26,500/- രൂപയാണ് ഭവന നിർമ്മാണത്തിനായി ഗുണഭോക്താക്കൾക്ക് നൽകിയത്. ആയതിൽ 49 പേർ തുക മുഴുവനും അടച്ച് ലോൺ ക്ലോസ് ചെയ്തിട്ടുണ്ട്. 111 പേർ ഇനിയും തുക തിരിച്ചടയ്ക്കാനുണ്ട്. പരമ ദരിദ്രരായ ഇവരിൽ നിന്നും RR നടപടിയിലൂടെ തുക ഈടാക്കാൻ ശ്രമിച്ചാൽ ദരിദ്രരായ ഇവർ വീണ്ടും ഭവനരഹിതരായി തീരും, എന്നതിനാൽ 25/9/08 ലെ 9-ാം നമ്പർ കൗൺസിൽ സപ്ലിമെന്ററി തീരുമാനപ്രകാരം, കൊയിലാണ്ടി മുനിസിപ്പൽ കൗൺസിൽ റവന്യൂ റിക്കവറി നടപടിയിൽ നിന്നും സെക്രട്ടറിയെ വിലക്കുകയും ബാക്കിയുള്ള തുക ഗ്രാന്റായി ലഭിക്കുന്നതിന് സർക്കാരിലേക്ക് കത്തെഴുതാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ആയതു പ്രകാരം സർക്കാരിലേക്ക് |

| | | | | |
|---|---|---|---|---|
| | | | | ഗവൺമെന്റ് .സെക്രട്ടറിയ്ക്ക് 20/10/08 ൽ എച്ച്3/3840/99 നമ്പരിൽ കത്ത് എഴുതു കയും ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് നമ്പർ 59226/എഫ്. എം1/10/ത.സ്വ.ഭ.വ തീയതി, 29/9/10 പ്രകാരം നഗരകാര്യ ഡയറക്ടറോട് സർക്കാർ റിപ്പോർട്ട് ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തി ൽ നഗരകാര്യ ഡയറക്ടർ ഡിസി2/20203/07 , തീയതി 28/12/10 നമ്പർ കത്ത് പ്രകാരം പ്രസ്തുത വായ്പ ഗ്രാന്റായി പരിഗണിക്കുന്നതിനായി നഗരസഭയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടു ണ്ട്. പ്രസ്തുത റിപ്പോർട്ട് നഗരകാര്യ ഡയ റക്ടറുടെ ശുപാർശ സഹിതം ബഹു. സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടി കൾ സ്വീകരിച്ചു വരികയാണ് എന്ന് കൂടി ബോധിപ്പിക്കുന്നു. |

## വടകര നഗരസഭ
## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേലുള്ള വടകര നഗരസഭ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക.

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | 2003-04 | 6-10-1 | | 1. 2001-02 വർഷത്തിൽ ടി പ്രൊജക്ടിൽ ഉൾപ്പെടുത്തിയ 50,000/- രൂപയിൽ ഡി.ഡി. കമ്മീഷൻ കഴിച്ചുള്ള ബാക്കി 49,875/- രൂപ കേരളാ ഫീഡ്സില ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി. ടി പദ്ധതിക്ക് ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ട കർഷകർ താല്പര്യമെടുക്കാത്തതിനാൽ ടി വർഷം പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. S 012/05 നമ്പർ പ്രൊജക്ടിൽ ഉൾപ്പെടുത്തി 2005-06 വർഷത്തിൽ 2,77,824/- രൂപയുടെ കന്നുകുട്ടി പരിപാലന പദ്ധതി വടകര കടത്തനാട് പാൽ സഹകരണ സംഘം മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ടി തുകയിൽ കേരള ഫീഡ്സിൽ ഡെപ്പോസിറ്റ് ചെയ്ത 49,875/- രൂപയും ഉൾപ്പെടുന്നു ണ്ട്.<br>ഈ പ്രൊജക്ട് നടപ്പിലാക്കിയത് "കന്നുകുട്ടി പരിപാലന പദ്ധതി മൃഗസംരക്ഷണ അസി: ഡയറക്ടർ" മുഖേനയാണ്. ടി ഉദ്യോഗസ്ഥൻ പ്രസ്തുത പ്രൊജക്ട് നടപ്പിലാക്കിയത് സംബന്ധിച്ച് ടി പ്രൊജക്ടിന്റെ ഇംപ്ലിമെന്റിംഗ് ഓഫീസറായിരുന്ന ഡോ. എൻ. മോഹനന് അയച്ചു കൊടുത്തു [illegible]<br>ടി പ്രൊജക്ടിന്റെ ഇംപ്ലിമെന്റിംഗ് ഓഫീസറായിരുന്ന സീനിയർ വെറ്ററിനറി സർജൻ ശ്രീ. എൻ. മോഹനൻ ടി പ്രൊജക്ട് മുഖേന തീറ്റ വിതരണം നടത്തിയ കടത്തനാട് ക്ഷീരവികസന സമതിയുടെ ഇൻഡിവിജുവൽ രജിസ്റ്ററും സ്റ്റോക്ക് രജിസ്റ്ററും 24.6.2009ന് ഹാജരാക്കിയത് പരിശോധനക്കായി 2.7.2009ൽ ലോക്കൽ ഫണ്ട് ഓഡിറ്റ്ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ച് കൊടുത്തിട്ടുള്ളവിവരം റിപ്പോർട്ട് ചെയ്യുന്നു.<br>(2) നാരായണ നഗരം ഓടയിലെ ചെളി നീക്കം ചെയ്യുന്നതിന് നഗരസഭാ അസി. എഞ്ചിനിയർ 25.4.2001 ൽ 20000/- രൂപ മുൻകൂർ കൈപ്പറ്റിയത് അഡ്ജസ്റ്റ് ചെയ്യുകയും 19.6.2009ന് പരിശോധനക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 2 | 2003 04 | 6 10 2 | | 1999–00 വർഷത്തിൽ നഗരസഭ വക ബസ്സ്റ്റാന്റുകളിൽ നിന്നും ദിനംപ്രതി ബസ്സ് ഒന്നിന് 10/- രൂപ വീതമായി രുന്നു ഫീസ് പിരിച്ചിരുന്നത്. 200–01 സാമ്പത്തിക വർഷം നിരക്ക് 12 രൂപയായി വർദ്ധിപ്പിക്കുവാൻ കൗൺസിൽ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാ നത്തിൽ ഫീ പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തതിൽ 14,11,111/- രൂപ ലേലം വിളിച്ച ശ്രീ. എം.വി. ബഷീറിന് അവകാശം അനുവദിച്ചു നൽകുകയും ചെയ്തു. എന്നാൽ വടകര ബസ്സ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ നിരക്ക് വർദ്ധനവിനെതിരെ ബഹു: കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി. 12864/ 2000 ൽ 28.08.00ലെ ഉത്തരവ് പ്രകാരം നിരക്ക് വർദ്ധന യ്ക്കെതിരെ ബസ്സ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ 28.042.00ൽ നഗരസഭയ്ക്ക് നൽകിയ അപേക്ഷ നിയമ പ്രകാരം പരിഗണിക്കുന്നതിനും ബഹു: ഹൈക്കോടതി നഗരസഭയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. 09.03.01 ലെ നഗരസഭാ കൗൺസിൽ യോഗം ബസ്സ്റ്റാന്റ് ഫീസ് 10/- രൂപ തന്നെയായി കുറക്കുന്ന വിഷയം പരിശോധി ക്കുകയും 19 ാം നമ്പർ തീരുമാന പ്രകാരം നിരക്ക് കുറച്ച സാഹചര്യത്തിൽ 2000–01 വർഷത്തേക്കുള്ള ബസ്സ്റ്റാന്റ് ഫീസ് 2,35,186/- രൂപ ഡിമാന്റിൽ കുറവ് വരുത്തുന്നതിനും തീരുമാനിച്ചു. കൗൺസിൽ തീരുമാനം സാധൂകരിച്ച് ഉത്തരവാകുന്നതിന് 5.01.08ൽ സർക്കാറി ലേക്ക് അപേക്ഷിച്ചിട്ടുള്ള വിവരവും ബോധിപ്പിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| 3 | 2003 04 | 6 10 3 | | | 1. ടി കാലയളവിലെ ലോഗ് ബുക്ക് വടകര നഗരസഭ യിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന് പരിശോധനയ്ക്കായി നൽകിയിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യു ന്നു. 23.06.01 ലെ റിപ്പയർ/റീപ്ലെയിസ്മെന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭിച്ചിട്ടുണ്ട്. ആയതിൽ കാറിന്റെ റിപ്പയർ സംബന്ധിച്ചും ബിൽ കൊടുത്തതും സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.<br><br>2. ഓഡിറ്റ് പരാമർശത്തിന് കാരണമായ കാർ നഗരസഭ ലേലം ചെയ്ത് കൈഒഴിഞ്ഞിട്ടുള്ളതാണ്. നഗരസഭയിൽ നിലവിലുള്ള 8 വാഹനങ്ങളുടെ ഇന്ധനക്ഷമത പരിശോധിക്കുന്നതിന് പരിശോധനാ ഫീസായി വാഹനമൊന്നി ന് 250/- രൂപ പ്രകാരം 2,000/- രൂപ ട്രഷറിയിൽ ഒടുക്കു കയും ആയതിന്റെ ഒറിജിനൽ ചെലാൻ വാഹനങ്ങളുടെ മൈലേജ് ടെസ്റ്റ് നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് 24.05.08ൽ അസിസ്റ്റന്റ് എക്സി: എഞ്ചിനീയർ, PWD മെക്കാനിക്കൽ ഡിവിഷൻ എന്നവർക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഉപയോഗിക്കുന്ന വണ്ടികൾക്ക് ഇന്ധന ക്ഷമതാ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. |

3. 2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളിൽ ചട്ടം 10 പ്രകാരം മുനിസിപ്പാലിറ്റിയുടെ എല്ലാ വാഹനങ്ങളുടെയും കാലാകാലങ്ങളിലുള്ള അറ്റകുറ്റപണികളുടെ ചുമതല മുനിസിപ്പൽ എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. ഈ ചട്ടം പ്രാബല്യത്തിൽ വന്നതിന് ശേഷമാണ് എസ്റ്റി മേറ്റ് റിവൈസ് ചെയ്തത് എന്നതിനാലാണ് പുതുക്കിയ എസ്റ്റിമേറ്റ് മെക്കാനിക്കൽ എഞ്ചിനീയർക്ക് അയച്ചു കൊടുക്കാതെ മുനിസിപ്പൽ ഓഫീസിൽ തന്നെ നടപടി കൾ സ്വീകരിച്ചു.

4. ബഹു: ചെയർമാൻ ഉപയോഗിച്ചു വന്നിരുന്ന KL 11F 8716 നമ്പർ ഔദ്യോഗിക കാർ അറ്റകുറ്റപ്പണികൾക്കായി ഗവ: അംഗീകൃത വർക്ക് ഷോപ്പായ രാജശ്രീ ഓട്ടോ മൊബൈൽസ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ 28.12.00ൽ ഏല്പിക്കുകയുണ്ടായി. PWD മെക്കാനിക്കൽ സബ് ഡിവിഷൻ അസി: എക്സി: എഞ്ചിനീയർ 19.06.01 ൽ മാത്രമാണ് റിപ്പയറിന് ആവശ്യമായിട്ടുള്ള സാധന ങ്ങളുടെ ലിസ്റ്റും എസ്റ്റിമേറ്റും അംഗീകരിച്ചു വന്നത്. വർക്ക്ഷോപ്പിൽ നിന്ന് കാർ റിപ്പയർ ചെയ്ത് ലഭിക്കുന്ന തിന് കാല താമസം നേരിട്ടതിനാൽ ആയത് സംബ ന്ധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് അസി: എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും വർക്ക്ഷോപ്പിൽ നിന്ന് അറ്റകുറ്റ പ്പണികൾ നടക്കുന്നത് മന്ദഗതിയിലാണെന്നും ആയത് ത്വരിതപ്പെടുത്തുന്നതിന് വർക്ക്ഷോപ്പിൽ ഒരു ഓഫീസ് പ്രതിനിധിയെ മുഴുവൻ സമയവും നിയോഗിക്കണമെ ന്നും 04.08.01ന് ടിയാൻ റിപ്പോർട്ട് ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ടി കാറിന്റെ CLR ഡ്രൈവറായിരുന്ന ശ്രീ. കെ. ദിനേശനെ വർക്ക്ഷോപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കുകയുണ്ടായി. ആയതിന് ശേഷം പ്രവൃത്തി വേഗത്തി ലാവുകയും 01.12.01ൽ പ്രവൃത്തി പൂർത്തീകരിച്ച് കാർ തിരിച്ചേല്പിക്കുകയുമാണുണ്ടായത്.

ഔദ്യോഗിക കാറിന്റെ റിപ്പയർ പ്രവൃത്തിക്ക് കാല താമസം നേരിട്ട സാഹചര്യത്തിലാണ് ബഹു: ചെയർമാ ന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി കാർ വാടകയ്ക്ക് എടുക്കേണ്ടി വന്നത്. 21.32 ച. കി.മീ. വിസ്തീർണ്ണവും 40 വാർഡുകളുമുണ്ടാ യിരുന്ന വടകര നഗരസഭയുടെ രണ്ട് ജീപ്പുകളിൽ ഒരെണ്ണം എഞ്ചിനീയറിംഗ് വിഭാഗവും മറ്റൊന്ന് നികുതി പിരിവ് ആവശ്യങ്ങൾക്കായി റവന്യൂ വിഭാഗവും ഉപയോഗിച്ചു വരികയായിരുന്നു. വിവിധ പദ്ധതി

| | | | | |
|---|---|---|---|---|
| | | | | പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന സമയമായ തിനാലും സാമ്പത്തിക വർഷാവസാനമായതിനാൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തേണ്ട സമയമായ തിനാലും രണ്ട് ജീപ്പുകൾ തന്നെ നഗരസഭയ്ക്ക് മതിയാ കുമായിരുന്നില്ല. ബഹു: ചെയർമാന്റെ ആവശ്യങ്ങൾ ക്കായി ഓഫീസ് വാഹനം ലഭ്യമാക്കാൻ ബുദ്ധിമുട്ട് നേരിട്ട തിതെ തുടർന്നാണ് ബഹു: ചെയർമാൻ ശ്രീമതി. വി. തങ്കമണി 01.03.01ന് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഒരു കാർ വാടകയ്ക്ക് എടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളത്.<br><br>വിവിധ സൈറ്റുകളിൽ നടന്നുവരുന്ന മരാമത്ത് പ്രവൃത്തി കൾക്ക് മേൽനോട്ടം വഹിക്കുന്നതിനും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും ശുചീകരണ ആരോഗ്യ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾക്കും വാഹനങ്ങൾ യഥാസമയം ലഭ്യമാകാതെ ബുദ്ധിമുട്ടുന്ന സമയത്താണ് ചെയർമാന്റെ ഔദ്യോഗിക ആവശ്യങ്ങൾക്കായി കാർ വാടകയ്ക്ക് എടുക്കേണ്ടി വന്നിട്ടുള്ളത്.<br><br>5. ബഹു: ചെയർമാൻ ഉപയോഗിച്ചിരുന്ന ഔദ്യോഗിക കാർ അറ്റകുറ്റപ്പണികൾക്കായി ഗവൺമെന്റ് അംഗീകൃത വർക്ക്ഷോപ്പായ രാജശ്രീ ഓട്ടോ മൊബൈൽസ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ 28.12.00ൽ ഏല്പി ക്കുകയുണ്ടായി. റിപ്പയർ പ്രവൃത്തി പൂർത്തിയാക്കുന്ന തിന് കാലതാമസം നേരിട്ടപ്പോൾ ആയത് സംബന്ധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് അസി: എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പയർ പ്രവൃത്തി മന്ദഗതിയിലാണ് നടക്കുന്നതെന്നും ആയത് ത്വരിതപ്പെടുത്തുന്നതിന് വർക്ക്ഷോപ്പിൽ ഒരു ഓഫീസ് പ്രതിനിധിയെ മുഴുവൻ സമയവും റിപ്പയർ പ്രവൃത്തിയുടെ മേൽനോട്ടത്തിനായി നിയോഗിക്കണമെന്നും 04.08.01ന് ടിയാൻ റിപ്പോർട്ട് ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ടി കാറിന്റെ CLR ഡ്രൈവറായിരുന്ന ശ്രീ. കെ. ദിനേശനെ റിപ്പയർ പ്രവൃത്തി വേഗത്തിലാക്കുന്നതിന് വർക്ക്ഷോപ്പ് ഡ്യൂട്ടി ക്ക് നിയോഗിക്കുകയും ടിയാൻ പ്രസ്തുത ജോലി നിർവ്വഹിക്കുകയും ചെയ്തു. ടി പ്രവൃത്തിക്ക് ടിയാന് ദിവസക്കൂലി നിരക്കിൽ വേതനം അനുവദിക്കുന്നതിന് ധനകാര്യ കമ്മിറ്റിയുടെ 02.02.02ലെ 9 ാം നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ടിയാന് തുക അനുവദിച്ചത് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. |

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക | ഓഡിറ്റ് പരാമർശം | ഓഡിറ്റ് പരാമർശത്തിൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 9 | 2005–06 | 03–21–01 | | ഉച്ചക്കഞ്ഞി വിതരണവുമായി ബന്ധപ്പെട്ട് 6/2000 മുതൽ 4/01 വരെ 41 സ്കൂളുകൾക്ക് നൽകിയ 4,34,875/– രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് പ്രത്യേ സ്റ്റേറ്റ്മെന്റും ടി തുക സ്കൂളുകൾക്ക് നൽകിയ അക്വിറ്റൻസിന്റെ ശരിപ്പകർപ്പും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അയച്ച് തന്നിട്ടുണ്ട്. [illegible] അക്വിറ്റൻസിന്റെ ഒറിജിനൽ വടകര എ.ഇ.ഒ ക്ക് 9.7.2006ന് ഹാജരാക്കിയത് 13.7.2009ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് പരിശോധനക്കായി അയച്ചിട്ടുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു. |
| | | 21–1–2 | | വടകര നഗരസഭാ സെക്രട്ടറി ശ്രീ.ജോണി സെബാസ്റ്റ്യൻ, യു.ഡി.ക്ലാർക്ക്മാരായ ശ്രീപി.പി.ഗോപിനാഥൻ, ശ്രീ.കെ.വിജയൻ, ശ്രീസി.എച്ച്.ശിവദാസൻ എന്നിവർ ഇൻഫർമേഷൻ കേരള മിഷന്റെ തിരുവനന്തപുരത്ത് ജവഹർ നഗറിലെ ഓഫീസിൽ വെച്ച് കമ്പ്യൂട്ടർ പരിശീലനം നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ഐ.കെ. എം അയച്ചുതന്നത് 20.6.2009ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന് പരിശോധനക്കായി നൽകുകയും ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായും ടി വിഷയം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികയായതിനാൽ തടസ്സം ഒഴിവാക്കുന്നത് സംബന്ധിച്ച തുടർ നടപടികൾക്ക് ലോക്കൽ ഫണ്ട് ഡയറക്ടർക്ക് ശുപാർശ ചെയ്യുന്നതാണെന്നും ഡെപ്യൂട്ടി ഡയറക്ടർ 8.7.09ൽ അറിയിച്ചിട്ടുണ്ട് |
| | | 21–3–3 | | നാരായണ നഗർ ഓടയിലെ ചെളിവാരുന്നതിന് 20,000/–രൂപ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ.എം.മാധവനുണ്ണിക്ക് നൽകിയത, വൗച്ചർ പ്രകാരം അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്.<br>കുഞ്ഞിരാമൻ വക്കീൽപാലം അപ്രോച്ച്റോഡ് നിർമ്മാണത്തിനായി നെഗോഷിയേഷൻ പർച്ചേസ് വ്യവസ്ഥയിൽ സ്ഥലം വാങ്ങുന്നതിനായി ആധാരം തയ്യാറാക്കുന്നതിലേക്കായി ശ്രീ.കെ.വി.രാജന് അനുവദിച്ച 16000/– രൂപയുടെ അഡ്വാൻസ് 07.09.01ൽ അഡ്ജസ്റ്റ് ചെയ്ത വിവരം റിപ്പോർട്ട് ചെയ്യുന്നു. ഫയൽ പരിശോധനക്കായി 19.6.2009ന് ആഡിറ്റ് പരിശോധനക്ക് നൽകിയ വിവരം റിപ്പോർട്ട് ചെയ്യുന്നു. |
| | | 21–01–4 | | 2001–02ലെ ഓഡിറ്റ് പരാമർശത്തിലെ1,2,3,4,5,7,8,11,14,15,19,25,27,31 (14 എണ്ണം) എന്നീ ക്രമനമ്പറിലുള്ള താഴെ കൊടുത്ത ഫയലുകളും ടി പരാമർശത്തിലെ |

21-1-5

3,4,5,7,8,9,11,14,15,16,17,18,20,22,23,24,25,26,27,28,30,3132,34 എന്നീ [illegible]
അളവ് പുസ്തകങ്ങളും (24 എണ്ണം) കണ്ടെത്തി ഓഡിറ്റ് [illegible]
19.6.09ൽ ഹാജരാക്കിയിട്ടുണ്ട്. മറ്റുള്ളവ കണ്ടെത്തി ഓഡിറ്റിന്
വിധേയമാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

<u>ഫയലുകൾ</u>

| | |
|---|---|
| 1.E3-18759/00 | 8. E2-15268/00 |
| 2.PW2-15985/97 | 9. PW2-7883/96 |
| 3. PW2-7414/00 | 10.E2-16696/99 |
| 4. P1-13439/99 | 11. G6-15953/97 |
| 5. P1-13437/99 | 12. PW1-13991/96 |
| 6.P1-17290/99 | 13. E2-1137/2000 |
| 7.P1-8366/2000 | 14. E1-14084/01 |

അളവു പുസ്തകങ്ങൾ

| | | |
|---|---|---|
| (1). 264 | 9) 2/2000-01 | 17) 21/99-2000 |
| (2). 348 | 10) 68/98-99 | 18) 35/2000-01 |
| (3) 10/98-99 | 11) 26/97-98 | 19).54/97-98 |
| (4) 19/98-99 | 12) 20/99-2000 | 20). 59/97-98 |
| (5) 53/97-98 | 13) 9/2000-01 | 21). 1/97-98 |
| (6) 12/2000-01 | 14).28/96-97 | 22). 23/96-97 |
| (7) 94/99-2000 | 15).35/97-98 | 23). 222/ |
| (8) 5/2000-01 | 16) 19/99-2000 | 24) 92/2000-01 |

2003-04 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ 06.10.01 പ്രകാരം ടി പരാമർശത്തിന് മറുപടി നൽകിയിട്ടുണ്ട്. ആയത് ചുവടെ ചേർത്തിരിക്കുന്നു.

1) 2001-02 വർഷത്തിൽ ടി പ്രൊജക്ടിൽ ഉൾപ്പെടുത്തിയ 50,000/- രൂപയിൽ ഡി.ഡി കമ്മീഷൻ കഴിച്ചുള്ള ബാക്കി 49,875/- രൂപ കേരളാ ഫീഡ്സിലെ ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി. ടി പദ്ധതിക്ക് ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ട കർഷകർ താല്പര്യമെടുക്കാത്തതിനാൽ ടി വർഷം പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. എസ്.012/05 നമ്പർ പ്രൊജക്ടിൽ ഉൾപ്പെടുത്തി 2005-06 വർഷത്തിൽ 2,77,824/- രൂപയുടെ കന്നുകുട്ടി പരിപാലന പദ്ധതി വടകര കടത്തനാട് പാൽ സഹകരണ സംഘം മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ടി തുകയിൽ കേരള ഫീഡ്സിൽ ഡെപ്പോസിറ്റ് ചെയ്ത 49,875/- രൂപയും ഉൾപ്പെടുന്നുണ്ട്.
2) ഈ പ്രൊജക്ട് നടപ്പിലാക്കിയത് 'കന്നുകുട്ടി പരിപാലന പദ്ധതി

| | | | | |
|---|---|---|---|---|
| | | 21-1-8 | | മൃഗസംരക്ഷണ അസിസ്റ്റന്റ് ഡയറക്ടർ മുഖേനയാണ്. ടി ഉദ്യോഗസ്ഥൻ പ്രസ്തുത പ്രൊജക്ട് നടപ്പിലാക്കിയത് സംബന്ധിച്ച് ടി പ്രൊജക്ടിന്റെ ഇംപ്ലിമെന്റിംഗ് ഓഫീസറായിരുന്ന ഡോ.എൻ.മോഹനന് അയച്ച് [illegible] |
| | | | | 94-95 ഓഡിറ്റ് ഖണ്ഡിക 23 പ്രകാരമുള്ള ക്രമ നമ്പർ 6,7,9,11,12,13,14,15,16ൽ പരാമർശിക്കുന്ന താഴെകൊടുത്ത അളവ്പുസ്തകങ്ങൾ 19.6.2009ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് പരിശോധനക്ക് അയച്ചുകൊടുത്തിട്ടുണ്ട്<br>1.4/92-93 5. 16/93-94<br>2. 6/92-93 6. 3/94-95<br>3. 1/94-95 7. 8/94-95<br>4. 18/90-91 8. 6/94-95 |
| | | 21-1-7 | | 145710/- രൂപയിൽ ഇതുവരെ 116500/- രൂപ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്. ബാക്കി തുക അഡ്ജസ്റ്റ് ചെയ്യുന്നതിന് ബന്ധപ്പെട്ട ജീവനക്കാർക്ക് മെമ്മോ നൽകിയിട്ടുണ്ട്. [illegible] |
| | | 21-1-8 | | മൊത്തം 2772721/- രൂപയുടെ വൗച്ചറുകളിൽ 3,97,719/- രൂപയുടെ വൗച്ചറുകൾ ഒഴികെ 49 വൗച്ചറുകൾ ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനയ്ക്ക് 23.6.09ന് നൽകിയ വിവരം റിപ്പോർട്ട് ചെയ്യുന്നു. കണ്ടെത്താൻ ബാക്കിയുള്ള വൗച്ചറുകൾ അടിയന്തിരമായി കണ്ടെത്തി ഓഡിറ്റ് വിഭാഗത്തിന് പരിശോധനയ്ക്ക് നൽകുന്നതാണെന്ന വിവരവും അറിയിക്കുന്നു. |
| | | 21-1-9 | | വടകര നഗരസഭയുടെ 2000-01 ജനകീയാസൂത്രണ പദ്ധതിയിൽ 35/2001 നമ്പർ പ്രൊജക്ട് പ്രകാരം കടത്തനാട് വ്യവസായ സഹകരണ സംഘത്തിന് അടിസ്ഥാന സൗകര്യമൊരുക്കി 15 വനിതകൾക്ക് തൊഴിൽ നൽകുന്നതിന് ഒരു ലക്ഷം രൂപ ഇംപ്ലിമെന്റിംഗ് ഓഫീസറായ വ്യവസായ വികസന ഓഫീസർക്ക് നൽകിയിരുന്നു. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിന് 29.05.08ലും 19.09.08ലും ടി സൊസൈറ്റിക്ക് രേഖാമൂലം ആവശ്യപ്പെട്ടിരുന്നെങ്കിലും ആദ്യം അയച്ച കത്ത് സൊസൈറ്റി പൂട്ടിക്കിടന്നതിനാൽ തിരിച്ച് വരികയുണ്ടായെന്നും ഇപ്പോൾ സംഘത്തിൽ ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും നഗരസഭ അനുവദിച്ച സഹായധനം ക്രമാനുസൃതം ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും ബന്ധപ്പെട്ട രേഖകൾ നേരത്തെ ഹാജരാക്കിയിട്ടുണ്ടെന്നും സംഘത്തിൽ ജോലിക്കാരില്ലാത്തതിനാൽ പുതിയ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി [illegible] കളും പഴയ അനുബന്ധ |

| | | | | |
|---|---|---|---|---|
| 10 | | | | ... പ്രയാസമുണ്ടെന്നും കമ്മിറ്റിയുടെ ചെയർമാൻ അറിയിച്ചതായി വ്യവസായ വികസന ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘം സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലെന്നും നേരത്തെ ഹാജരാക്കി എന്നു പറയുന്ന രേഖകളുടെ പകർപ്പ് ഉടൻതന്നെ ഹാജരാക്കണമെന്നും അല്ലാത്തപക്ഷം തുക തിരിച്ച് പിടിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ചെയർമാനെ അറിയിച്ചിട്ടുണ്ടെന്നു സംഘം സമർപ്പിച്ചതായി പറയുന്ന രേഖകളൊന്നും തന്നെ ഫയലിൽ ഇല്ലെന്നും വ്യവസായ വികസന ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. [illegible] |
| | | 21-1-10 | | ചുള്ളിയിൽ പാലം പണിയുമായി ബന്ധപ്പെട്ട ഇ1-17596/98 നമ്പർ ഫയലും അള പുസ്തകവും ഓഡിറ്റ് വിഭാഗത്തിന് 19.6.2009ന് പരിശോധനയ്ക്ക് നൽകിയിട്ടുണ്ട് |
| | | 3-21-2 | | വടകര നഗരസഭാ പ്രദേശങ്ങളായ പാക്കയിൽ പ്രദേശത്തെയും പുറങ്കര പ്രദേശത്തെയും തമ്മിൽ വേർതിരിക്കുന്ന പുഴക്ക് കുറുകെയാണ് കുഞ്ഞിരാമൻ വക്കീൽപാലം നിർമ്മിച്ചിട്ടുള്ളത്. മൂരാട് പുഴ അറബിക്കടലിലേയ്ക്ക് ചേരുന്നതിന് തൊട്ട് വടക്ക് ഭാഗത്തുള്ള ഒരു കൈപ്പുഴയാണ് ഇത്.<br><br>കടലിനോട് ചേർന്ന് കിടക്കുന്നതിനാൽ വേലിയേറ്റവും ഇറക്കവും ഉണ്ടാകുന്ന ഭാഗമായതിനാൽ നഗരസഭ ഭീമമായ തുക ചിലവഴിച്ച് ഇവിടെ കടത്ത് തോണി ഏർപ്പാട് ചെയ്താണ് ജനങ്ങളുടെ യാത്രാക്ലേശം പരിഹരിച്ചിരുന്നത്. പാക്കയിൽ പ്രദേശത്ത് കള്ളിതോടുകൾ നിറഞ്ഞതും ഉപ്പുവെള്ളം കയറുന്ന തോടുകൾ നിരവധി ഉള്ളതിനാലും അവിടുത്തുകാർ ശുദ്ധജലത്തിന് പുറങ്കര പ്രദേശത്തുള്ള കിണറുകളെയാണ് ആശ്രയിച്ചിരുന്നത്.<br><br>കേരളത്തിലെ ടൂറിസം ഭൂപടത്തിലെ പ്രധാന സ്ഥലമായ സാന്റ് ബാങ്ക്സും ബംഗ്ലാവും സ്ഥിതിചെയ്യുന്ന പുറങ്കര പ്രദേശത്തേക്കുള്ള എളുപ്പവഴിയാണ് കുഞ്ഞിരാമൻ വക്കീൽപ്പാലം.<br><br>ഈ പ്രദേശങ്ങളെ തമ്മിൽ യോജിപ്പിച്ച് കൊണ്ടുണ്ടായിരുന്ന മരപ്പാലം (കുഞ്ഞിരാമൻവക്കീൽപാലം) വളരെക്കാലം മുമ്പ് വേലിയേറ്റത്തിലും കാലപ്പഴക്കത്തിലും നശിച്ചപ്പോൾ മുതൽ ഇവിടെ ഒരു പാലം പണിയാൻ നഗരസഭ തീരുമാനിച്ചിരുന്നെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം |

| | | | | |
|---|---|---|---|---|
| | | | | നടപ്പിലാക്കാൻ കഴിയാതെ വരികയാണ് ഉണ്ടായത്.<br><br>തുടർന്ന് നഗരസഭാ കൗൺസിൽ ദീർഘവീക്ഷണത്തോടെ ഇരുവശത്തേയ ഗതാഗത സൗകര്യവും കാൽ നടക്കാർക്ക് നടപ്പാതയും ഉൾപ്പടെയുള്ള ഒരു പാല ഡിസൈൻ ചെയ്യാൻ കോഴിക്കോട് ആർ.ഇ.സിയെ ചുമതലപ്പെടുത്തി. ആർ.ഇ.സിയുടെ സിവിൽ എഞ്ചിനിയറിംഗ് വിഭാഗം 60 മീറ്റർ വീതിയുള്ള പുഴക്ക 3 സ്പാനുകളിലായി 7.80 മീറ്റർ വീതിയുള്ള പാലം ഡിസൈൻ ചെയ്ത് തരികയാണ് ഉണ്ടായത്. ഈ ഡിസൈനിന് നഗരസഭാ കൺസിലിന്റെ അനുമത ലഭിച്ചിരുന്നു. ഈ പാലത്തിന്റെ നിർമ്മാണം പൂർത്തിയായപ്പോൾ പുറങ്കര പ്രദേശത്തുള്ള സാന്റ്ബാങ്ക്സും അഴിമുഖവും കൂടാതെ കരയിൽ നിന്ന് ഉദ്ദേശം കി അകലെയുള്ള വെള്ളിയാങ്കല്ലും ടൂറിസം ഭൂപടത്തിൽ പ്രധാന സ്ഥാനം പിടിക്കാൻ ഇടയായിട്ടുണ്ട്.<br><br>1996ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം 1850000/- രൂപ ചിലവ് വരുന്ന എസ്റ്റിമേറ്റിനാണ് എം.എൽ.ടി.സി സങ്കേതികാനുമതി നൽകിയിരുന്നത്. ഈ പ്രവൃത്തി ടെണ്ടർ ചെയ്തപ്പോൾ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി 160% അധിക നിരക്കിൽ ടെണ്ടർ ചെയ്തത് നെഗോഷിയേറ്റ് ചെയ്തപ്പോൾ 157% ആയികുറക്കുകയും ആയത് സർക്കാറിന്റെ അംഗീകാരത്തി അയച്ചപ്പോൾ സർക്കാർ 60% ആയി കുറയ്ക്കുകയു ചെയ്തു. പ്രസ്തുത നിരക്കിൽ സൊസൈറ്റി പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ 23.02.99ന് ചേർന്ന കൗൺസിൽ യോഗം പ്രസ്തുത പ്രവൃത്തി ഡിപ്പാർട്ട്മെന്റലായി ചെയ്യാൻ തീരുമാനിച്ചു. തുടർന്ന് പൈലിംഗ് പ്രവൃത്തി ആരംഭിക്കുകയും അംഗീകരിച്ച ഡിസൈൻ പ്രകാരം പൈലിംഗ് ചെയ്തപ്പോൾ ഐ.ആർ.സി. ക്ലാസ് എ പ്രകാരം ആവശ്യമായ പൈലിംഗ് ബലം ലഭ്യമല്ലാത്തതിനാൽ പ്രസ്തുത വിവരം ഡിസൈൻ തയ്യാറാക്കിയ കോഴിക്കോട് ആർ.ഇ.സി യിൽ റിപ്പോർട്ട് ചെയ്യുകയും പൈലുകളുടെ എണ്ണം കൂട്ടി റീ ഡിസൈൻ ചെയ്യുകയും ചെയ്തു. 1850000/-രൂപ മതിപ്പ് ചിലവ് വന്ന ഇത്തരത്തിലുള്ള പാലം നിർമ്മാണത്തിനാവശ്യമായ പ്രൊവിഷൻ നൽകിയിരുന്നില്ല. പൈൽ അടിക്കുന്നതിന് ബണ്ട് നിർമ്മാണത്തിന് നാമമാത്രമായ തുക മാത്രമെ വകയിരുത്തിയിരുന്നുള്ളു<br><br>' അഴിമുഖത്തിന് അടുത്തായി വരുന്ന നിർമ്മാണ സ്ഥലത്ത് ശക്തിയായ വേലിയേറ്റവും വേലിയിറക്കവും അനുഭവപ്പെടുന്ന സ്ഥലമായതിനാൽ വെള്ളത്തിന്റെ ഒഴുക്ക് നിയന്ത്രിക്കുന്നതിന് ശക്തിയുള്ള റിംഗ് ബണ്ടുകൾ നിർമ്മാണ സമയത്ത് ആവശ്യമായി വരികയുണ്ടായി. കൂടാതെ ഉപ്പ്വെള്ളത്തിെ ആധിക്യമുള്ള സ്ഥലമായതിനാൽ പൈൽ, പൈൽക്യാപ് എന്നിവയ്ക്ക് ഉപ്പിനെ പ്രതിരോധിക്കുന്നതിന് ശേഷിയുള്ള എസ്.ആർ സിമന്റ് ഉപയോഗിക്കുകയും ആയത് ഉപയോഗിക്കാൻ എം.എൽ.ടി.സി നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ഒ.പി.സി സിമന്റ് ഉപയോഗിക്കുന്നതിന് നിരക്ക് രേഖപ്പെടുത്തിക്കൊണ്ടുള്ള എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അതേ കമ്മിറ്റി തന്നെയാണ് എസ്.ആർ സിമന്റ് ഉപയോഗിക്കാൻ നിരദ്ദേശിച്ചിട്ടുള്ളത്. Pir Abertement എന്നിവയുടെ കോൺക്രീറ്റ് റേഷ്യോ റിവൈസ്ഡ് ഡിസൈനിൽ എഞ്ചിനിയറിംഗ് കോളേജ് |

| | | | | |
|---|---|---|---|---|
| | | | | അധികൃതർ നിർദ്ദേശിച്ചത്. തുക വർദ്ധിക്കാൻ ഇടയാക്കിയിട്ടുണ്ട്. കൂടാതെ പാലത്തിന് ആദ്യമുണ്ടാക്കിയ എസ്റ്റിമേറ്റിൽ ഇത്തരത്തിലുള്ള പാലത്തിന് ആവശ്യമായ ബലമുള്ള Centreing,Frame work എന്നിവ ഉൾപ്പെടുത്തിയിരുന്നില്ല.<br><br>പുഴയുടെ അടിവശം 3 മീറ്ററോളം താഴ്ചയിൽ ചെളി ആയതിനാൽ കോക്കന പൈൽ അടിച്ച് അടിഭാഗം ഉറപ്പിക്കുകയും ആയതിന്റെ മുകളിലായി മരത്തിന്റെ ബീമുകൾ സ്ഥാപിച്ച് അതിനു മുകളിലായി കനമേറിയ പലകകൾ വിരിച്ച് ആയതിന് മുകളിലായി വണ്ണംകൂടിയ ചവോക്കിൻ കാലുകളും നിശ്ചിത ഉയരത്തിന് ശേഷം വീണ്ടും ഇത്തരത്തിലുള്ള സ്റ്റേജ് അടിച്ച് വീണ്ടും താങ്ങ് കൊടുത്ത് കൊണ്ടാണ് പാലത്തിന്റെ നിർമ്മാണം നടത്തിയിട്ടുള്ളത്. ഇതുചില വർദ്ധിക്കാൻ കാരണമായിട്ടുണ്ട്.<br><br>ഈ നിർമ്മാണത്തിന് ആവശ്യമായ മെറ്റീരിയൽസ് പത്രപ്പരസ്യം നൽകി ക്വട്ടേഷൻ വിളിക്കുകയും ഏറ്റവും കുറഞ്ഞ നിരക്കുകൾ കൗൺസിൽ അംഗീകരിക്കുകയും ആയത് കരാർ ഉടമ്പടി വെക്കുകയും ചെയ്തത് പ്രകാരമാ മെറ്റിരിയൽസ് സപ്ലൈ ചെയ്തിട്ടുള്ളത്. സിമന്റ്, സ്റ്റീൽ എന്നിവ സർക്കാർ സ്ഥാപനങ്ങളായ മലബാർ സിമന്റ്സ്, സ്റ്റീൽ കോംപ്ലക്സ് എന്നിവയാണ് സപ്ലൈ ചെയ്തിട്ടുള്ളത്.<br><br>പൈൽ അടിക്കുന്നതൊഴികെ ബാക്കി പ്രവൃത്തികൾ എല്ലാം പീസ വർക്ക് കോൺട്രാക്ട്, ലേബർ കോൺട്രാക്ട് എന്നിവ പ്രകാരം വ്യാപകമായ പത്ര പരസ്യം വഴി ടെണ്ടറുകളും ക്വട്ടേഷനുകളും വിളിച്ചാണ് ചെയ്തിട്ടുള്ളത്. കൗൺസിലിന്റെ സ്പഷ്ടമായ താല്പര്യ പ്രകാരമാണ് നഗരസഭയുടെ ചിരകാല അഭിലാഷമായ കുഞ്ഞിരാമൻ വക്കീൽപാലം പ്രവർത്തിയുദ്ധ കാലാടിസ്ഥാനത്തിൽ പൂർത്തികരിക്കുകയും ഉദ്ഘാടനം ചെയ്യപ്പെടുകയും ചെയ്തത്.<br><br>പുതുക്കിയ എസ്റ്റിമേറ്റിന് 15.03.05ന് ചേർന്ന കൗൺസിൽ യോഗം 15–ാം നമ്പറായി ഐക്യകണ്ഠ്യേന അംഗീകാരം നൽകിയും ചെയ്തിട്ടുണ്ട്. 7,8,9, വാർഡുകളിലെ ജനങ്ങളു വാർഡ് കൗൺസിലർമാരും നഗരസഭ ചെയർമാൻ, വാർക്സ് കമ്മിറ്റി ചെയർമാൻ, എം.എൽ.ടി.സി ചെയർമാൻ എന്നിവരടങ്ങുന്ന കമ്മിറ്റിയുടെ നിരന്തരമായ മേൽ നോട്ടത്തിലാണ് ആദ്യാവസാനം പ്രവർത്തി നടന്നത്.<br><br>എസ്റ്റിമേറ്റ് സംഖ്യയേക്കാൾ 40% വർദ്ധനവ് സർക്കാറിന്റെ 23.10.98ലെ ജി.ഒ.(പി)218/98 എൽ.എ.ഡി ഉത്തരവ് അനുസരിച്ചിട്ടുള്ളതാണ്. റീവൈസ്ഡ് എസ്റ്റിമേറ്റ് സംഖ്യയേക്കാൾ 40% വരദ്ധനവ് ഈ നിർമ്മാണത്തിന് വന്നിട്ടില്ലാത്തതാണ്. റീവൈസ്ഡ് എസ്റ്റിമെറ്റ് ക്രമാതിതമായി വർദ്ധനവ് വന്നതിനാൽ ഡി.എൽ.ടി.സി ക്ക് അംഗീകാരം നൽകാൻ നിർവാഹമില്ലാത്തിനാ പ്രസ്തുത കാര്യം സർക്കാർ തലത്തിലുള്ള കമ്മിറ്റിയുടെ മുമ്പാകെ വെക്കുകയു ആയതിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 11<br>11 | | 3-21-3 | | സംസ്ഥാന ആസൂത്രണ ബോർഡിന്റെ 31.03.2004ലെ 2200/2003/ഇ.പി/എസ്.പി.ബി നമ്പർ ഉത്തരവ് പ്രകാരം സാങ്കേതികാനുമതി നേടാതെ നിർമ്മാണം നടത്തിയത് പ്രകാരമുള്ള നടപടിയെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി സാധൂകരണ നൽകിയിട്ടുള്ളതാണ്.<br><br>വടകര നഗരസഭാ കൗൺസിലിന്റെ 21.03.2000ലെ യോഗത്തിൽ 25-ാം നമ്പര പ്രകാരം കുഞ്ഞിരാമൻ വക്കീൽ പാലത്തിന്റെ അപ്രോച്ച് റോഡ് അടിയന്തിരമാ പൂർത്തിയാക്കേണ്ടത് പൊതുജന താല്പര്യത്തിന് അത്യന്താപേക്ഷിതമായതിനാ ഭൂമിക്ക് കലക്ടർ നിശ്ചയിച്ച വിലയുടെ 30% അധിക നിരക്കിൽ കക്ഷികൾക്ക് തുക നൽകി സ്ഥലം മുൻകൂർ എടുക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് അപ്രകാരം ഭൂമി കരസ്ഥമാക്കിയിട്ടുള്ളത്. കലക്ടർ നിശ്ചയിച്ച വില 30% വരെ വർദ്ധിപ്പിക്കുന്നതിന് കൗൺസിലിന് നിയമപരമായി അധികാരമുള്ളതിനാലാണ് ടി തുക അനുവദിച്ചതെന്ന് റിപ്പോർട്ട് ചെയ്യുന്നു.<br><br>നിലവിൽ നഗരസഭയുടെ കീഴിൽ 674 പൊതു ടാപ്പുകളാണ് ഉള്ളത്. അവയിലൂ ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് കണക്കാക്കുന്നതിനും കേടായതും ഉപയോഗിക്കാത്തതുമായ ടാപ്പുകൾ പരിശോധിച്ച് ആവശ്യമല്ലാത്തവ ഡിസ്കണക്ട് ചെയ്യുന്നതിനും വേണ്ടി കെ.ഡബ്ളിയു.എ അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വരികയാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട [illegible]/61 നമ്പർ ഫയൽ ഓഡിറ്റ് വിഭാഗത്തി പരിശോധനക്കായി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| 12 | | 3-21-4 | | 2000-2001 അസസ്മെന്റ് രജിസ്ട്രർ പ്രകാരം നികുതി ചുമത്തിയ റിപ്പോർട്ടിൽ സൂചിപ്പിച്ചത് പ്രകാരമുള്ള 84081 രൂപയിൽ 67852 രൂപ പിരിച്ചെടുത്തിട്ടുണ്ട്. ബാക്കി സംഖ്യ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നികുതി പിരിച്ചെടുത്തത് സംബന്ധിച്ച വിശദാംശങ്ങൾ 3.7.09ൽ ഓഡിറ്റ് വിഭാഗത്തിന് ഹാജരാക്കിയ വിവരം റിപ്പോർട്ട് ചെയ്യുന്നു. |
| 13 | | 3-21-5 | | പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഓഫീസറായ ഫിഷറീസ് സബ് ഇൻസ്പെക്ടർ നൽകിയ വിശദീകരണം തഴെ കൊടുത്തിരിക്കുന്നു.<br>1. ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിലെ അപാകതകൾ കാരണം ആകെ 3 ഗുണഭോക്താക്കളിൽ 3 കുട്ടികൾ ഉൾപ്പെടുന്നു എന്ന പരാമർശം.<br>മത്സ്യബന്ധന സീസണിൽ മാത്രം തൊഴിൽ ലഭിക്കുന്ന മത്സ്യതൊഴിലാളി കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ മോശമാണ്. ആസ്ഥിതിക്ക് പരിഹാരം കാണാൻ അവരുടെ വീടുകളിലെ വീട്ടമ്മമാരും മറ്റ് തൊഴിലില്ലാത്തവരുമായ വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഉപകരിക്കുന്ന ഒരു ഉപതൊഴിൽ പരിശീലന പദ്ധതിയായിട്ടാണ് ഇതു വിഭാവന ചെയ്തത്. ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിൽ മൂന്ന് പെൺകുട്ടികൾ (പ്രായപൂർത്തിയാകാത്തവർ) ഉൾപ്പെട്ടിട്ടുണ്ട് എന്ന പരാമർശത്തിൽ ഒരാൾ പ്രാ പൂർത്തിയായിട്ടുള്ളതാണ്. രണ്ട് പേർക്ക് പ്രായപൂർത്തിയായിട്ടില്ല എന്ന കാര്യ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഇങ്ങനെ സംഭവിക്കാനുള്ള കാരണം ഈ രണ്ട് കുട്ടികളും തീരെ ദരിദ്രരും അവശത അനുഭവിക്കുന്ന കുടുംബങ്ങളിലെ അംഗങ്ങളുമാണ്. ഇതിൽ ഒരു കുട്ടിയുടെ പിതാവ് മാറാരോഗം ബാധിച്ച് (ക്യാൻസർ) ചികിത്സയിലായിരുന്നു. ആ കുടുംബത്തിന് ഈ കുട്ടിയുടെ തൊഴിൽ പരിശീലനവും സ്റ്റൈപ്പന്റും ഒരു താങ്ങാവും എന്ന് കരുതിയിട്ടാണ് ഇവരെ തിരഞ്ഞെടുത്ത്. ഇവരുടെ എസ്.എസ്.എൽ.സി ബുക്കിലെ ജനനതിയ്യതി താഴെ കൊടുത്തിരിക്കുന്നു.<br>1) സിന്ധു മുരുകൻ വളപ്പിൽമീത്തൽ 10.04.82 (19 വയസ്സ്)<br>2) അനില അബ്ദുറഹിമാൻ വട്ടക്കണ്ടി 21.4.84 (17 വയസ്സ്)<br>3) സുബിന ദാമു പടയന്റവിട 09.05.85 (16 വയസ്സ്)<br><br>2) പരിശീലനത്തിന് ഉപകരാർ നൽകി എന്ന പരാമർശം |

| | | | | |
|---|---|---|---|---|
| 14 | | 3-21-6 | | മലബാർ മത്സ്യ മേഖലയുടെയും മത്സ്യതൊഴിലാളികളുടെയും ഉന്നമനത്തിനായി കഴിഞ്ഞ കുറെ വർഷങ്ങളായി പ്രവർത്തിച്ച് വരുന്ന മലബാർ തീരദേശ പരിശീലന കേന്ദ്രം (മിത്ര) എന്ന സ്ഥാപനമാണ് ഈ പരിശീലന പരിപാടി നടപ്പിലാക്കാൻ സഹകരിച്ചത്. അവരുമായി സഹകരിച്ച് പോരുന്ന ഒ സ്ഥാപനമായ വയനാട്ടിലെ " ഉറവ് " എന്ന സ്ഥാപനം ദേശീയ തലത്തിൽ വരെ പ്രശസ്തമായ ഒരു പരിസ്ഥിതി പരിപാലന പഠന സംഘവും മുളകൾ കൊണ്ടു കരകൗശല നിർമ്മാണ യൂണിറ്റുമാണ് ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് ഇത്.<br><br>3) ഗുണഭോക്താക്കൾ പരിശീലന കേന്ദ്രത്തിൽ ഹാജരായി തൃപ്തികരമായി പരിശീലനം പൂർത്തിയാക്കിയതിന് തെളിവില്ല എന്ന പരാമർശം.<br>ഗുണഭോക്താക്കൾ കൃത്യമായി പരിശീലനം പൂർത്തിയാക്കിയതിന്റെ ഹാജർ പട്ടികയും മിത്ര നൽകിയ സർട്ടിഫിക്കറ്റും സൂക്ഷിച്ച് വെച്ചിട്ടുണ്ട്.<br>4) പരിശീലകർ നിർമ്മിച്ച ഉൽപ്പന്നങ്ങൾ വിറ്റഴിച്ചിട്ടില്ല എന്ന പരാമർശം.<br>പരിശീലകർ പരിശീലന സമയത്ത് നിർമ്മിച്ച ഉല്പന്നങ്ങൾ വിറ്റതിന് മോണിറ്ററിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ശ്രമം നടത്തിയിരുന്നു എങ്കിലും പരിശീലന സമയത്ത് നിർമ്മിച്ച ഉല്പന്നങ്ങളായതിനാലും ഗുണമേന്മ കുറഞ്ഞതിനാലും വിറ്റഴിക്കാൻ കഴിയാത്തതായിരുന്ന നിർമ്മിച്ച ഉല്പന്നങ്ങൾ സൂക്ഷിച്ച് വച്ചിട്ടുണ്ട്.<br><br>മാലിന്യ സംസ്കരണി പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഓഫീസറായ സൂപ്രണ്ട് ഗ ഹോസ്പിറ്റൽ വടകര എന്നവർ ടി ഓഡിറ്റ് പരാമർശത്തിന് നൽകിയ വിശദീകരണം താഴെ കൊടുത്തിരിക്കുന്നു.<br><br>വടകര താലൂക്ക് ആശുപത്രിയിൽ ഇൻസിനേറ്റർ സ്ഥാപിക്കുന്നതിനുള്ള ടെണ്ടറിൽ രേഖപ്പെടുത്തിയതും വിതരണം ചെയ്ത സാധനങ്ങളുടെ ഇൻവോയിസ് തുകയുടെ (345000 രൂപ) 50% അതായത് 172500രൂപ മാത്രമാണ് കമ്പനിക്ക് 29.12.2000ൽ നൽകിയത് ബാക്കി തുക ഇതുവരെയും കമ്പനിക്ക് നൽകിയിട്ടില്ലെന്ന് അറിയിക്കുന്നു.<br><br>ഇൻസിനേറ്റർ സ്ഥാപിക്കാൻ ടെണ്ടർ ലഭിച്ച ടെണ്ടർ ലഭിച്ച പൈറോലേറ്റർ ആന്റ് പൈറോലേറ്റർ എന്ന കമ്പനി വർക്ക് തുടങ്ങാത്തതിനാൽ അവർക്കെതിരെ നടപടികൾ തുടർന്നു വരികയാണ്. കമ്പനിക്കെതിരെ റവന്യൂ റിക്കവറി നടപടികൾ എടുക്കുന്നതിന് ബഹു. കോഴിക്കോട് ജില്ലാ കളക്ടർക്ക് അയക്കുകയും തുടർന്ന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അയക്കുകയും ചെയ്തു. തിരുവനന്തപുരം ജില്ലാ കളക്ടർ തിരുവനന്തപുരം റവന്യൂ റിക്കവറി തഹസിൽ ദാർക്ക് തുടർ നടപടികൾക്കായി അയക്കുകയും ചെയ്തെങ്കിലും ഇതുവരെയായും ഒരു നടപടിയും എടുത്തതായി കാണുന്നില്ല. തുടർന്ന് പൈറോലേറ്റർ ആന്റ് പൈറോലേറ്റർ എന്ന കമ്പനിയുടെ കേന്ദ്ര ആസ്ഥാനമായ പനഗുഡി ഉൾപ്പെടുന്ന തിരുനെൽവേലി ജില്ലാ കളക്ടർക്ക് കമ്പനിക്കെതിരെ |

| | | | | |
|---|---|---|---|---|
| | | | | നടപടികൾ സ്വീകരിക്കുന്നതിനായി കത്ത് അയക്കുകയും കൂടാതെ കമ്പനിക്കെതിരെ പോലീസ് കേസ് ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ എടുക്കുമെന്ന് കാണിച്ച് കമ്പനിക്കും രജിസ്ട്രേഡ് കത്ത് അയച്ചിരുന്നു. ബഹു. തിരുനെൽവേലി ജില്ലാ കളക്ടർ അധികാരികൾക്ക് നടപടികൾ എടുക്കുന്നതിനായി കത്ത് അയച്ചിട്ടുണ്ട്. ഈ സന്ദർഭത്തിൽ പൈറോലേറ്റർ ആ പൈറോലേറ്റർ സാധനം തിരിച്ചെടുത്ത് 172500/- രൂപ പലിശയില്ലാതെ തിരിച്ച് തരാൻ തയ്യാറാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ഇ.എം.ഡി. റിലീസ് ചെയ്യുന്നതുൾപ്പെടെയുള്ള ഏതാനും നിബന്ധനകൾ കമ്പനി മുന്നോട്ടുവെച്ചിട്ടുണ്ട്. പ്രസ്തുത കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി കമ്പനി ഉദ്യോഗസ്ഥരെ ആശുപത്രി വികസന സമിതി മുമ്പാകെ ഹാജരാകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>നഗരത്തിലെ സ്വകാര്യ ആശുപത്രികളുടെ സംഭാവനയായ 35000/- രൂപ ലഭിച്ചിട്ടില്ലെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. |

## വടകര നഗരസഭ

## ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട്

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേലുള്ള വടകര നഗരസഭ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക. ( Remedial Measures Taken Statement)

| ക്രമ നമ്പർ | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | | ഓഡിറ്റ് പരാമർശത്തിൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
| 4<br>25(1) | 2006–2007 | 2002–03 ചെലവ് ഖണ്ഡിക 4–6 | | 12.1.98ൽ കരാറുകാരൻ ടാറിങ്ങ് നടത്തുന്നതിന് ടാർ ആവശ്യപ്പെട്ട് കത്ത് നൽകുകയും 19.1.98ന് ടാർ സ്റ്റോക്കില്ലെന്ന് സ്റ്റോർ ഓവർസീയർ റിപ്പോർട്ട് നൽകുകയും ചെയ്ത വിവരങ്ങൾ ഫയലിൽ ലഭ്യമാണ്. ഇതിനിടക്ക് ബി.എസ്.എൻ.എൽ കേബിൾ പ്രവർത്തിക്കുവേണ്ടി റോഡ് കുഴിക്കുകയും തുടർന്ന് മെറ്റൽ ഇളകിയതായും കുത്തനെയുള്ള റോഡായതിനാലും വീതി കുറവായതിനാലും മഴവെള്ളം കുത്തിയൊലിച്ച് റോഡ് തകർന്നതായും അന്നത്തെ വാർഡ് കൗൺസിലർ റിപ്പോർട്ട് ചെയ്തിന്റെ അടിസ്ഥാനത്തിലാണ് കൗൺസിൽ അംഗീകാരപ്രകാരം എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കിയത്. ഇതിനിടക്ക് പി.ഡബ്ല്യു.ഡി. നിരക്കുകൾ പുതുക്കുകയും കരാറുകാരൻ പുതുക്കിയ നിരക്ക് ആവശ്യപ്പെടുകയും ചെയ്തെങ്കിലും പഴയനിരക്കുമാത്രമാണ് അനുവദിച്ചിട്ടുള്ളത്. കേബിൾ കട്ടിംഗ് ചെയ്ത ഭാഗത്താണ് കരിങ്കൽ പാകിയിട്ടുള്ളത്. മനഃപൂർവ്വമല്ലാത്ത കാരണത്താൽ ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടായി എന്നുള്ളത് മാത്രമാണ് ഓഡിറ്റ് തടസ്സ പ്രകാരം നിലനിൽക്കുന്നത് ആയതിനാൽ മേപ്പടി തടസ്സം ഒഴിവാക്കണമെന്നും അപേക്ഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | | |
| 4<br>25(2) | 2006–2007 | എ.ആർ.<br>2002–03<br>ചെലവ്<br>ഖണ്ഡിക<br>5–2 | | വെള്ളക്കെട്ടുള്ള പ്രദേശമായതിനാൽ മഴ പെയ്ത സമയത്ത് മണ്ണിട്ട് നികത്തൽ നിർത്തിവെച്ചതായി നോട്ട് ഫയലിൽ ( പേജ്–4ൽ 27.9.2000) റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. അത്കൊണ്ട് തന്നെ ചതുപ്പു സ്ഥലമായ നാമായണ നഗരത്തിൽ റോളർ ഉപയോഗിച്ചുള്ള പ്രവർത്തി ചെയ്യാൻ കഴിയില്ലെന്ന് ബോദ്ധ്യപെടുന്നതാണ്. അത് കാരണമാണ് റോളർ ഉപയോഗിക്കാതെ പ്രവൃത്തി ചെയ്തതും അതിന് പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ നിരക്ക് പ്രകാരം ക്യു. മീറ്ററിന് 73.00 രൂപ വെച്ച് നിരക്ക് അനുവദിച്ചതും. ഗ്രൗണ്ട് നിർമ്മാണ കമ്മറ്റിയാണ് പ്രവൃത്തി ഏറ്റെടുത്ത് നടത്തിയത്. കമ്മറ്റിക്ക് യഥാർത്ഥത്തിൽ 995408/– രൂപയുടെ ചിലവ് വന്നിട്ടുണ്ടെങ്കിലും പി.ഡബ്ല്യു.ഡി. നിരക്കനുസരിച്ചുള്ള 680713/– രൂപ മാത്രമാണ് നഗരസഭ നൽകിയിട്ടുള്ളത്. അതുകൊണ്ടുതന്നെ നഗരസഭയ്ക്ക് ഇക്കാര്യത്തിൽ ബാദ്ധ്യതകളോ നഷ്ടങ്ങളോ ഒന്നും തന്നെ സംഭവിച്ചിട്ടില്ല. പ്രവർത്തി ഏറ്റെടുത്ത് കമ്മറ്റി ക്വട്ടേഷൻ വിളിച്ചതിലുള്ള നിരക്ക് വ്യത്യാസത്തിന് നഗരസഭക്ക് ഉത്തരവാദിത്വമില്ലെന്നും കമ്മറ്റിക്ക് വന്ന യഥാർത്ഥ ചിലവിലും 314696/– രൂപ കുറച്ച് നിയമാനുസൃത തുക മാത്രമെ നഗരസഭ നൽകിയിട്ടുള്ളുവെന്നും ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്നും അപേക്ഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| 4<br>25(3) | 2006–2007 | എ.ആർ.<br>2003–04<br>ചെലവ്<br>ഖണ്ഡിക<br>3–2 | | നഗരസഭ ഒടുക്കിയ തുകയ്ക്കുള്ള 31.3.2008 വരെയുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റ് ( ചാർട്ടേട് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്തത്) ഐ.കെ.എം ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അടക്കം ചെയ്യുന്നു.<br>1. 2000–2001 വർഷത്തെ ജനന മരണ രജിസ്ട്രേഷൻ ഡാറ്റ എൻട്രി പൂർത്തിയാക്കുകയും ആയത് സേവന സോഫ്റ്റ് വെയറിൽ ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. 2001 മുതല 2004 വർഷം വരെയുള്ള ഡാറ്റാ എൻട്രി പൂർത്തിയാക്കിയിട്ടുള്ളതാണ്. ആയതിന്റെ വെരിഫിക്കേഷൻ പൂർത്തിയാക്കി സോഫ്റ്റ് വെയറിലേക്ക് പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്. കൂടാതെ 2005 ജനുവരി മാസം മുതൽ ജൂൺ വരെയുള്ള ഡാറ്റാ എൻട്രി പുരോഗമിച്ച് വരികയുമാണ്. (2005 ജൂൺ മുതല സേവനയിൽ തന്നെയാണ് രജിസ്ട്രേഷൻ നടപടി സ്വീകരിച്ച് വരുന്നത്.<br>2. സേവന PDE, Sevena Civil Registration, Sevana Pension, Sankya, Sthapana, Sulekha, Hospital Kiosks എന്നി ആപ്ലിക്കേഷനുകൾ പൂർണമായി പ്രവൃത്തിക്കുന്നുണ്ട്. കൂടാതെ സംഖ്യ ആപ്ലിക്കേഷൻ പൂർണ്ണമായി പ്രവൃത്തിക്കുന്നുണ്ട്. കൂടാതെ സംഖ്യ ആപ്ലിക്കേഷൻ ഭാഗികമായും പ്രവർത്തന ക്ഷമമാണ്.<br>3,4,5,6 :– 2003– 2004 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പ് സഹിതം 27.2.2007ലെ ഇ2–1229/03 നമ്പർ കത്ത് പ്രകാരം ഐ.കെ.എം. എക്സി. മിഷൻ ഡയറക്ടർക്ക് കത്തയച്ചിട്ടുള്ളതാണ്. ആയത് പ്രകാരം ഐ.കെ.എം. ചെലവ് സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്. എന്നാൽ മറ്റ് വിഷയങ്ങളെ കുറിച്ചുള്ള മറുപടി ലഭിച്ചിട്ടില്ലാത്തതാണ്. ആയത് സംബന്ധിച്ച് ഓർമ്മക്കുറിപ്പും അയച്ചിട്ടുള്ളതാണ്. |

| | | | | |
|---|---|---|---|---|
| 4<br>25(4) | 2006–2007 | എ.ആർ. 2003–04 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് | | ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന ടി പദ്ധതിയുടെ കൺസഷനയർ ആയ ഹോളിഡെ സിറ്റി സെന്റർ (പ്രൈ.) ലിമിറ്റഡ് ടി തുക ഉൾപ്പെടെ 200000/– രൂപ ഒടുക്കിയിട്ടുള്ളതാണെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. (ചെക്ക് നമ്പർ 834276 തീയ്യതി 19.8.10 ഓഫ് കാത്തലിക് |

| | | | | |
|---|---|---|---|---|
| | | ഖണ്ഡിക 3–3 | | സിറിയൻ ബാങ്ക്, എറണാകുളം, രശീത് നമ്പർ 11001500021 തീയ്യതി. 26.8.10)<br><br>ടി ഹിന്ദു ദിനപത്രത്തിന്റെ ബില്ലിൽ 17 x 21 Sq.cm. എന്നും മനോരമ ദിനപത്രത്തിന്റെ ബില്ലിൽ 3 column x 21 cm. എന്നുമാണ് കാണിച്ചിരിക്കുന്നത് എന്നും ഒന്നാമത്തെ ബില്ലിൽ വീതി സെന്റിമീറ്ററിലും രണ്ടാമത്തെ ബില്ലിൽ കോളം വലിപ്പത്തിലും കാണിച്ചിട്ടുണ്ടെങ്കിലും രണ്ടും ഒരേ വലിപ്പമാണെന്നും റിപ്പോർട്ട് ചെയ്യുന്നു. |
| 4<br>25(5) | 2006–2007 | എ.ആർ. 2003–04<br>ഖണ്ഡിക 3–12 | | ടി പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കി വന്ന സമയത്ത് 11 മുതൽ 20 വരെയുള്ള ചെയ്യാതിരുന്ന ഇനങ്ങളിൽ പെട്ടതും അത്യാവശ്യവുമായ രണ്ടിനങ്ങൾ പിന്നീട് ചെയ്യാൻ നിർദേശിച്ചതനുസരിച്ച് ചെയ്യിക്കുകയും അളവുകൾ മറ്റൊരു മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തേണ്ടിവരികയും ചെയ്തതിനാലാണ് (എം.ബി. 10/99 ൽ) ആദ്യം തയ്യാറാക്കിയ ബിൽ സംക്ഷിപ്തം വെട്ടിമാറ്റി പുതിയ ബിൽ സംക്ഷിപ്തം തയ്യാറാക്കാൻ ഇടവന്നത് എന്ന വിവരം ബോധിപ്പിക്കുന്നു. പ്രവൃത്തി ചെയ്തതിനനുസരിച്ചുള്ള ബിൽ തുക മാത്രമേ നൽകിയിട്ടുള്ളത് എന്നും ആയതിനാൽ മേൽപ്പടി ഓഡിറ്റ് തടസ്സം ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | | |
| 4<br>25(6) | 2006–2007 | എ.ആർ.<br>2004–05<br>ഖണ്ഡിക<br>2–6 | | മേൽ ഖണ്ഡികയിൽ 626206/- രൂപ മാത്രമേ നിലവിൽ പിരിഞ്ഞുകിട്ടാൻ ശേഷിക്കുന്നുള്ളൂ. 2006–07 കാലം മുതൽ 2008–09 കാലംവരെ സർക്കാരിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ അടിസ്ഥാനത്തിൽ 90 ശതമാനം കുടിശിക തുകയും പിരിച്ചെടുത്തിട്ടുള്ളതാണ്. |
| 4<br>25(7) | 2006–2007 | എ.ആർ.<br>2004–05<br>ഡി.സി.ബി.<br>ഓഡിറ്റ്<br>റിപ്പോർട്ട്<br>ഖണ്ഡിക<br>2– 18 | | 1982–83 കാലം മുതൽ 2005–06 കാലം വരെ നഗരസഭയുടെ വാർഷിക കണക്കും ഡി.സി.ബി പത്രികയും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ ഏജൻസികളാണ് തയ്യാറാക്കിയത്. മേൽ പറഞ്ഞ ഏജൻസികൾ ബന്ധപ്പെട്ട രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കാതിരുന്നതിനാൽ നഗരസഭ ഫണ്ടിൽ വരവുവന്ന പല തുകകളും ബന്ധപ്പെട്ട രജിസ്റ്ററുകളിൽ യഥാവിധി രേഖപ്പെടുത്താതെ കുടിശികയായി കാണിക്കുകയാണ് ഉണ്ടായത്. ആയത് വർഷങ്ങളോളം ആവർത്തിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഭീമമായ തുക കുടിശികയായി |

| | | | | |
|---|---|---|---|---|
| | | | | ഡി.സി.ബി. പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 1982–83 കാലം മുതൽ 2005–06 കാലംവരെ നഗരസഭ അനുവദിച്ച വസ്തു നികുതി ഇളവ് ഇനത്തിലുള്ള ഭീമമായ തുക വസ്തുനികുതി ഡിമാന്റിൽ നിന്നും കുറവുചെയ്യാതെയാണ് ഡി.സി.ബി. പത്രിക തയ്യാറാക്കിയിരുന്നത്. നിലവിൽ 2004–05 കാലം വരെ 826206/– രൂപ മാത്രമേ പിരിഞ്ഞുകിട്ടാൻ ബാക്കിയുണ്ടായിരുന്നുള്ളൂ . ആയതിൽ 38594/– രൂപ 13.10.2010, 30.11.2010 എന്നീ തീയ്യതികളിൽ നഗരസഭാ ഫണ്ടിൽ വരവ് വന്നിട്ടുണ്ട്. കൂടാതെ ഏകദേശം 50 ഓളം കെട്ടിടങ്ങൾ എൻ.എച്ച്. ന് വേണ്ടി അക്വയർ ചെയ്തിട്ടുള്ളതും മേൽ കെട്ടിടങ്ങളുടെ നികുതി എഴുതി തള്ളുന്നതിന് വേണ്ടി ധനകാര്യ കമ്മറ്റി മുമ്പാകെ വെച്ചിട്ടുള്ളതുമാണ്.<br>Advertisement Tax, Show Tax, Entertinement Tax, Add. Entertinement tax എന്നീ 4 ഇനങ്ങളിൽ തുക പിരിഞ്ഞ് കിട്ടാൻ ബാക്കിയില്ല.<br>2000 – 01 കാലത്തെ ബസ് സ്റ്റാന്റ് ഫീ പിരിവ് ശ്രീ.എം.പി. ബഷീർ എന്നയാൾ ആണ്. 1411111/– തുകയ്ക്ക് ലേലം കൊണ്ടത്, നിലവിൽ ഉള്ളനിരക്കായ 10 രൂപയിൽ നിന്ന് നഗരസഭ "12" രൂപയാക്കി വർദ്ധിപ്പിച്ചിരുന്നു. എന്നാൽ ബസ്സ് ഉടമകൾ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി. 12864/2000 നമ്പർ കേസ്സിൽ 28.4.2000ലെ വിധിയുടെ തീർപ്പ് അനുസരിച്ച് ബസ്സ് ഉടമകളുമായി ചർച്ച നടത്തുകയും 1.4.2000 മുതൽ ബസ്സ് ഒന്നിന് 10% നിരക്കിൽ ഫീ ഈടാക്കുന്നതിന് തീരുമാനിച്ചു. ബസ്സ് നിരക്ക് കുറച്ച സാഹചര്യത്തിൽ ഡിമാന്റ് തുകയായ 1411111/– രൂപയിൽ നിന്ന് 235106/– രൂപ ഇളവു വരുത്തുവാൻ തീരുമാനിക്കുകയും ആയത് അംഗീകാരത്തിനായി സർക്കാർ അനുമതിക്കായി അപേക്ഷിക്കുകയും ചെയ്തിട്ടുള്ളതാണ്. സർക്കാരിൽ നിന്ന് ഇതുവരെ അനുമതിലഭ്യമായിട്ടില്ലാത്തതാണ് (1993–94 കാലത്തെ പിരിവുകാരനായിരുന്ന ശ്രീ. ആനന്ദ് ബാബു ബസ് സ്റ്റാന്റ് ഫീ പിരിക്കുന്നതിനുള്ള അവകാശം 382421/– രൂപയാക്കിയാണ് അനുവദിച്ചത്. |

| | | | | |
|---|---|---|---|---|
| | | | | ഇതിൽ 223085/- രൂപ കുടിശിക വരുത്തിയതിനാൽ മേല തുക പലിശ സഹിതം ഈടാക്കുന്നതിന് കേസ്സ് ഫയൽ ചെയ്യുകയും അതിനെ തുടർന്ന് പ്രസ്തുത തുക ഈടാക്കുന്നതിന് ഫയൽ ചെയ്ത ഇ.പി. 433/99 കേസ്സിന്റെ അടിസ്ഥാനത്തിൽ ചെക്ക് മുഖേന 18.9.2000ന് 45000/- 25.4.2001 35000/-രൂപ നഗരസഭയിൽ വരവ് വന്നിട്ടുണ്ട്. ബാക്കി തുക ഒടുക്കുന്നതിന് നടപടി സ്വീകരിച്ചതിൽ പിഴപലിശ ഒഴിവാക്കുന്നതിനും സർക്കാർ അനുമതിക്കുവേണ്ടി അപേക്ഷിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പിഴപലിശ ഒഴിവാക്കുന്നതിനും കൗൺസിൽ തീരുമാനിക്കുകയും മേൽ വിഷയം സർക്കാർ പരിഗണനയിലും ആണ്, ഇതുകൂടാതെ ടി വിഷയം സംബന്ധിച്ച് ഒ.പി. 1335/10 ആയി ഓംബുഡ്സ്മാൻ മുമ്പാകെ കേസ്സു നിലവിൽ ഉണ്ട്. കൂടാതെ 23085/- രൂപയും പിഴ പലിശയും മാത്രമേ ടിയാൻ നഗരസഭയിൽ ഒടുക്കാൻ ഉള്ളു.<br><br>4.25 -7 (3) 2000 മുതൽ 2009/10 വരെയുള്ള അരിയർ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 1991-92 മുതലുള്ള വാടക കുടിശികയിൽ 1255849/- രൂപ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കി തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നുണ്ട് |
| 4<br>25(8) | 2006-2007 | എ.ആർ.<br>2004-05<br>ഖണ്ഡിക<br>2- 19 | | വ്യവസായ എസ്റ്റേറ്റിലെ വ്യവസായ സംരംഭകരിൽ ആകെയുള്ള "17" പ്ലോട്ടുകളിൽ "3" പേർ ഒഴികെ ആരും കുടിശികക്കാരല്ല. "3" പേരുടെ പ്ലോട്ട് നമ്പർ 1,3,11 കുടിശിക സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ഭൂമി സെന്റിന് 30000/- രൂപ നില നിശ്ചയിച്ച് അനുവദിക്കുകയും അനുവദിച്ച ഭൂമിയുടെ വില ഒരു വർഷത്തിനുശേഷം 20 അർദ്ധവർഷ ഗഡുക്കളാക്കി ഒടുക്കേണ്ടത് വീഴ്ച വരുത്തുന്ന ഓരോ ഗഡുവിനും 8% പലിശ സംരംഭകൻ ഒടുക്കേണ്ടതാണ്. 8% പലിശ ആകെ |

| | | | | |
|---|---|---|---|---|
| | | | | ഒടുക്കേണ്ട സ്ഥലവിലക്കാണ് ഈടാക്കിയിരുന്നത്. പ്ലോട്ട് നമ്പർ 2,4,5,6,7,8,9,12,13,15 എന്നിങ്ങനെ "10" പ്ലോട്ടുകൾ മുഴുവൻ തുകയും ഒടുക്കിയതിന്റെ പ്ലോട്ടുകൾ രജിസ്റ്റർ ചെയ്യുന്നതിന് സർക്കാർ അനുമതിക്കുവേണ്ട നടപടി സ്വീകരിച്ചു വരുന്നുണ്ട്, 1,3,11 പ്ലോട്ടുകളുടെ കുടിശിക സംബന്ധിച്ച് ഒറ്റതവണയാക്കി തീർപ്പാക്കുന്നതിനുവേണ്ടി സർക്കാർ പരിഗണനയിലാണ്. 10,16,17 പ്ലോട്ടുകൾ 2009 വർഷത്തിൽ ആണ് അനുവദിച്ചത്. 14 പ്ലോട്ട് നിലവിൽ കുടിശിക ഇല്ലാത്തതാണ്. |

B. SARASWATHI AMMA
Additional Secretary to Govt.
Local Self Govt. Dept.
Secretariat